**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 26, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--417]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 1756 മുതൽ 1930 വരെ |
| ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി | : 1931 മുതൽ 2059 വരെ |
| ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി | : 2060 മുതൽ 2097 വരെ |
| തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി | : 2098 മുതൽ 2172 വരെ |

**<u>എറണാകുളം ജില്ലയിലെ എൽ.ഡി.വി. ഡ്രൈവർ-കം-ഒ.എ. റാങ്ക് ലിസ്റ്റ്</u>**

1756 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ എൽ.ഡി.വി.ഡ്രൈവർ-കം-ഒ.എ. റാങ്ക് ലിസ്റ്റ് (കാറ്റഗറി നമ്പർ: 019/2021) ന്റെ കാലാവധി സെപ്റ്റംബർ 23-ന് അവസാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിലെ ഇതേ തസ്തികയിലെ റാങ്ക് ലിസ്റ്റ് ദീർഘിപ്പിച്ചു നൽകിയ സാഹചര്യത്തിൽ, എറണാകുളം ജില്ലയിലെ റാങ്ക് ലിസ്റ്റ് കൂടി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജില്ലയിൽ വാഹനങ്ങൾ കണ്ടംനേഷൻ ചെയ്തതായി ചൂണ്ടിക്കാണിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇവർക്ക് ഒ.എ. കാറ്റഗറിയിൽ നിയമനം നടത്തുന്നതിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**മന്ത്രിമാർ നടത്തിയ വിദേശ യാത്രകൾ**

1757 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയും ഓരോ മന്ത്രിമാരും നടത്തിയ വിദേശയാത്രകളിൽ കുടുംബാംഗങ്ങൾ അനുഗമിച്ചിട്ടുണ്ടെങ്കിൽ അവരുടെ ചെലവുകൾ സർക്കാർ വഹിച്ചിട്ടുണ്ടോ?

**ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്ന നടപടികൾ**

1758 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21,2021-26 സർക്കാരുകളുടെ കാലയളവിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു; ഓരോന്നിന്റേയും വിശദാംശം വകുപ്പടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 2016-21,2021-26 സർക്കാരുകളുടെ കാലയളവിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചു; ഓരോന്നിന്റേയും വിശദാംശം വകുപ്പടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) 2016-21,2021-26 സർക്കാരുകളുടെ കാലയളവിൽ ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്ന എന്തെല്ലാം നടപടികളാണ് ഉണ്ടായിട്ടുള്ളത്;വ്യക്തമാക്കുമോ?

**നൂറുദിന കർമ്മ പരിപാടിയുടെ പുരോഗതി**

1759 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടിയുടെ ഇതുവരെയുള്ള പുരോഗതി വിശദമാക്കാമോ;

(ബി) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി എത്ര പദ്ധതികൾ ഇതിനകം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾക്കായി ആകെ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി വിവിധ വകുപ്പുകൾക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഓരോ വകുപ്പും കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

## <u>നൂറുദിന കർമ്മ പരിപാടി</u>

1760 **ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കിയവയിൽ ഭൂരിഭാഗവും മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചവയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നൂറുദിന കർമ്മ പരിപാടി നടപ്പിലാക്കിയപ്പോൾ നടത്തിപ്പ് പുരോഗതി വിലയിരുത്തുന്നതിനായി ഡാഷ് ബോർഡ് സജ്ജമാക്കിയിരുന്നോ; വിശദമാക്കാമോ;

(സി) നൂറുദിന പരിപാടിയുടെ തുടർച്ചയായി ഫയൽ അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ ഇ-ഫയലുകൾ ഉൾപ്പെടെ എത്ര ഫയലുകളാണ് സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ ഓഫീസുകളിലുമായി തീർപ്പാക്കാൻ അവശേഷിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ?

## <u>ആശ്രിതനിയമന പദ്ധതി പ്രകാരം ജോലി നൽകുന്നതിനുള്ള വരുമാന പരിധി</u>

1761 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസിലിരിക്കെ മരണപ്പെടുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിതനിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കുടുംബത്തിന്റെ വാർഷിക വരുമാനപരിധി എട്ട് ലക്ഷമായി നിജപ്പെടുത്തിയത് അർഹരായ നിരവധി പേർക്ക് ജോലി നിഷേധിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ, സർവ്വീസിലിരിക്കെ അപ്രതീക്ഷിതമായി മരണപ്പെടുന്ന, അപൂർവ്വമായി മാത്രമുള്ള ഇത്തരം സാഹചര്യങ്ങളിൽ മാനുഷിക പരിഗണന നൽകി കുടുംബത്തിന്റെ വാർഷിക വരുമാനപരിധി പൂർണമായി ഒഴിവാക്കുന്നതിനോ കാലാനുസൃതമായി വർധിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതികൾ</u>**

1762 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെട്ടിരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതികളും ഏതെല്ലാം വകുപ്പിന് കീഴിലുള്ളതാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നും നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ച ഭരണാനുമതിയുടെ നമ്പരും തീയതിയും വ്യക്തമാക്കാമോ;

**<u>ഫയൽ തീർപ്പാക്കൽ യജ്ഞം</u>**

1763 **ശ്രീ. വി. പി. സജീന്ദ്രൻ**
**ശ്രീ. മനോജ് മൂത്തേടൻ**
**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ തീർപ്പാകാത്ത ഫയലുകൾ തീർപ്പാക്കുന്നതിന് 2026 ഒക്ടോബർ 15 മുതൽ ഡിസംബർ 31 വരെ ജനസ്പർശം പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ദീർഘകാലമായി തീർപ്പാക്കാത്തവ, അടിയന്തര പ്രാധാന്യം നൽകേണ്ടവ എന്നിവയ്ക്ക് മുൻഗണന നൽകുമോയെന്നും താഴെത്തട്ടിൽ തീർപ്പാക്കാവുന്ന ഫയലുകൾ അവിടെത്തന്നെ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) ഫയൽ നീക്കവുമായി ബന്ധപ്പെട്ട സങ്കീർണ്ണതകൾ പരമാവധി കുറയ്ക്കാനും നടപടിക്രമങ്ങൾ ലഘൂകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

**മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ് എന്നിവർക്ക് ഔദ്യോഗികമായി അനുവദിച്ച വാഹനങ്ങൾ**

1764 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് ഔദ്യോഗികമായി അനുവദിച്ച വാഹനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; അവയുടെ വെഹിക്കിൾ നമ്പർ കെ.എസ്. നമ്പർ വെഹിക്കിൾ ടൈപ്പ് മോഡൽ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ്, എന്നിവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കോ ഓഫീസിലേക്കോ ടൂറിസം വകുപ്പ് ഔദ്യോഗികമായി അനുവദിച്ച വാഹനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ; അവയുടെ വെഹിക്കിൾ നമ്പർ വെഹിക്കിൾ ടൈപ്പ് മോഡൽ എന്നിവ ലഭ്യമാക്കാമോ?

**2021–2026 കാലയളവിൽ പ്രതിപക്ഷ നേതാവ് നടത്തിയ വിദേശയാത്രകൾ സംബന്ധിച്ച വിശദാംശങ്ങൾ**

1765 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ പ്രതിപക്ഷ നേതാവ് നടത്തിയ വിദേശ യാത്രകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സന്ദർശനങ്ങളുടെ ചെലവ് വഹിച്ചത് ആരാണ്; യാത്രകളിൽ പ്രതിപക്ഷ നേതാവിനെ ആരെല്ലാം അനുഗമിച്ചിരുന്നു;

(സി) ഇക്കാലയളവിൽ മറ്റ് സംസ്ഥാനങ്ങളിലേക്ക് നടത്തിയ യാത്രകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; യാത്രകളുടെ ചെലവ് വഹിച്ചത് എപ്രകാരമായിരുന്നു; ഈ യാത്രകളിൽ ആരൊക്കെ അനുഗമിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ?

**മുൻ മുഖ്യമന്ത്രിയുടെ ഉപദേശകരുടെ നിയമനവും അനുബന്ധ ചെലവുകളും.**

1766 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലയളവിൽ മുഖ്യമന്ത്രിയുടെ ഉപദേശകരായും വിവിധ വിഷയങ്ങളിൽ ഉപദേശക ചുമതല വഹിക്കുന്നവരായും ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോരുത്തരുടെയും പേര്,നിയമന കാലയളവ്, ചുമതലപ്പെടുത്തിയ വിഷയം, നിയമനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവിന്റെ നമ്പറും തീയതിയും എന്നിവ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉപദേശകരുടെ നിയമനവുമായി ബന്ധപ്പെട്ട് അവർക്ക് അനുവദിച്ച ശമ്പളം, ഓണറേറിയം,യാത്രാബത്ത,ദിനബത്ത,മറ്റ് ആനുകൂല്യങ്ങൾ എന്നിവയിനത്തിൽ സംസ്ഥാന സർക്കാർ ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; ഓരോ ഉപദേശകന്റെയും പേരിൽ ചെലവഴിച്ച തുക ഇനംതിരിച്ച് ലഭ്യമാക്കാമോ;

(സി) ഓരോ ഉപദേശകനും ഔദ്യോഗിക ആവശ്യങ്ങൾക്കായി സർക്കാർ വാഹനം അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ വാഹനത്തിന്റെ പേര്,രജിസ്ട്രേഷൻ നമ്പർ,അനുവദിച്ച കാലയളവ്,വാഹനം സർക്കാർ ഉടമസ്ഥതയിലുള്ളതാണോ വാടകയ്ക്കെടുത്തതാണോ, വാഹനത്തിന്റെ ഇന്ധനം,അറ്റകുറ്റപ്പണി,വാടക എന്നിവയ്ക്കായി ചെലവഴിച്ച തുക എന്നിവ ഉപദേശകൻ തിരിച്ചുള്ള പട്ടികയായി ലഭ്യമാക്കാമോ; പ്രസ്തുത വാഹനങ്ങളിൽ ഡ്രൈവർമാരെ നിയമിച്ചിരുന്നോ; ഉണ്ടെങ്കിൽ അവരുടെ നിയമനരീതി,ശമ്പളം നൽകുന്ന വകുപ്പ്/സ്ഥാപനം,ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെയുള്ള ചെലവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഓരോ ഉപദേശകനും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഓഫീസ് സൗകര്യം അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ ഓഫീസിന്റെ സ്ഥലം,അനുവദിച്ച കാലയളവ്,വാടക, വൈദ്യുതി,മറ്റ് പരിപാലന ചെലവുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കൂടാതെ ഓരോ ഉപദേശകന്റെയും ഓഫീസിൽ ജീവനക്കാരെ അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ ജീവനക്കാരുടെ തസ്തിക,എണ്ണം,നിയമനരീതി,ശമ്പളം,മറ്റ് ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശങ്ങളും ഉപദേശകരുടെ നിയമനം മുതൽ കാലാവധി അവസാനിക്കുന്നതുവരെയുള്ള ആകെ സർക്കാർ ചെലവും വ്യക്തമാക്കാമോ?

<u>സ്ഥലംമാറ്റം</u>

1767 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി ആകെ എത്ര ജീവനക്കാരെയാണ് സ്ഥലം മാറ്റിയിട്ടുള്ളത്; വകുപ്പ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഒരു തവണയിൽ കൂടുതൽ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാരുടെ എണ്ണം എത്രയാണെന്നും ഇത്തരത്തിൽ ഒന്നിലധികം തവണ മാറ്റപ്പെട്ടവർ ഓരോ തസ്തികയിലും/സീറ്റിലും എത്ര കാലയളവുവീതം പൂർത്തിയാക്കിയ ശേഷമാണ് വീണ്ടും മാറ്റപ്പെട്ടതെന്നും വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെയോ നിശ്ചിത കാലാവധി പൂർത്തിയാക്കാതെയോ സ്ഥലം മാറ്റിയതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്ഥലംമാറ്റ ഉത്തരവുകൾക്കാണ് കോടതികൾ സ്റ്റേ ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ കോടതികളിൽ നിന്നും സ്റ്റേ ഉത്തരവ് ലഭിച്ച സംഭവങ്ങളുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങളും നിലവിൽ സ്റ്റേ നിലനിൽക്കുന്ന കേസുകളുടെ എണ്ണവും വ്യക്തമാക്കുമോ?

## <u>സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം</u>

1768 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി, പങ്കാളിത്ത പെൻഷൻ പദ്ധതി എന്നിവയുടെ കീഴിൽ വരുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം എത്രയാണ്; ഈ പദ്ധതികൾക്ക് കീഴിൽ നിലവിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്ന് ഓരോ വിഭാഗത്തിന്റെയും കണക്കുകൾ സഹിതം വ്യക്തമാക്കാമോ;

(ബി) സർക്കാർ അവതരിപ്പിച്ച ധവളപത്രത്തിൽ ഏത് വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രായമാണ് ഉയർത്താൻ നിർദ്ദേശിച്ചിട്ടുള്ളത്; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; 2026-2027 സാമ്പത്തിക വർഷത്തിലോ 2027 മെയ് 31-ന് മുൻപോ

പെൻഷൻ പ്രായം ഉയർത്താൻ എന്തെങ്കിലും ഒരുക്കങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് (O.A.(EKM) No. 2066/2019 & O.P.(KAT) No. 227/2020) കോടതികളിൽ നിലവിലുള്ള കേസുകളുടെ വിശദാംശവും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടും എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ പ്രാബല്യത്തിലുള്ള പി.എസ്.സി. ലിസ്റ്റുകളുടെ എണ്ണവും ഉദ്യോഗാർത്ഥികളുടെ എണ്ണവും എത്രയാണ്; ധവളപത്രത്തിൽ പെൻഷൻ പ്രായം കൂട്ടുന്നതിനൊപ്പം പി.എസ്.സി. ലിസ്റ്റിലുള്ളവരുടെ നിയമനം ഉറപ്പാക്കാൻ എന്തെങ്കിലും ശിപാർശകൾ ഉണ്ടോ; വിശദമാക്കാമോ?

**ഓൺലൈൻ പൊതുസ്ഥലംമാറ്റ നടപടിക്രമങ്ങൾ**

1769 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഓൺലൈൻ പൊതുസ്ഥലംമാറ്റ നടപടിക്രമങ്ങൾ ഒഴിവാക്കണമെന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സംസ്ഥാന ആസൂത്രണ ബോർഡിൽ വർഷങ്ങളായി തുടർന്നുവന്നിരുന്ന പൊതുസ്ഥലംമാറ്റ നടപടിക്രമങ്ങൾ വേണ്ടെന്ന സർക്കാർ നിലപാട് വ്യക്തമാക്കിക്കൊണ്ട് ബഹു. ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

**ഓഫീസ് അറ്റൻഡന്റ് തസ്തിക**

1770 **ശ്രീ. സേനാപതി വേണു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയലിൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയലിൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഹൈക്കോടതിയുടെയും (ഓ. പി

(കെ.എ.റ്റി) നമ്പർ 149/2015 തീയതി 28.02.2017) കേരള അഡിമിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും (OA[EKM]-1657/2023 തീയതി 5/08/2026) ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കുമോ;

(സി) മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയലിൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡ്

1771 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാരിൽ നിന്നും പാരിസ്ഥിതിക അനുമതി ലഭിക്കാനുണ്ടായ കാലതാമസം മൂലവും മുൻസർക്കാരിന്റെ കാലത്ത് നഷ്ടപരിഹാരം വിതരണം ചെയ്യാൻ അനുമതി തേടിയെങ്കിലും കേന്ദ്രാനുമതി ലഭിച്ചശേഷമേ നഷ്ടപരിഹാരം നൽകാനാവൂ എന്ന കേന്ദ്ര നിലപാട് കാരണവും ദുരിതത്തിലായിരുന്ന ഭൂവുടമകൾക്ക് നഷ്ടപരിഹാരം ഉടൻ നൽകുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ഈ പ്രശ്നംമൂലം പദ്ധതി നിർവ്വഹണത്തിൽ വന്ന കാലതാമസം വിശദമാക്കാമോ?

## ഡിമെൻഷ്യ സൗഹൃദ കേരളം പദ്ധതി

1772 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രായമായവരിലെ ഡിമെൻഷ്യ (മറവിരോഗം) നേരത്തെ കണ്ടെത്തി ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്യുന്ന ഡിമെൻഷ്യ സൗഹൃദ കേരളം പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

(ബി) ഓർമ്മ മങ്ങിത്തുടങ്ങുന്ന ഘട്ടത്തിൽ തന്നെ രോഗം തിരിച്ചറിഞ്ഞ് കൃത്യമായ ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിനും രോഗിയെയും കുടുംബത്തെയും പിന്തുണയ്ക്കുന്നതിനുമായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കുകയെന്ന് വ്യക്തമാക്കുമോ;

(സി) രോഗിയെ പരിചരിക്കുന്ന കുടുംബാംഗങ്ങൾക്ക് പരിശീലനം, കൗൺസലിംഗ്, സാമൂഹിക പിന്തുണ എന്നിവ ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ജീവനക്കാർക്കും പെൻഷൻകാർക്കും കൊടുത്ത് തീർക്കാനുണ്ടായിരുന്ന കുടിശ്ശിക**

1773 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജീവനക്കാർക്കും പെൻഷൻകാർക്കും വിവിധ ഇനങ്ങളിലായി കൊടുത്ത് തീർക്കാനുണ്ടായിരുന്ന കുടിശ്ശിക ഓരോന്നും എത്ര വീതമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ജീവനക്കാരെയും പെൻഷൻകാരെയും സംബന്ധിക്കുന്ന ഏതെല്ലാം വിഷയങ്ങളിലാണ് പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നത്; വിശദമാക്കുമോ?

**സ്പോർട്സ് ക്വാട്ട നിയമനം**

1774 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് 1 മുതൽ 2026 മെയ് 1 വരെ സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടയിൽ നിയമിക്കപ്പെട്ട കായികതാരങ്ങൾ ആരെല്ലാമായിരുന്നുവെന്നും അവർക്ക് അത് ലഭ്യമാക്കുന്നതിന് തീരുമാനിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുവെന്നും അവർ നിയമിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമായിരുന്നുവെന്നും അറിയിക്കാമോ;

(ബി) സർക്കാർ സർവീസിൽ സ്പോർട്സ് ക്വാട്ട നിയമനത്തിന് ഏതെല്ലാം കായിക ഇനങ്ങളിൽ മികവ് തെളിയിച്ചവരെയാണ് പരിഗണിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി 2016 മെയ് 1 മുതൽ 2026 മെയ് 1 വരെ സർക്കാർ സർവീസിൽ സ്പോർട്സ് ക്വാട്ടയിൽ

ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായി പ്രസ്തുത കാലയളവിൽ സർക്കാർ സർവീസിൽ സ്പോർട്സ് ക്വാട്ടയിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ പുനഃപരിശോധിക്കുമോയെന്ന് അറിയിക്കാമോ?

<u>മുൻ സർക്കാരിന്റെ കാലത്തെ സി എം വിത്ത് മീ പരിപാടി</u>

1775 **ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ അവസാന നാളുകളിൽ സി എം വിത്ത് മീ എന്ന ഓഫീസ് ഉണ്ടായിരുന്നോ; എന്ന് മുതലാണ് ആരംഭിച്ചത്; ആയതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; എന്തായിരുന്നു ഈ ഓഫീസിന്റെ ഉദ്ദേശം; ഇതിനായി ഏതെങ്കിലും സോഫ്റ്റ് വെയർ രൂപപ്പെടുത്തിയിരുന്നോ; എ. ഐ. സാങ്കേതിക വിദ്യ അതിന് ഉപയോഗിച്ചിരുന്നോ വിശദമാക്കാമോ;

(ബി) ആരംഭിച്ചത് മുതൽ അവസാനിച്ചത് വരെ എത്ര പരാതികൾ ലഭിച്ചു; ഈ പരാതികൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇനി എത്ര പരാതികൾ തീർപ്പാക്കാൻ ശേഷിക്കുന്നു എന്ന വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി സർക്കാർ ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ നിന്നും ശേഖരിച്ചിരുന്നോ; കൂടാതെ മറ്റു പൊതുജനങ്ങളുടെ വിവരം ശേഖരിച്ചുട്ടുണ്ടോ;

(ഡി) പ്രസ്തുത സംവിധാനത്തിന്റെ ഘടന വെളിപ്പെടുത്താമോ; ഓഫീസിനും മറ്റുമായി എത്ര രൂപ സർക്കാരിനും മറ്റു സ്ഥാപനങ്ങൾക്കും ചിലവായി എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

<u>ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപെടുത്തുന്നത്</u>

1776 **ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഹൈക്കോടതിയുടെയും (ഓ.പി(കെ.എ.റ്റി) നമ്പർ 149/2015 തീയതി 28.02.2017) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും (ഒ.എ[ഇ.കെ.എം]-1657/2023 തീയതി 5/08/2026) ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## പി.എസ്.സി.യുടെ പ്രവർത്തനം

1777 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആസൂത്രണ ബോർഡിലെ ചീഫ് തസ്തികയിലേക്കുള്ള പി.എസ്.സി. പരീക്ഷയുടെ മൂല്യനിർണയവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ക്രമക്കേട് ആരോപണങ്ങളിൽ പ്രത്യേക അന്വേഷണസംഘം അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണ്; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ അച്ചടക്ക നടപടികളോ നിയമനടപടികളോ സ്വീകരിച്ചിട്ടുണ്ടോ; അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിലവിലുള്ളതും പുതുതായി ഉണ്ടാകുന്നതുമായ ഒഴിവുകൾ യഥാസമയം കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനായി സർക്കാർ പൊതുനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദേശങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും ഒഴിവുകൾ കൃത്യമായി കണക്കാക്കി റിപ്പോർട്ട് ചെയ്യുന്നതിനും വകുപ്പുതലത്തിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) പി.എസ്.സി.യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം, നിയമനശുപാർശ ലഭിച്ചിട്ടും നിയമന ഉത്തരവ് നൽകാത്ത സാഹചര്യം, റാങ്ക് പട്ടികകളുടെ കാലാവധി അവസാനിക്കുന്നതുമൂലം ഉദ്യോഗാർഥികൾക്ക് നിയമനാവസരം നഷ്ടപ്പെടുന്ന സാഹചര്യം എന്നിവ ഒഴിവാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതും നിയമനശുപാർശകൾ നടപ്പിലാക്കുന്നതും നിരീക്ഷിക്കുന്നതിന് സമയബന്ധിതമായ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലെ സർക്കാരിന്റെ കാലയളവിൽ ഇതുവരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന എത്ര റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്?

<u>മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി</u>

1778 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിലുൾപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും നിർമ്മാണ പ്രവർത്തനം തടസ്സപ്പെടാനുള്ള കാരണവും അതൊഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതി സർക്കാർ തുടരുന്നുണ്ടോ; എങ്കിൽ ശിപാർശ സമർപ്പിക്കേണ്ട കാലയളവും പദ്ധതിയിലേക്ക് റോഡുകൾ തെരഞ്ഞെടുക്കാൻ സ്വീകരിക്കുന്ന മാനദണ്ഡവും വിശദമാക്കാമോ?

<u>സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം</u>

1779 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഏകീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാർ അവതരിപ്പിച്ച ധവളപത്രത്തിൽ സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത്

വിഭാഗം ജീവനക്കാരുടെ വിരമിക്കൽ പ്രായമാണ് ഉയർത്താൻ നിർദ്ദേശിച്ചിട്ടുള്ളതെന്നും പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) സ്റ്റാറ്റ്യൂട്ടറി പെൻഷൻകാരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച കേസിൽ (ഒ.എ(ഇ.കെ.എം) നം. 2066/2019 &ഒ.പി (കെ.എ.റ്റി)നം.227/2020) സർക്കാർ സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ;

(ഡി) സർക്കാർ അവതരിപ്പിച്ച ധവളപത്രത്തിൽ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താൻ നിർദ്ദേശമുണ്ടെങ്കിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർഥികളുടെ നിയമനം ഉറപ്പാക്കാൻ എന്തെങ്കിലും ശിപാർശകൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കേന്ദ്ര സർക്കാർ നിയോഗിച്ച ജനസംഖ്യാ വ്യതിയാന സമിതി</u>**

1780 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നിയോഗിച്ച ജനസംഖ്യാ വ്യതിയാന സമിതി നൽകിയ മതപരമായ ഉള്ളടക്കമുള്ള ചോദ്യാവലി സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ?

**<u>ഔദ്യോഗിക പരിപാടികളിലെ പ്രോട്ടോക്കോൾ ഉത്തരവുകളും പാലനവും</u>**

1781 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരും വിവിധ വകുപ്പുകളും ജില്ലാ ഭരണകൂടവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംഘടിപ്പിക്കുന്ന പരിപാടികളിൽ ക്ഷണിക്കേണ്ട അതിഥികളെ സംബന്ധിച്ചും പാലിക്കേണ്ട പ്രോട്ടോക്കോൾ സംബന്ധിച്ചും പുറപ്പെടുവിച്ചിട്ടുള്ള മുഴുവൻ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രോട്ടോക്കോൾ പാലിക്കുന്നതിൽ ചുമതലപ്പെട്ടവർ വീഴ്ചവരുത്തുന്നത് സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും സമർപ്പിക്കേണ്ടത് എങ്ങനെയെന്ന് വിശദമാക്കാമോ;

(സി) പ്രാദേശിക തലത്തിൽ പ്രസ്തുത പ്രോട്ടോക്കോളുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**സർക്കാർ ഉത്തരവുകളും മന്ത്രിസഭാ തീരുമാനങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്**

1782 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ document.kerala.gov.in പോർട്ടലിൽ എല്ലാ സർക്കാർ ഉത്തരവുകളും യഥാസമയം അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മന്ത്രിസഭാ തീരുമാനങ്ങൾ പ്രകാരമുള്ള സർക്കാർ ഉത്തരവ്/സർക്കുലർ എന്നിവ 48 മണിക്കൂറിനുള്ളിൽ പുറപ്പെടുവിക്കുന്ന മുറയ്ക്ക് മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് സഹിതം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന 20.07.2016 ലെ ജി.ഒ.(ആർ.ടി.) നമ്പർ 20/2016/ജി.എ.ഡി.(എസ്‌സി) നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് പ്രതിപക്ഷനേതാവ് ബഹു.മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ചോ; വിശദമാക്കാമോ,

(സി) സർക്കാർ തീരുമാനങ്ങളുടെ സുതാര്യത ഉറപ്പ് വരുത്താനും ജനങ്ങളെ യഥാസമയം സമയങ്ങളിൽ അറിയിക്കാനും ബന്ധപ്പെട്ട വകുപ്പുകളുടെ വെബ്സൈറ്റുകളിലും ഇ-ഓഫീസ് സിറ്റിസൺ പോർട്ടലിലും യഥാസമയം ഉത്തരവുകൾ അപ്‌ലോഡ് ചെയ്യാൻ നിർദ്ദേശം നൽകുമോ?

**കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ**

1783 **പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബി ഫണ്ട് ഉപയോഗിച്ച് വിവിധ വകുപ്പുകളിലായി നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ എത്രയാണ്; വിശദമാക്കാമോ;

(ബി) ആയവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**കേരള പബ്ലിക് സർവീസ് കമ്മീഷന്റെ വിശ്വാസ്യത ഉറപ്പുവരുത്താൻ നടപടി**

1784 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ പരീക്ഷകളിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം അവസാനിക്കുന്നത് വരെ പ്ലാനിങ് ബോർഡിലെ നിയമനം, രണ്ടാംഘട്ട കെ.എ.എസ് പരീക്ഷ എന്നീ തസ്തികകളിലേക്കുള്ള നിയമനങ്ങൾ നിർത്തിവയ്ക്കുമോ; ക്രമക്കേടുകൾ കണ്ടെത്തുന്ന ഇത്തരം റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമിക്കപ്പെട്ടവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2019 ൽ പി. എസ്.സി. നടത്തിയ സിവിൽ പോലീസ് ഓഫീസർ റിക്രൂട്ട്മെന്റ് പരീക്ഷയിൽ ഒരു വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ നേതാവിനെതിരെ ആൾമാറാട്ടത്തിന് അറസ്റ്റ് ചെയ്ത കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാൻ കേരള പബ്ലിക് സർവീസ് കമ്മീഷൻ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

**താൽക്കാലിക നിയമനങ്ങൾ**

1785 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ,അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ 2021-2026 കാലയളവിൽ എത്ര പേരെ ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്; പ്രസ്തുത നിയമനങ്ങളുടെ സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നിലവിലെ ചട്ടങ്ങൾ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തേണ്ടതായ എത്ര തസ്തികകളിലാണ് ചട്ടങ്ങൾ പാലിക്കാതെയുള്ള നിയമനങ്ങൾ നടത്തിയിട്ടുള്ളത്; പ്രസ്തുത നിയമനങ്ങളുടെ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ ചട്ടപ്രകാരമല്ലാതെ നിയമിക്കപ്പെട്ട ജീവനക്കാർ ഇപ്പോഴും സേവനത്തിൽ തുടരുന്നുണ്ടെങ്കിൽ അത്തരം നിയമനങ്ങൾ റദ്ദാക്കി

നിയമാനുസൃതമായി നിയമനം നടത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

**സാമ്പത്തിക സ്ഥിതിവിവര കണക്ക് വിഭാഗം ജീവനക്കാരുടെ സേവനം**

1786 **ശ്രീ. വി. ടി. ബൽറാം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന ക്ഷേമ വകുപ്പിൽ സാമ്പത്തിക സ്ഥിതിവിവര കണക്ക് വിഭാഗം ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് സാമൂഹ്യനീതി ഡയറക്ടർക്ക് സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിൽ നിന്നും പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന്; വ്യക്തമാക്കാമോ?

**സംസ്ഥാനത്തിന്റെ പഞ്ചവത്സരപദ്ധതി (2027-32)**

1787 **ശ്രീ. വി. ജോയി**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പഞ്ചവത്സരപദ്ധതി (2027-32) രൂപീകരണത്തിന് സ്വകാര്യ ഏജൻസികളെ ഉൾപ്പെടെ എംപാനൽ ചെയ്യുന്നതിന് ആസൂത്രണ ബോർഡ് 03.10.2026-ന് വിജ്ഞാപനം പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എംപാനൽ ചെയ്യുന്ന ഏജൻസികളുടെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വിശദമാക്കാമോ;

(സി) ആസൂത്രണ ബോർഡിലെ വിദഗ്ധ സമിതി നിർവ്വഹിച്ചിരുന്ന ചുമതലകൾ സ്വകാര്യ എംപാനൽ ഏജൻസികൾക്ക് നൽകുന്നത് പദ്ധതികൾ ആവിഷ്കരിക്കുന്നതിലെ സുതാര്യതയെ ദോഷകരമായി ബാധിക്കുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ എംപാനൽ ഏജൻസികൾ ആവിഷ്കരിക്കുന്ന നയപരിപാടികളും പദ്ധതികളും അഴിമതിക്ക് വഴിയൊരുക്കുമെന്ന് ഉയരുന്ന ആക്ഷേപം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണം**

1788 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരുകളുടെ കാലയളവിൽ പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണം ഏത് തരത്തിലായിരുന്നു എന്ന് വിശദമാക്കാമോ;

(ബി) നിലവിൽ പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിനും നടത്തിപ്പിനുമായി ഏജൻസികളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) കേരളത്തിലെ പ്രമുഖരായ വിഷയ വിദഗ്ധരും അക്കദമിസ്റ്റുകളും പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ചെയ്തു കൊണ്ടിരിക്കുന്ന ഇത്തരം ജോലികൾ വിദേശ/സ്വകാര്യ മേഖലയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാം;

(ഡി) പതിനഞ്ചാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ ഏജൻസികളുടെ സഹായം തേടുകയാണെങ്കിൽ ആയതിന് എത്ര തുക ചിലവാകും എന്ന് വിശദമാക്കാമോ;ഇത് ഏത് ഫണ്ടിൽ നിന്നായിരിക്കും ചിലവഴിക്കുക?

**നവ കേരള സദസുമായി ബന്ധപ്പെട്ട് ഗുരുവായൂർ നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ**

1789 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവ കേരള സദസുമായി ബന്ധപ്പെട്ട് ഗുരുവായൂർ നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ചതോ പരിഗണനക്കായി തിരഞ്ഞെടുത്തതോ ആയ വികസന പദ്ധതികൾ/പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;മേൽപ്പറഞ്ഞ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

**സംസ്ഥാനത്തിന്റെ പ്ലാൻ ചെലവുകൾ**

1790 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻ സ്പേസ് പ്രകാരം 2026 ഒക്ടോബർ 14 വരെ സംസ്ഥാനത്തിന്റെ പ്ലാൻ ചെലവ് എത്രയാണ്;

(ബി) പ്ലാൻ സ്പേസ് പ്രകാരം 2026 ഒക്ടോബർ 14 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ചെലവ് എത്രയാണ്;

(സി) G.O. (Ms) No. 84/2022/LSGD,G.O. (Ms) No. 86/2022/LSGD എന്നീ ഉത്തരവുകൾ പ്രകാരം അനുവദിക്കേണ്ട ക്യാരി ഓവർ ചെലവുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ അനുവദിക്കേണ്ട ഗ്രാന്റ്-ഇൻ-എയ്ഡ് തുക എത്രയാണ്;ഇതിൽ എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## കെ.എസ്.ആർ.ഇ.സി. ലെ താൽക്കാലിക നിയമനങ്ങളും പ്ലാൻ പ്രോജക്ടുകളിലെ നിയമന നടപടികളും

1791 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാനിങ് ആൻഡ് എക്കണോമിക് അഫയേഴ്സ് വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ (കെ.എസ്.ആർ.ഇ.സി.) താൽക്കാലിക ജീവനക്കാർക്ക് 2026 ഓഗസ്റ്റ് 1 മുതൽ പുനർനിയമനം നൽകിയത് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടാണോ;വ്യക്തമാക്കുമോ;

(ബി) പ്ലാൻ പ്രോജക്ടുകളിൽ ജീവനക്കാരെ നിയമിക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആണോ;

(സി) 2025-2026, 2026-2027 സാമ്പത്തിക വർഷങ്ങളിൽ എത്ര താൽകാലിക ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കെ.എസ്.ആർ.ഇ.സി.യിൽ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

## കെ-ഡിസ്ക് മുഖേന നടപ്പിലാക്കുന്ന തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ

1792 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ മുഖേന സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കും,സ്ത്രീകൾക്കും,ഭിന്നശേഷിക്കാർക്കും തൊഴിൽ ലഭ്യമാക്കുന്നതിനായി കെ-ഡിസ്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കെ-ഡിസ്ക് -ന്റെ വിവിധ പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ സർക്കാർ അനുവദിച്ച തുക എത്രയാണ്; അതിൽ ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ?

## സംസ്ഥാന വികസന പദ്ധതി രൂപീകരണവും ആസൂത്രണ ബോർഡിന്റെ പ്രവർത്തനവും

1793 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികസന പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ചുമതലകൾ പുറംകരാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ വിശദാംശങ്ങളും കാരണങ്ങളും വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണോ പദ്ധതി രൂപീകരണ ചുമതലകൾ പുറംകരാർ നൽകാൻ തീരുമാനിച്ചത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാന ആസൂത്രണ ബോർഡ് പിരിച്ചുവിടാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പി.എസ്.സി. പരീക്ഷകളിലെ സുതാര്യതയും സത്യസന്ധതയും ഉറപ്പാക്കൽ

1794 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷങ്ങളിൽ പി.എസ്.സി. നടത്തിയ പല പരീക്ഷകളും നിയമനങ്ങളും സംശയത്തിന്റെ നിഴലിലാണെന്ന റിപ്പോർട്ടുകൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ക്രൈം ബ്രാഞ്ച് അന്വേഷണത്തോട് പി.എസ്.സി. ചെയർമാനടക്കം സഹകരിക്കണമെന്നതുൾപ്പെടെയുള്ള ഹൈക്കോടതി പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പി.എസ്.സി.യുടെ സ്വതന്ത്ര സ്വഭാവവും പരീക്ഷാനടത്തിപ്പിലെ സുതാര്യതയും സത്യസന്ധതയും ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

## മുൻ സർക്കാരിന്റെ കാലത്തെ പി.എസ്.സി. നിയമനം

1795 **ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് സർക്കാരുകളുടെ കാലത്ത് നടന്ന പി.എസ്.സി. വഴിയുള്ള ആകെ നിയമനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ ആകെ എത്ര നിയമന ശുപാർശകൾ പി.എസ്.സി. നൽകിയെന്നും അതിൽ എത്രപേർ ജോലിക്ക് ജോയിൻ ചെയ്യാതിരുന്നു എന്നും വ്യക്തമാക്കാമോ;

(സി) പി.എസ്.സി. വഴി നിയമനം നടത്തുന്ന തസ്തികകളുടെ ശ്രേണിയിൽ എത്ര ഉദ്യോഗസ്ഥർ 2016 മെയ് 31 മുതൽ 2026 മെയ് 31 വരെ വിരമിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## പി.എസ്.സി.യിലെ പിൻവാതിൽ നിയമനം

1796 **ശ്രീ. കെ. എം. അഭിജിത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കാലയളവിൽ പി. എസ്.സി. ചെയർമാനും അംഗങ്ങളും ക്രമവിരുദ്ധമായി നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) പി.എസ്.സി. വഴി നിയമനം നടത്തേണ്ട തസ്തികകളിൽ പി.എസ്.സി. ചെയർമാനും, അംഗങ്ങൾക്കും, മുൻ ഭരണകക്ഷി പാർട്ടിയുടെ നേതാക്കൾക്കും വേണ്ടപ്പെട്ടവർക്ക് ക്രമവിരുദ്ധമായി നിയമനങ്ങൾ നൽകിയിട്ടുണ്ടെന്നുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ; വിശദമാക്കാമോ;

(സി) പി.എസ്.സി. റാങ്ക് പട്ടിക നിലനിൽക്കെ പത്ത് ഓഫീസ് അറ്റൻഡൻഡ് തസ്തിക കരാർ ജീവനക്കാർക്കായി മാറ്റിവെച്ചെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കുമോ; വ്യക്തമാക്കുമോ?

**<u>പി.എസ്.സി. മുഖേനയുള്ള ഹോമിയോപ്പതി കോളേജ് അസോസിയേറ്റ് പ്രൊഫസർ നിയമനം</u>**

1797 **ശ്രീ. വി. ടി. സൂരജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും ഉത്തരവുകൾ പി.എസ്.സി. പാലിച്ചില്ലെന്ന പരാതിയെക്കുറിച്ച് അന്വേഷിക്കുമോ; വ്യക്തമാക്കുമോ;

(ബി) 2023-ൽ പി.എസ്.സി. പ്രസ്തുത തസ്തികയിലേക്ക് വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ നിശ്ചയിച്ചിരുന്ന യോഗ്യതയും പ്രവൃത്തിപരിചയവും രണ്ടുമാസത്തിനുശേഷം തിരുത്തിയിരുന്നോ; വിശദമാക്കുമോ;

(സി) ഇതനുസരിച്ച് നടത്തിയ പരീക്ഷയിലും അഭിമുഖത്തിലും യോഗ്യതയില്ലാത്ത നിരവധി പേർ ഇടംപിടിച്ചെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കുമോ; വ്യക്തമാക്കുമോ?

**<u>ക്രിമിനൽ ജുഡീഷ്യൽ പരീക്ഷയുടെ ഫലം</u>**

1798 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ 2025 ആഗസ്റ്റ് 30-ലെ വിജ്ഞാപനം പ്രകാരമുള്ള വകുപ്പുതല പരീക്ഷയായ ക്രിമിനൽ ജുഡീഷ്യൽ പരീക്ഷയുടെ ഫലം നാളിതുവരെ പ്രസിദ്ധീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈനായി നടത്തപ്പെടുന്ന പ്രസ്തുത പരീക്ഷയുടെ ഫലം വൈകുന്നത് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തെ ഉൾപ്പെടെ ബാധിക്കുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(സി) വർഷാവർഷം നടത്തിയിരുന്ന പ്രസ്തുത പരീക്ഷ എത്ര വർഷം മുടങ്ങിയെന്നും എത്ര വർഷത്തിനു ശേഷമാണ് ഇപ്പോൾ നടത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(ഡി) ഫലം എന്നത്തേക്ക് പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>പി.എസ്.സി. സെക്രട്ടറിയെ അറിയിക്കാതെ ഫയലുകൾ ഉത്തരവാകുന്നത് തടയാൻ നടപടി</u>

1799 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ എന്ന ഭരണഘടനാ സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ഹെഡ് ആയിട്ടുള്ള പി.എസ്.സി. സെക്രട്ടറിയെ അറിയിക്കാതെ ഫയലുകളിൽ തീരുമാനം എടുക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ജീവനക്കാർക്ക് അർഹതപ്പെട്ട പ്രമോഷനുകളും ആനുകൂല്യങ്ങളും നൽകാതെ നടത്തുന്ന നിയമലംഘനങ്ങൾ കണ്ടെത്താൻ പി.എസ്.സി.യുടെ പരീക്ഷാ ക്രമക്കേടുകൾ അന്വേഷിക്കുന്ന സ്പെഷ്യൽ ടീമിനെ കൊണ്ട് അന്വേഷണം നടത്തുന്നതിനും കുറ്റക്കാരായ ജീവനക്കാരെ സർവീസിൽ നിന്നും പിരിച്ച് വിടുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷക്കാലം പി.എസ്.സി. സെക്രട്ടറിയെ മറികടന്ന് പി.എസ്.സി. എടുത്ത തീരുമാനങ്ങൾ പുന:പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>പി.എസ്.സി. റാങ്ക് ലിസ്റ്റ് കാലാവധിയും നിയമനങ്ങളും</u>

1800 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയതിലൂടെ അധികമായി എത്ര ഉദ്യോഗാർത്ഥികൾക്ക് ഇതുവരെ നിയമന ശിപാർശ നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഓരോ തസ്തികയും വകുപ്പും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) മേൽപ്രകാരം കാലാവധി നീട്ടിയ ഘട്ടത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ ഏതെല്ലാം രീതിയിലാണ് ഉണ്ടായതെന്നും അവ ഓരോന്നും നിലവിൽ വന്ന തീയതി ഏതാണെന്നും വ്യക്തമാക്കാമോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകിയത് ഏതൊക്കെ പുതിയ റാങ്ക് ലിസ്റ്റുകളുടെ പ്രസിദ്ധീകരണത്തെ ബാധിച്ചിട്ടുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) റാങ്ക് ലിസ്റ്റുകൾക്ക് നിലവിലുള്ള പരമാവധി കാലാവധിയായ 3 വർഷം എന്നത് വർധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

## ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തൽ

1801 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ഹൈക്കോടതിയുടെയും (ഓ.പി. (കെ.എ.റ്റി.)നമ്പർ 149/2015 തീയതി 28.02.2017) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും (ഓ.എ. [ഇ.കെ.എം.]-1657/2023, തീയതി 5/08/2026) ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക മിനിസ്റ്റീരിയൽ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## അംഗൻവാടി വർക്കർമാർക്കായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ നിയമനം

1802 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 236/2022 പ്രകാരം അംഗൻവാടി വർക്കർമാർക്കായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്ക് പി.എസ്.സി. വിജ്ഞാപനം ചെയ്ത പരീക്ഷയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ റാങ്ക് ലിസ്റ്റിലെ അവസ്ഥയും അതിൽ നിന്നും ഇതുവരെ നടത്തിയ നിയമനങ്ങളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) അംഗൻവാടി വർക്കർമാരുടെ 50% സംവരണ തസ്തികകളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് പി.എസ്.സി. മുഖേന വേഗത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 50 വയസ്സിന് മുകളിൽ പ്രായമുള്ളതിനാൽ ഇനി പി.എസ്.സി. പരീക്ഷകൾ എഴുതാൻ അവസരമില്ലാത്ത അംഗൻവാടി വർക്കർമാരുടെ സാഹചര്യം പരിഗണിച്ച്, നിലവിലുള്ള ഒഴിവുകളിലേക്ക് എത്രയും വേഗം നിയമന ശുപാർശ നൽകുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

**മെഡൽ നേടിയ മലയാളി താരങ്ങൾക്ക് തൊഴിൽ**

1803 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-ാമത് ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ മലയാളി താരങ്ങൾക്ക് തൊഴിൽ നൽകുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ,എത്ര കാലത്തിനുള്ളിൽ നിയമനം സാധ്യമാക്കാനാകും എന്ന് അറിയിക്കാമോ?

**നോൺ ജേർണലിസ്റ്റ് പെൻഷൻ വർധനയും കുടുംബ പെൻഷൻ അനുവദിക്കലും**

1804 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോൺ ജേർണലിസ്റ്റ് പെൻഷൻ നിലവിൽ പ്രതിമാസം 7,000 രൂപ മാത്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജേർണലിസ്റ്റ് പെൻഷൻ വർധിപ്പിച്ച സാഹചര്യത്തിൽ നോൺ ജേർണലിസ്റ്റ് പെൻഷനും വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നോൺ ജേർണലിസ്റ്റ് പെൻഷൻ നിലവിലെ നിരക്കിൽനിന്ന് വർധിപ്പിച്ച് ജേർണലിസ്റ്റ് പെൻഷനുമായി ആനുപാതികമായി നൽകുന്നതിന് നടപടി

സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി) നോൺ ജേർണലിസ്റ്റ് പെൻഷൻ ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ,അർഹരായ ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**താൽക്കാലിക ജീവനക്കാരുടെ നിയമനം**

1805 **ശ്രീ. കെ. പ്രവീൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ 2026 മെയ് മാസം വരെയുള്ള കാലയളവിൽ വിവിധ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിന് പുറമെ താൽക്കാലിക/കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചവരുടെ എണ്ണം എത്രയാണ്; വിശദമാക്കാമോ;

(ബി) പി.എസ്.സി. വഴി സ്ഥിരം നിയമനം നടത്താനുള്ള തസ്തികകളിലെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതെ താൽക്കാലിക ജീവനക്കാരെ നിയമിച്ചതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

**കണ്ണൂർ ജില്ലയിൽ കെ.എസ്.ഇ.ബി. വർക്കർ തസ്തികയിലെ ഒഴിവുകളും നിയമനങ്ങളും**

1806 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കെ.എസ്.ഇ.ബി. വർക്കർ തസ്തികയിലേക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റാങ്ക് ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതുവരെ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എത്രയാണെന്നും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അവ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>പത്തനംതിട്ട ജില്ലയിലെ പി.എസ്.സി. നിയമനം</u>

1807 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ വിവിധ തസ്തികകളിലായി നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും അവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ എത്ര ഉദ്യോഗാർഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ടെന്നും എത്ര ഒഴിവുകൾ നികത്താനുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ജില്ലയിൽ വിവിധ തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടും നിയമന ശുപാർശ ലഭിക്കാതെ കാത്തിരിക്കുന്ന ഉദ്യോഗാർഥികളുടെ എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ജില്ലയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമന നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ക്ലാർക്ക് തസ്തികയിലെ നിയമനം</u>

1808 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. ജില്ലാതല നിയമനത്തിനായി പ്രസിദ്ധീകരിച്ചിട്ടുള്ള ക്ലാർക്ക് (വിവിധം) തസ്തികയിലെ റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനങ്ങൾ

2026 മെയ് മാസത്തിന് ശേഷം മന്ദഗതിയിലാണോ; എങ്കിൽ സമയബന്ധിതമായി വേക്കൻസികൾ റിപ്പോർട്ട് ചെയ്ത് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന പ്രക്രിയ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പി.എസ്.സി. തീരുമാനങ്ങളും നിയമോപദേശങ്ങളും

1809 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യിൽ നിന്ന് വിരമിച്ച ജോൺസൺ ജി.യുടെ സർവീസ് സീനിയോരിറ്റി പൂർണമായി പുനഃസ്ഥാപിച്ചു നൽകാൻ പി.എസ്.സി. തീരുമാനിച്ചിരുന്നോ; എങ്കിൽ പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും അവർക്കെതിരെ സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. എടുക്കുന്ന തീരുമാനങ്ങളുടെ പ്രൊസീഡിംഗ്സ് ഇറക്കുന്നതിനുപകരം തീരുമാനങ്ങളെ ചോദ്യം ചെയ്ത് നോട്ട് എഴുതുന്ന ഉദ്യോഗസ്ഥർക്ക് എതിരെ എന്തൊക്കെ ശിക്ഷാ നടപടികളാണ് നിലവിൽ സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞത് പ്രകാരം ഉദ്യോഗസ്ഥർ എഴുതിയ നോട്ട് പരിഗണിച്ച ലീഗൽ റീട്ടെയ്നറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പി.എസ്.സി. എടുക്കുന്ന തീരുമാനങ്ങൾ മാറ്റുന്നതിനോ നടപ്പാക്കാതിരിക്കുന്നതിനോ വ്യവസ്ഥ ചെയ്യുന്ന ചട്ടം നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി.യുടെ ലീഗൽ റീട്ടെയ്നർ നൽകുന്ന നിയമോപദേശങ്ങൾ പലതും കോടതി വിധിയുടെ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ,ജോൺസൺ ജി.യുടേത് ഉൾപ്പെടെയുള്ള കേസുകളിൽ നിയമ വിരുദ്ധ നടപടികൾ സ്വീകരിച്ച ലീഗൽ റീട്ടെയ്നറെ സർവ്വീസിൽ നിന്നും മാറ്റി നിർത്താൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

## കണക്ക് ട്ടു വർക്ക് പദ്ധതി

1810 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് ലഭിച്ച അപേക്ഷകൾ പരിഗണിച്ച്, അവ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തി, ഗുണഭോക്തൃ പട്ടിക പൂർത്തിയാക്കിയത് എങ്ങനെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ ഓരോ മാസവും എത്ര വീതം ഗുണഭോക്താക്കൾക്കായി ആകെ എത്ര തുകയാണ് വിതരണം ചെയ്തതെന്ന് പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി മുൻ സർക്കാരിന്റെ അവസാന ബജറ്റിലും ഈ സർക്കാരിന്റെ നിലവിലെ ബജറ്റിലും എത്ര വീതം തുകയാണ് വകയിരുത്തിയത്; വ്യക്തമാക്കാമോ;

(ഇ) മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതി തുടരാൻ സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ, കാരണം വിശദമാക്കാമോ?

<u>റാന്നിയിലെ തുടർപ്രളയങ്ങൾ</u>

1811 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ റാന്നി പട്ടണത്തിൽ തുടരെയുണ്ടാകുന്ന പ്രളയങ്ങൾ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുന്നതും കോടികളുടെ നഷ്ടം സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റാന്നിയിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രളയ സാഹചര്യം പരിഗണിച്ച് വിദഗ്ധരുടെ നേതൃത്വത്തിൽ ഒരു പഠനം നടത്തി ശാസ്ത്രീയ മാർഗങ്ങൾ അവലംബിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>അതിഥി തൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കാൻ നടപടി</u>

1812 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തി ജോലി ചെയ്തു വരവെ പെട്ടെന്നുണ്ടാകുന്ന രോഗബാധയോ അപകടങ്ങളോ മൂലം മരണപ്പെടുന്ന അതിഥി തൊഴിലാളികളുടെ മൃതദേഹം സ്വന്തം നാട്ടിലേക്ക്

ആംബുലൻസ് മാർഗ്ഗമോ മറ്റ് സംവിധാനങ്ങൾ വഴിയോ എത്തിക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രത്യേക ഫണ്ടോ സഹായ പദ്ധതികളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇത്തരം അടിയന്തര സാഹചര്യങ്ങളിൽ സാമ്പത്തികശേഷിയില്ലാത്ത തൊഴിലാളികളുടെ മൃതദേഹങ്ങൾ ജന്മനാട്ടിലേക്ക് കൊണ്ടുപോകുന്നതിനുള്ള തുക അടിയന്തരമായി അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്കോ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്കോ നിലവിൽ എന്തെങ്കിലും പ്രത്യേക അധികാരമോ തുകയോ ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഈ കാര്യത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം സംഭവങ്ങളിൽ ഫണ്ടിന്റെ അഭാവം മൂലം മൃതദേഹങ്ങൾ മോർച്ചറികളിൽ ദീർഘനാൾ സൂക്ഷിക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിഥി തൊഴിലാളികളുടെ മൃതദേഹം താമസംവിനാ നാട്ടിലെത്തിക്കാൻ പ്രത്യേക എമർജൻസി ഫണ്ട് രൂപീകരിക്കാനും ആംബുലൻസ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പെട്ടെന്ന് ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ശക്തമായ കാറ്റിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾക്കുള്ള ധനസഹായം</u>**

1813 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ പൂച്ചെട്ടി, നടത്തറ, കൊഴുക്കുള്ളി തുടങ്ങിയ പ്രദേശങ്ങളിൽ 2026 ജൂൺ മാസത്തിൽ ഉണ്ടായ ശക്തമായ കാറ്റിനെ തുടർന്ന് നിരവധി വീടുകൾക്കും വീടുകളോടനുബന്ധിച്ചുള്ള നിർമ്മിതികൾക്കും കൃഷിക്കും വൃക്ഷങ്ങൾക്കും വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ദുരന്തത്തിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ വീടുകൾ, വീടുകളോടനുബന്ധിച്ചുള്ള നിർമ്മിതികൾ, കൃഷി, വൃക്ഷങ്ങൾ തുടങ്ങിയവയ്ക്കുണ്ടായ നാശനഷ്ടങ്ങളുടെ വിശദമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ആകെ

കണക്കാക്കിയ നഷ്ടത്തിന്റെ തുക എത്രയാണെന്നും വില്ലേജ് തിരിച്ച് ലഭ്യമാക്കമോ;

(സി) കേരളത്തിൽ ചുഴലിക്കാറ്റിനേക്കാൾ കുറഞ്ഞതും ജീവനും സ്വത്തിനും നാശനഷ്ടം ഉണ്ടാക്കുന്നതുമായ ശക്തമായ കാറ്റ് (സ്ട്രോങ് വിൻഡ്) സ്റ്റേറ്റ് സ്പെസിഫിക് ഡിസാസ്റ്റർ ആയി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത ദുരന്തബാധിതർക്ക് നിലവിലുള്ള മാനദണ്ഡപ്രകാരം എസ്.ഡി.ആർ.എഫ്-ൽ നിന്ന് അനുവദിക്കാവുന്ന ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത ദുരന്തവുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിൽ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടെന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും വിതരണം ചെയ്ത തുക എത്രയെന്നും വ്യക്തമാക്കാമോ;

(ഇ) 2026 ജൂൺ 9-ന് തൃശ്ശൂർ ജില്ലയിൽ ശക്തമായ കാറ്റിനെ തുടർന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിൽ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടെന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും വിതരണം ചെയ്ത തുക എത്രയെന്നും നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

**<u>കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട്</u>**

1814 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട്,1983 പ്രകാരം ഡെപ്യൂട്ടി കളക്ടറിനെ (ഡിസാസ്റ്റർ മാനേജ്മെന്റ്) അപ്പാർട്ട്മെന്റ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ അധികാരിയായി ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട്,1983 പ്രകാരം കേരളത്തിൽ ആകെ എത്ര അപ്പാർട്ട്മെന്റ് അസോസിയേഷനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവയുടെ പേരുകൾ, രജിസ്റ്റർ ചെയ്ത വർഷം എന്നിവ ഉൾപ്പെടെയുള്ള ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) കേരളത്തിലെ അപ്പാർട്ട്മെന്റ് അസോസിയേഷനുകൾ കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട്,1983 ഒഴികെയുള്ള മറ്റ് നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ,അത്തരം രജിസ്ട്രേഷനുകൾ തടയുന്നതിനും കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട്,1983 കർശനമായി നടപ്പിലാക്കുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

**കേരളത്തിലെ അപ്പാർട്ട്മെന്റ് അസോസിയേഷനുകളുടെ രജിസ്ട്രേഷൻ**

1815 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അപാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട്, 1983 പ്രകാരം അപാർട്ട്മെന്റ് അസോസിയേഷനുകളുടെ രജിസ്ട്രേഷനുള്ള കോംപിറ്റന്റ് അതോറിറ്റിയായി ബന്ധപ്പെട്ട ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർമാരെ (ഡിസാസ്റ്റർ മാനേജ്മെന്റ്) ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയമപ്രകാരം സംസ്ഥാനത്ത് ഇതുവരെ ആകെ എത്ര അപാർട്ട്മെന്റ് അസോസിയേഷനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവയുടെ പേര്,രജിസ്റ്റർ ചെയ്ത വർഷം എന്നിവ ഉൾപ്പെടെയുള്ള ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ അപാർട്ട്മെന്റ് അസോസിയേഷനുകൾ 1983 ലെ ആക്ടിന് പകരമായി മറ്റ് നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ, പ്രസ്തുത അപാർട്ട്മെന്റ് അസോസിയേഷനുകളെ കേരള അപാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട്, 1983-ന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നിയമം കർശനമായി നടപ്പിലാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**റൂം ഫോർ ദ റിവർ പദ്ധതി**

1816 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 2019-ൽ പ്രഖ്യാപിച്ച റൂം ഫോർ ദ റിവർ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പാക്കാനാണ് തീരുമാനിച്ചിരുന്നത്; വ്യക്തമാക്കാമോ;

(ബി) മുൻ മുഖ്യമന്ത്രിയും ഉദ്യോഗസ്ഥരും 2019 മേയ് മാസത്തിൽ നെതർലാൻഡ്സ് സന്ദർശിച്ചതിന്റെ തുടർച്ചയായിരുന്നോ പ്രസ്തുത പദ്ധതിയുടെ പ്രഖ്യാപനം എന്ന് വ്യക്തമാക്കാമോ; പ്രസ്തുത സന്ദർശനവുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവായിട്ടുണ്ട് എന്ന് അറിയിക്കാമോ;

(സി) പദ്ധതിയുടെ കൺസൾട്ടൻസി ആയ ഐ.ഐ.ടി. മദ്രാസ് പദ്ധതിയെക്കുറിച്ച് രണ്ടുവർഷം മുമ്പ് റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ?

<u>**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**</u>

1817 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത് സുഗമവും സുതാര്യവുമായി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിലവിലെ സർക്കാർ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നാളിതുവരെ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) അർഹരായവർക്ക് സഹായധനം അനുവദിക്കുന്നതിന് അവലംബിച്ച് വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**</u>

1818 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അപേക്ഷ സമർപ്പിച്ചാൽ തീർപ്പ് കൽപ്പിക്കേണ്ടത് എത്ര ദിവസത്തിനുള്ളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര തുക നൽകി; വ്യക്തമാക്കാമോ;

(സി) സി.എം.ഡി.ആർ.എഫ്. അപേക്ഷ റവന്യൂ സെക്രട്ടറിയുടെ കയ്യിൽ കെട്ടിക്കിടക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>വിമാനത്താവളങ്ങളിലെ പാർക്കിംഗ് ഫീസ്</u>

1819 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ വിമാനത്താവളത്തിലും നിലവിൽ ഈടാക്കുന്ന പാർക്കിംഗ് ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ?

(ബി) സംസ്ഥാനത്തെ ഓരോ വിമാനത്താവളത്തിലും പാർക്കിംഗ് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വിമാനത്താവളങ്ങളിൽ യാത്രക്കാരെ ഇറക്കി വിടുവാനും സ്വീകരിക്കുവാനും എത്തുന്ന വാഹനങ്ങൾക്ക് കുറഞ്ഞത് 15 മിനിട്ട് സമയത്തേക്ക് സൗജന്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) അമിതമായ പാർക്കിംഗ് ഫീസ് യാത്രക്കാർക്ക് ഉണ്ടാക്കുന്ന സാമ്പത്തികഭാരം കുറയ്ക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന ഫീസ് വർധനവിനെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള വികസനം</u>

1820 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ പുരോഗമിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും ഇതിന്റെ നിലവിലെ ഭൗതിക-സാമ്പത്തിക സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) വിമാനത്താവള വികസനത്തിന് (റൺവേ നീളം കൂട്ടൽ ഉൾപ്പെടെയുള്ള പദ്ധതികൾക്ക്) അനുബന്ധമായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ ഉണ്ടായിരുന്ന തടസ്സങ്ങളും ജനവാസ മേഖലകളിലെ പ്രയാസങ്ങളും പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) വിമാനത്താവളത്തിനായി ഭൂമി വിട്ടുനൽകിയ ഉടമകൾക്ക് അർഹമായ നഷ്ടപരിഹാരം, പുനരധിവാസം എന്നിവ നൽകുന്നതിൽ നിലവിൽ നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്നും ഇത് വേഗത്തിലാക്കാൻ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) ഭാവി വികസനം മുന്നിൽക്കണ്ട് തടസ്സങ്ങളില്ലാത്ത രീതിയിൽ റൺവേ വികസനവും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളും നടപടികളുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**<u>സിയാൽ-ന്റെ പ്രവർത്തനമേഖല</u>**

1821 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിയാലിന്റെ ഏവിയേഷൻ കൺസൾട്ടൻസി പദ്ധതിക്ക് തുടക്കമായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം മേഖലകളിലാണ് കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) നാല് രാജ്യാന്തര വിമാനത്താവളങ്ങളുള്ള കേരളത്തെ ഏവിയേഷൻ ഹബ്ബാക്കി മാറ്റുകയെന്ന സ്വപ്നപദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

(സി) പാർക്ക് ചെയ്തിരിക്കുന്ന വിമാനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ബ്രിഡ്ജ് മൗണ്ടഡ് എക്യുപ്മെന്റ് സർവീസ് സിയാലിൽ നടപ്പാക്കിയിട്ടുണ്ടോ; എല്ലാ വിമാനങ്ങൾക്കും സൗജന്യമായാണോ ഈ സേവനം ലഭ്യമാക്കുന്നതെന്നും ഇന്ത്യയിൽ ആദ്യമായാണോ ഇത്തരമൊരു സൗജന്യ സേവനം നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>**തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതി**</u>

1822 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാം ഘട്ട അലൈൻമെന്റ് പ്രകാരം പാത പാപ്പനംകോട് നിന്നാണ് ആരംഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാത ഏതാനും കിലോമീറ്ററുകൾ കൂടി ദീർഘിപ്പിച്ച് നേമം വരെ നീട്ടണമെന്ന് ആവശ്യമുന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നേമം റെയിൽവേ സ്റ്റേഷൻ പ്രധാന ടെർമിനലായി വികസിക്കുന്ന സാഹചര്യത്തിലും വിഴിഞ്ഞം തുറമുഖം സജ്ജമാകുന്നതോടെ ദേശീയപാതയിലുണ്ടാകുന്ന ഗതാഗത സാന്ദ്രതയും യാത്രാക്ലേശവും കണക്കിലെടുത്തും മെട്രോ നേമം വരെ ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഇതിനായി കെഎംആർഎൽ/ഡിഎംആർസി എന്നിവർക്ക് ആവശ്യമായ നിർദ്ദേശം നൽകി തിരുവനന്തപുരം മെട്രോയുടെ ഒന്നാം ഘട്ടത്തിൽ തന്നെ നേമം ടെർമിനൽ/സ്റ്റേഷൻ കൂടി ഉൾപ്പെടുത്താൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

<u>**കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെയും മെട്രോ റെയിൽ ലിമിറ്റഡിന്റെയും സാമ്പത്തികസ്ഥിതി**</u>

1823 **ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. കാരായി രാജൻ**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാട്ടർ മെട്രോ പദ്ധതിയുടെയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെയും (കെ.എം.ആർ.എൽ.) നിലവിലെ സാമ്പത്തികസ്ഥിതിയെക്കുറിച്ചും പദ്ധതി ലാഭകരമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) 2025-26 സാമ്പത്തികവർഷത്തിൽ കൊച്ചി മെട്രോ പ്രവർത്തനലാഭം കൈവരിച്ച എന്നത് ശരിയാണോ; എങ്കിൽ, മുൻ വർഷങ്ങളെ അപേക്ഷിച്ച് ടിക്കറ്റ് വിൽപ്പനയിലൂടെയും ടിക്കറ്റിതര മാർഗ്ഗങ്ങളിലൂടെയും(പരസ്യം,സ്റ്റേഷൻ വാടക തുടങ്ങിയവ) ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പദ്ധതി നിലവിൽ നേരിടുന്ന മൊത്തം ബാധ്യതകൾ (വായ്പ, പലിശ തുടങ്ങിയവ) എത്രയാണെന്നും പ്രസ്തുത ബാധ്യതകൾ തീർക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ;

(ഡി) വാട്ടർ മെട്രോ അടക്കമുള്ള ഗതാഗത സംവിധാനങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ യാത്രക്കാരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് എത്രയാണ്;ഫീഡർ സർവീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് പുരോഗമിക്കുന്നത്;

(ഇ) കെ.എം.ആർ.എൽ. മറ്റ് സംസ്ഥാനങ്ങൾക്കും വിദേശ രാജ്യങ്ങൾക്കും നൽകുന്ന കൺസൾട്ടൻസി സേവനങ്ങളിലൂടെ അധിക വരുമാനം നേടുന്നുണ്ടോ;വ്യക്തമാക്കാമോ;

(എഫ്) പുതിയ ടെർമിനലുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം വൈകുന്നത് പദ്ധതിയുടെ സാമ്പത്തികസ്ഥിതിയെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ടോ; എങ്കിൽ, ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന അടിയന്തര നടപടികൾ എന്തൊക്കെയാണ്?

<u>**ദേശീയ ജലപാത നവീകരണം**</u>

1824 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത നവീകരണത്തിന്റെ ഭാഗമായ താനൂർ മണ്ഡലത്തിലെ കനോലി കനാലിന്റെ വീതികൂട്ടി നവീകരണ പ്രവൃത്തി എന്ന് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സഞ്ചാര യോഗ്യമല്ലാത്തതിനാലും ട്രാൻസ്പോർട്ടേഷൻ നടക്കാത്തതിനാലും പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ; ഇത്തരത്തിൽ ചെളിയും മണലും തിങ്ങി നിറഞ്ഞതിനാൽ ട്രാൻസ്പോർട്ടേഷൻ നടത്താനാവാത്ത പ്രത്യേക സാഹചര്യം കേന്ദ്ര സർക്കാറിനെ അറിയിച്ചിട്ടുണ്ടോ;എങ്കിൽ, അത്തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിൽ നിന്ന് ഇളവ് ലഭിക്കാൻ പ്രത്യേക ഇടപെടൽ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ദേശീയ ജലപാത നവീകരണം നടക്കുമ്പോൾ കോവളം മുതൽ ബേക്കൽ വരെ പദ്ധതിയിൽ നിന്ന് ഒരു പ്രവർത്തിയും നടക്കാത്ത റീച്ചാണ് താനൂർ മണ്ഡലത്തിലെ കനോലി കനാലെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ, അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ ദേശീയ ജലപാത കടന്ന് പോവുന്ന ഭാഗങ്ങളിൽ ജലപാതയ്ക്ക് കുറുകെ നിലവിലുള്ള ഏതെല്ലാം പാലങ്ങൾക്കാണ് ഹൊറിസോണ്ടൽ/വെർട്ടിക്കൽ ക്ലിയറൻസുള്ളതെന്ന് വ്യക്തമാക്കാമോ; അത്തരത്തിൽ ക്ലിയറൻസില്ലാത്ത ജില്ലയിലെ പാലങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

## പി.ആർ.ഡി.യിലെ പരസ്യ ഏജൻസികളുടെ പാനൽ

1825 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച പരസ്യ ഏജൻസികളുടെ പാനൽ പബ്ലിക് റിലേഷൻസ് വകുപ്പ് (പി.ആർ.ഡി )പുതുക്കിയിരുന്നോ;വ്യക്തമാക്കുമോ;

(ബി) എന്റെ കേരളം, നവകേരള സദസ്സ് തുടങ്ങിയ പരിപാടികളുടെ നടത്തിപ്പ് കരാർ നേടിയത് ഈ പാനലിലുള്ള സ്ഥാപനങ്ങൾ ആയിരുന്നോ;പാനലിൽ നിന്നും ടെൻഡർ ഇല്ലാതെ സ്ഥാപനങ്ങൾക്ക് കരാർ നൽകിയിരുന്നോ;വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്തെ പേർസണൽ സ്റ്റാഫിലെ പ്രസ്സ് സെക്രട്ടറിയുടെ മകന്റെ സ്ഥാപനം,കണ്ണൂരിലെ പാർട്ടി നേതാവിന്റെ ബന്ധുവിന്റെ സ്ഥാപനം തുടങ്ങിയവ കരാറുകൾ നേടിയിരുന്നോ;വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിൽ പ്രധാന ചുമതലകൾ വഹിച്ചിരുന്ന ചില ഉദ്യോഗസ്ഥരുടെ ബെനാമി സ്ഥാപനങ്ങളും പാനലിൽ ഉണ്ടെന്നുള്ള ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ;വിശദമാക്കുമോ?

<u>വിദേശ കുടിയേറ്റത്തിനുള്ള ഏകജാലക സംവിധാനം</u>

1826 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തേക്ക് പോകുന്ന യുവജനങ്ങളുടെ സുരക്ഷയ്ക്കും യാത്രാചെലവിനും നൈപുണ്യ വികസനത്തിനും ഉൾപ്പെടെയുള്ള വായ്പാ തുക വർധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) യുവജനങ്ങൾ വിദേശത്തേക്ക് പോകുന്നതിന് മുൻപായി ആവശ്യമായ നൈപുണ്യ പരിശീലനം,ഭാഷാ പരിശീലനം,വിസാ പ്രോസസ്സിംഗ് തുടങ്ങിയ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഏകജാലക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടെ വിദേശ തൊഴിൽ വാഗ്ദാനം ചെയ്ത് തട്ടിപ്പിനിരയായ മലയാളികളുടെ എണ്ണം എത്ര;ഇതുസംബന്ധിച്ച് നോർക്കയ്ക്ക് ലഭിച്ച പരാതികളുടെ എണ്ണം എത്ര;അതിൽ എത്ര പരാതികൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്;തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയ സ്ഥാപനങ്ങളെയും വ്യക്തികളെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;ഇല്ലെങ്കിൽ, അത്തരം സ്ഥാപനങ്ങളെയും വ്യക്തികളെയും ഉൾപ്പെടുത്തി കരിമ്പട്ടിക തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ;

(ഡി) വിദ്യാർത്ഥി വിസയുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ തടയുന്നതിനും വിദേശ പഠനത്തിനായി പോകുന്ന വിദ്യാർത്ഥികൾക്ക് ശരിയായ വിവരങ്ങളും മാർഗനിർദേശങ്ങളും ലഭ്യമാക്കുന്നതിനുമായി സ്റ്റുഡന്റ് മൈഗ്രേഷൻ

അഡ്വൈസറി സിസ്റ്റം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ;

(ഇ) വിദേശ തൊഴിൽ റിക്രൂട്ട്മെന്റിന് മുൻപ് റിക്രൂട്ടിങ് ഏജൻസിയുടെ അംഗീകാരവും ജോബ് ഓഫറിന്റെ യാഥാർത്ഥ്യവും പരിശോധിക്കുന്നതിനായി നോർക്ക മുഖേന നിർബന്ധിത വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദമാക്കുമോ?

<u>പ്രവാസി ക്ഷേമ പെൻഷൻ</u>

1827 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;എത്ര തുകയാണു ലഭിക്കുക;നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ്;വ്യക്തമാക്കുമോ;

(ബി) എത്ര മാസത്തെ തുകയാണ് കുടിശ്ശികയായിട്ടുള്ളത്;ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക നൽകിയിട്ടുണ്ട്?

<u>പ്രവാസികളുടെ വിമാന ടിക്കറ്റ് നിരക്കുവർദ്ധനവ്</u>

1828 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. പി. കെ. നവാസ്**
**ശ്രീ. പി .എം. എ. സമീർ**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾ നാട്ടിലേക്ക് വരുമ്പോഴും തിരികെ പോകുമ്പോഴും വിമാനക്കമ്പനികൾ ഈടാക്കുന്ന ഭീമമായ ടിക്കറ്റ് നിരക്കുവർദ്ധനവ് മൂലം പ്രവാസികൾ നേരിടുന്ന കടുത്ത സാമ്പത്തിക പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) മലബാറിലെ പ്രവാസികൾ പ്രധാനമായി ആശ്രയിക്കുന്ന കരിപ്പൂർ വിമാനത്താവളത്തിലേക്ക് മറ്റ് വിമാനത്താവളങ്ങളെ അപേക്ഷിച്ച് ഉയർന്ന നിരക്ക് ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് കേന്ദ്ര സർക്കാരുമായോ വ്യോമയാന മന്ത്രാലയവുമായോ

വിമാനക്കമ്പനികളുമായോ ബന്ധപ്പെട്ട് എന്തെങ്കിലും അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സീസൺ സമയങ്ങളിൽ പ്രവാസികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ചാർട്ടേഡ് വിമാന സർവീസുകൾ ഏർപ്പെടുത്തുന്നതിനോ അല്ലെങ്കിൽ മറ്റ് ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിനോ പദ്ധതിയുണ്ടോ;വിശദമാക്കാമോ;

(ഡി) സാധാരണക്കാരായ പ്രവാസികൾക്ക് ടിക്കറ്റ് നിരക്കിൽ ആശ്വാസം നൽകുന്നതിനായി ടിക്കറ്റ് സബ്സിഡിയോ പ്രത്യേക പ്രവാസി ക്ഷേമ പദ്ധതികളോ നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

<u>മഞ്ചേശ്വരം മണ്ഡലത്തിലെ റസ്റ്റ് സ്റ്റോപ്പ് പദ്ധതി</u>

1829 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ തലപ്പാടിയിലെ സർക്കാർ ഭൂമിയിൽ റസ്റ്റ് സ്റ്റോപ്പ് പദ്ധതി പ്രകാരം സ്വകാര്യ കമ്പനികൾക്കോ ഫ്രാഞ്ചൈസി സ്ഥാപനങ്ങൾക്കോ ഭക്ഷണശാലകൾ,കടകൾ,ഇന്ധനനിലയങ്ങൾ തുടങ്ങിയ വാണിജ്യസ്ഥാപനങ്ങൾ നടത്താൻ അനുമതി നൽകുന്നതിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി അനുവദിക്കുന്നതിനായി തുറന്ന ടെൻഡർ,ലേലം,അപേക്ഷ ക്ഷണിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഭൂമി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള പാട്ടത്തുക, ലൈസൻസ് ഫീസ്,വരുമാനവിഹിതം അല്ലെങ്കിൽ മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വ്യവസ്ഥകൾ ലംഘിക്കപ്പെടുകയോ നിശ്ചിത സമയത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാതിരിക്കുകയോ ചെയ്താൽ ഭൂമി തിരിച്ചെടുക്കുന്നതിനോ കരാർ റദ്ദാക്കുന്നതിനോ വ്യവസ്ഥകളുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) തലപ്പാടി റസ്റ്റ് സ്റ്റോപ്പ് പദ്ധതിക്ക് ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവിന്റെ നമ്പർ, തീയതി,പദ്ധതി ചെലവ് എന്നിവ വ്യക്തമാക്കാമോ;

(എഫ്) പദ്ധതിയുടെ വിശദമായ പദ്ധതിരേഖ, അംഗീകരിച്ച രൂപരേഖ,നിർമാണ എസ്റ്റിമേറ്റ് എന്നിവ ഏത് അധികാരിയാണ് അംഗീകരിച്ചത്; പദ്ധതിയുടെ നിർമാണത്തിനും മറ്റ് സേവനങ്ങൾക്കുമായി കരാറുകൾ നൽകിയിട്ടുണ്ടെങ്കിൽ കരാർ ലഭിച്ച സ്ഥാപനങ്ങളുടെ പേരുകൾ,കരാർ തുകകൾ,കരാർ കാലാവധി എന്നിവ വ്യക്തമാക്കാമോ;

(ജി) പ്രസ്തുത ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ സർക്കാർ ഉത്തരവുകളുടെയും അനുമതികളുടെയും കരാറുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

<u>**നോർക്കയിൽ 14 പേരെ സുപ്രീം കോടതി ഉത്തരവ് മാനിക്കാതെ സ്ഥിരപ്പെടുത്തിയ നടപടി**</u>

1830 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയിൽ 2009-ൽ നടപടിക്രമങ്ങൾ പാലിക്കാതെ താൽക്കാലികമായി നിയമിക്കപ്പെട്ട 14 ജീവനക്കാരെ 2011-ൽ അന്നത്തെ എൽ.ഡി.എഫ് സർക്കാർ സ്ഥിരപ്പെട്ടുത്തിയിരുന്നോ;പ്രസ്തുത ജീവനക്കാരുടെ പേരുകൾ,തസ്തികകൾ, നിയമന തീയതികൾ,നിയമനരീതി എന്നിവ ലഭ്യമാക്കുമോ; ഇവരുടെ സ്ഥിരനിയമനം പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ റദ്ദാക്കിയിരുന്നോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; വ്യക്തമാക്കുമോ;

(ബി) നോർക്കയിൽ 14 ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി റദ്ദാക്കിയ യു.ഡി.എഫ്. സർക്കാരിന്റെ തീരുമാനത്തെ ബഹു. സുപ്രീം കോടതി ശരിവച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ, ഇതുസംബന്ധിച്ച സുപ്രീം കോടതി വിധിയുടെ വിശദാംശം നൽകാമോ;

(സി) 2017-ൽ അന്നത്തെ എൽ.ഡി.എഫ് സർക്കാർ നോർക്കയിലെ പ്രസ്തുത 14 ജീവനക്കാരെ മുൻകാല പ്രാബല്യത്തോടെ വീണ്ടും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ, ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത സ്ഥിരപ്പെടുത്തലിന് മന്ത്രിസഭാ തീരുമാനം ഉണ്ടായിരുന്നോ; ഉണ്ടെങ്കിൽ, തീരുമാനത്തിന്റെ തീയതിയും അതിന്റെ പകർപ്പും ലഭ്യമാക്കുമോ; ബഹു. സുപ്രീം കോടതിയുടെ

വിധിക്കുശേഷവും പ്രസ്തുത ജീവനക്കാരെ വീണ്ടും സ്ഥിരപ്പെടുത്തിയതിന്റെ സാഹചര്യം വിശദമാക്കുമോ; വിശദമാക്കുമോ;

(ഡി) മന്ത്രിസഭാ തീരുമാനം ഇല്ലാതെയാണ് പ്രസ്തുത 14 ജീവനക്കാരെ മുൻകാല പ്രാബല്യത്തോടെ സ്ഥിരപ്പെടുത്തിയതെങ്കിൽ, അത്തരമൊരു നടപടി ചട്ടവിരുദ്ധമാണോയെന്ന് പരിശോധിക്കുമോ; ബഹു. സുപ്രീം കോടതി ശരിവെച്ച സ്ഥിരപ്പെടുത്തൽ റദ്ദാക്കൽ ഉത്തരവിനെ മറികടന്ന് പ്രസ്തുത ജീവനക്കാരെ വീണ്ടും സ്ഥിരപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അനുമതി തേടിയിരുന്നോ; അനുമതി നൽകിയിട്ടുണ്ടെങ്കിൽ, ഇതുസംബന്ധിച്ച ഫയലിന്റെ പകർപ്പ് നൽകാമോ; നിയമ വകുപ്പിന്റെ എതിർപ്പ് മറികടന്നാണോ പ്രസ്തുത സ്ഥിരപ്പെടുത്തൽ നടത്തിയതെന്ന് വ്യക്തമാക്കുമോ;

(ഇ) ബഹു. സുപ്രീം കോടതി വിധിക്ക് വിരുദ്ധമായി നടത്തിയതായി ആരോപിക്കപ്പെടുന്ന ക്രമവിരുദ്ധ സ്ഥിരപ്പെടുത്തൽ റദ്ദാക്കി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനോ നിയമപരിശോധനയ്ക്ക് വിധേയമാക്കുന്നതിനോ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ;

(എഫ്) അഭ്യസ്തവിദ്യരായ നിരവധി ഉദ്യോഗാർത്ഥികളുടെ തൊഴിൽസാധ്യതകൾക്ക് തിരിച്ചടിയാകുന്ന വിധത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള നിയമനത്തിലൂടെ നടത്തിയ സ്ഥിരപ്പെടുത്തൽ നടപടി റദ്ദാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുമോ;വിശദമാക്കുമോ?

**<u>തലപ്പാടി റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ നിർമാണവും നടത്തിപ്പും</u>**

1831 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ തലപ്പാടി റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ നിർമാണപ്രവൃത്തികൾക്കായി ക്ഷണിച്ച ടെൻഡറുകളിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ എണ്ണം,ടെൻഡർ നടപടിക്രമം,കരാർ അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ എന്നിവ എന്തൊക്കെയാണ്;

(ബി) നിർമാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും ചെലവുകൾ പരിശോധിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും സ്വതന്ത്ര പരിശോധനയോ ഓഡിറ്റോ ഏർപ്പെടുത്തിയിട്ടുണ്ടോ;വ്യക്തമാക്കാമോ;

(സി) റെസ്റ്റ് സ്റ്റോപ്പ് പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾക്ക് സൗജന്യമായി ഉപയോഗിക്കാവുന്ന സൗകര്യങ്ങൾ ഏതൊക്കെയാണ്;അവ ഉറപ്പാക്കുന്നതിന് എന്ത് വ്യവസ്ഥകളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന കടമുറികൾ,ഭക്ഷണശാലകൾ,മറ്റ് വാണിജ്യസ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പ് സർക്കാർ,ഒ.കെ.ഐ.എച്ച് (ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ്), സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ ആരുടെ നിയന്ത്രണത്തിലാണ്;വ്യക്തമാക്കാമോ;

(ഇ) പദ്ധതി പ്രവർത്തനം ആരംഭിച്ചശേഷം പൊതുജനങ്ങൾ ഉപയോഗിക്കുന്ന സൗകര്യങ്ങൾക്ക് ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ,പ്രസ്തുത നിരക്കുകൾ നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും ഏത് അധികാരിയായിരിക്കും;

(എഫ്) പദ്ധതിയുടെ നടത്തിപ്പിൽ നിന്നുള്ള വരുമാനവും പരിപാലനച്ചെലവും കണക്കാക്കുന്നതിനുള്ള സംവിധാനം എന്താണ്;പദ്ധതിയിൽനിന്ന് സർക്കാരിന് ലഭിക്കുന്ന സാമ്പത്തിക നേട്ടം വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

## ലോകകേരളസഭ നടത്തിപ്പ് ചെലവ്

1832 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകകേരളസഭ നടത്തിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ ചെലവായ തുക വർഷം തിരിച്ച് ലഭ്യമാക്കാമോ;ഇതിനായി സ്പോൺസർഷിപ്പ് ഇനത്തിൽ എന്തെങ്കിലും ലഭ്യമായിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതുവരെ നടന്ന ലോകകേരളസഭയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനോ പ്രവാസികൾക്കോ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ;

(സി) ലോകകേരളസഭയിലെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണ്; ഓരോ ലോകകേരളസഭയിലും പ്രതിധികളായി

നിശ്ചയിച്ചിരുന്നവരുടെ എണ്ണവും പങ്കെടുത്തവരുടെ എണ്ണവും വർഷം തിരിച്ച് ലഭ്യമാക്കാമോ?

**ലോക കേരളസഭ**

1833 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. പി. കെ. ഫിറോസ്**

**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ 2016-21, 2021-26 കാലയളവിൽ വൻതുക ചെലവഴിച്ച് സംഘടിപ്പിച്ച ലോക കേരളസഭ പ്രവാസികൾക്ക് യാതൊരുവിധ പ്രയോജനവും ഉണ്ടാക്കിയില്ലെന്ന വികാരം പ്രവാസി സമൂഹത്തിൽ ശക്തമായി നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമ്മേളനങ്ങൾക്കായി പൊതുഖജനാവിൽനിന്നും നോർക്ക മുഖേനയും ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ;ഈ പരിപാടികളിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ചും അനാവശ്യ ധൂർത്തിനെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ലോക കേരളസഭയുടെ തുടർനടപടികൾ അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം**

1834 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണ ചുമതലയുള്ള പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**എൻ.ഡി.പി.എസ്. കോടതികൾ**

1835 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി കേസുകളിൽ പെട്ടെന്ന് വിചാരണ നടത്തി കുറ്റവാളികളെ ശിക്ഷിക്കാൻ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് (എൻ.ഡി.പി.എസ്.)-ന്റെ കീഴിൽ 24 സ്പെഷ്യൽ കോടതികൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) അബ്കാരി നിയമപ്രകാരം എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന അബ്കാരി കോടതികളിൽ നിലവിൽ കേസുകൾ കുറവായതിനാൽ അബ്കാരി കോടതികൾ എൻ.ഡി.പി.എസ്. പ്രത്യേക കോടതികളാക്കി മാറ്റുന്നതിന് നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിൽ ലഹരി കേസുകളിൽ വിചാരണ വൈകുന്നതിനാൽ വലിയ അളവിൽ ലഹരി വസ്തുക്കളുമായി പിടികൂടപ്പെടുന്ന കേസുകളിലും പ്രതികൾ ആറുമാസത്തിനുള്ളിൽ തന്നെ ജാമ്യം നേടി പുറത്തിറങ്ങി വീണ്ടും ലഹരി വില്പന നടത്തുന്ന സാഹചര്യം തടയാൻ നടപടി സ്വീകരിക്കുമോ;വിശദാംശം ലഭ്യമാക്കുമോ?

**<u>വയോജനങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ</u>**

1836 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ഷേമപദ്ധതികൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>വയോമിത്രം പദ്ധതി</u>**

1837 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ നടപ്പിലാക്കിയ വയോമിത്രം പദ്ധതിയിൽ ഉൾപ്പെട്ട വയോജനങ്ങൾക്ക്, കഴിഞ്ഞ മൂന്ന് വർഷത്തോളമായി ആവശ്യമായ മരുന്നുകൾ പല കേന്ദ്രങ്ങളിലും ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദീർഘമായ കാലയളവിൽ മരുന്നുകൾ ലഭ്യമാക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; മരുന്നുകൾ എല്ലാ കേന്ദ്രങ്ങളിലും സമയബന്ധിതമായി എത്തിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചിരുന്ന മെഡിക്കൽ ഓഫീസർമാരെ രണ്ടു വർഷത്തോളമായി ദിവസവേതന അടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് നിയമിക്കുന്നത് പദ്ധതിയുടെ നല്ല നടത്തിപ്പിനെയും സ്ഥിരതയെയും പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലേക്ക് രണ്ടു വർഷമായി ദിവസവേതനടിസ്ഥാനത്തിൽ പോലും ഒഴിവ് വരുന്ന മുറയ്ക്ക് പുതുതായി ആരെയും നിയമിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കാമോ;

(ഡി) വയോമിത്രം പദ്ധതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

<u>വയോജന ക്ഷേമം</u>

1838 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജന പകൽപരിചരണ കേന്ദ്രങ്ങളും വയോജന സൗഹൃദ കേന്ദ്രങ്ങളും എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വയോജനങ്ങളിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൗൺസലിംഗ്, ടെലിമെഡിസിൻ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ;

(സി) വയോജന സൗഹൃദ കേരളം എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>**പി.എസ്.സി. നിയമന ക്രമക്കേടുകൾ.**</u>

1839 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിലും റാങ്ക് ലിസ്റ്റുകളിലും നിയമനപ്രക്രിയകളിലും ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് കാട്ടി ഉദ്യോഗാർത്ഥികളിൽ നിന്നും സംഘടനകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാതിരിക്കൽ,താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തൽ,പരീക്ഷാ തട്ടിപ്പുകൾ എന്നിവ സംബന്ധിച്ച് ലഭിച്ച പരാതികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പി.എസ്.സി. നിയമനപ്രക്രിയകളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും വിവിധ വകുപ്പുകളിൽ ഒഴിവുള്ള തസ്തികകൾ കൃത്യസമയത്ത് റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പിക്കുന്നതിനും ഡിജിറ്റൽ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ഡി) ഉദ്യോഗാർത്ഥികൾ ഉയർത്തിയ പ്രധാന ആവശ്യങ്ങളും പരാതികളും പരിശോധിക്കുന്നതിന് പ്രത്യേക അന്വേഷണമോ ഉന്നതതല യോഗമോ വിളിച്ചുചേർക്കാൻ തയ്യാറുണ്ടോ;എങ്കിൽ സ്വീകരിച്ച നടപടികളും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളും വ്യക്തമാക്കാമോ?

<u>**വയോജന കമ്മീഷൻ ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ**</u>

1840 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ആക്ട് പ്രകാരമുള്ള കമ്മീഷൻ എന്നാണ് ചുമതലയേറ്റത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ചട്ടങ്ങൾ രൂപീകരിക്കാത്തത് മൂലം കമ്മീഷന്റെ നിർദ്ദിഷ്ട പ്രവർത്തനങ്ങൾക്ക് വിഘാതം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ?

**മന്ത്രിസഭാംഗങ്ങൾക്കായി ഐ.ഐ.എമ്മിൽ പരിശീലന പരിപാടി**

1841 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭാംഗങ്ങൾക്കായി കോഴിക്കോട് ഐ.ഐ.എമ്മിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നോ;വ്യക്തമാക്കാമോ;

(ബി) ശില്പശാലയിൽ ക്ലാസുകൾ നയിച്ചതാരൊക്കെയാണ്;അവരുടെ യോഗ്യതകൾ എന്തെല്ലാമാണ്;കേരള വികസനത്തിൽ അവർ വഹിച്ചിട്ടുള്ള നേതൃത്വപരമായ പങ്ക് എന്താണെന്ന് വിശദമാക്കാമോ;

(സി) ശില്പശാലയ്ക്കായി ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ?

**വയോജനക്ഷേമം**

1842 **ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ പരാതികൾക്കും അടിയന്തര ആവശ്യങ്ങൾക്കും 24 മണിക്കൂറും പരിഹാരം കാണുന്നതിനായി ഹെൽപ്പ് ലൈനും ഫീൽഡ് തലത്തിൽ ഇടപെടുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമും രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വയോജനങ്ങളുടെ സുരക്ഷ,സ്വതന്ത്ര ജീവിതം,സാമൂഹിക പങ്കാളിത്തം,സാമ്പത്തിക ബാധ്യതകൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണോ വയോജനക്ഷേമ വകുപ്പ് പ്രവർത്തിക്കുക എന്ന് വിശദമാക്കുമോ;

(സി) എല്ലാ കളക്ടറേറ്റുകളിലും ജില്ലാ വയോജന സെല്ലുകളും സംസ്ഥാനതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഗവേണിംഗ് കൗൺസിലും

രൂപീകരിക്കുന്നുണ്ടോ;

(ഡി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വയോജന സൗകര്യ ഡെസ്കുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ?

<u>**വയോജന സൗഹൃദ സംവിധാനം**</u>

1843 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. നാട്ടകം സുരേഷ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബ ഘടനയിലെ മാറ്റവും മക്കളുടെ കുടിയേറ്റവും ആയുർ ദൈർഘ്യത്തിലെ വർധനയും സമൂഹത്തിൽ സൃഷ്ടിക്കുന്ന വയോജന പരിചരണ പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിന്റെ മാറുന്ന ജനസംഖ്യാ ഘടനയിൽ വയോജന പരിചരണം വലിയ സാമൂഹിക ആവശ്യമായി മാറുന്ന സാഹചര്യത്തിൽ പരിചരണത്തോടൊപ്പം അന്തസ്സും സ്വാതന്ത്ര്യവും അവകാശങ്ങളും ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യകരവും സജീവവുമായ വാർധക്യം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കഴിയുന്നത്ര സ്വന്തം വീടുകളിലും കുടുംബ സാമൂഹിക അന്തരീക്ഷത്തിലും തുടരാൻ വയോജനങ്ങൾക്ക് സാഹചര്യമൊരുക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>**വയോജന അയൽപക്ക സഹായ ശൃംഖല പദ്ധതി**</u>

1844 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. പഴകുളം മധു**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പുരോഗികളായ വയോജനങ്ങൾ, ഭിന്നശേഷിക്കാരായ മുതിർന്നവർ, സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വയോജനങ്ങൾ എന്നിവരെ കണ്ടെത്തി ആവശ്യമായ സഹായം എത്തിക്കുന്നതിനായി വയോജന അയൽപക്ക സഹായ ശൃംഖല പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വാർഡ്തലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലം വരെ കുടുംബശ്രീ സംവിധാനം പ്രയോജനപ്പെടുത്തി വയോജനങ്ങൾക്ക് സാമൂഹിക പിന്തുണ ഉറപ്പാക്കുകയെന്നതാണോ പദ്ധതിയുടെ ലക്ഷ്യം എന്ന് വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, സന്നദ്ധ സംഘടനകൾ തുടങ്ങിയവയെ സംയോജിപ്പിച്ചുകൊണ്ടാണോ പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ ?

## വയോമിത്രം പദ്ധതി

1845 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതി വഴി ലഭ്യമാകുന്ന ആനുകൂല്യങ്ങളും അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വയോമിത്രം പദ്ധതി പ്രകാരം ലഭ്യമായിക്കൊണ്ടിരുന്ന മരുന്നുകളും ഉപകരണങ്ങളും മറ്റും മാസങ്ങളായി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശം നൽകാമോ;

(സി) വയോമിത്രം പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ,പദ്ധതി നിർത്തിവെക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(ഡി) വയോമിത്രം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തടസ്സമില്ലാതെ തുടരുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

## പാലക്കാട് റെയിൽവെ ഡിവിഷന്റെ വിഭജനം

1846 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് റെയിൽവേ ഡിവിഷന്റെ ഭാഗമായ ഉള്ളാൾ,മംഗളൂരു,പനമ്പൂർ ഉൾപ്പെടെയുള്ള ഭാഗങ്ങൾ മൈസുരു ഡിവിഷനിൽ ഉൾപ്പെടുത്തിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടി പാലക്കാട് റെയിൽവേ ഡിവിഷന്റെ ഭാവി വികസനത്തെ ദോഷകരമായി ബാധിക്കുമെന്നത് വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കാമോ;

(സി) പ്രസ്തുത വിഭജന നടപടി പിൻവലിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

<u>**പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി**</u>

1847 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി ഉപേക്ഷിച്ചതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി കഞ്ചിക്കോട് 239 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ;എങ്കിൽ,എപ്പോഴാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(സി) 2011-15 കാലത്ത് റെയിൽവേ കോച്ച് ഫാക്ടറിയുടെ തറക്കല്ല് ഇട്ടിരുന്നോ; വ്യക്തമാക്കാമോ;

(ഡി) തറക്കല്ലിട്ട പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;പദ്ധതിക്ക് അക്കാലത്ത് റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ടോ?

<u>**ശബരി റെയിൽപാത**</u>

1848 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി ചെലവിന്റെ 50 ശതമാനം സംസ്ഥാനം വഹിക്കാമെന്ന ഉറപ്പിൽ ശബരി റെയിൽപാതയ്ക്ക് മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്രം അനുമതി നൽകിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) പദ്ധതിക്ക് കിഫ്ബി മുഖേന 1900 കോടി രൂപ അനുവദിക്കാനും എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിൽ നിന്ന് ഭൂമി ഏറ്റെടുക്കാനും മുൻ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നോ;വ്യക്തമാക്കാമോ;

(സി) പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

**റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം**

1849 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ അംഗീകാരങ്ങൾ ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെയും റെയിൽവേയുടെയും സംയുക്ത സംരംഭമായ കെ-റെയിൽ കോർപ്പറേഷന് റെയിൽവേ മുൻഗണന നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെ-റെയിൽ കോർപ്പറേഷൻ വഴി സമർപ്പിക്കുന്ന റെയിൽവേ മേൽപ്പാലങ്ങളുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ്ങുകൾക്ക് താരതമ്യേന ത്വരിതഗതിയിൽ റെയിൽവേയുടെ അംഗീകാരം ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(സി) വിവിധ ഏജൻസികൾ വഴി പുരോഗമിക്കുന്ന റെയിൽവേ മേൽപ്പാല നിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് കെ-റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;വിശദമാക്കാമോ?

**കെ-റെയിൽ പദ്ധതി**

1850 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും അവസാനിപ്പിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളത്;വിശദമാക്കാമോ;

(ബി) കെ-റെയിൽ പദ്ധതിയുടെ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;എങ്കിൽ,എത്ര ജീവനക്കാർ,വാഹനങ്ങൾ എന്നിവ നിലവിലുണ്ട് എന്ന് വിശദാംശം നൽകാമോ;

(സി) നിലവിൽ പ്രതിമാസം കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചെലവ് എത്രയാണ്; വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച സ്ഥലത്ത് നിന്നും അതിർത്തിക്കല്ലുകൾ പൂർണ്ണമായും നീക്കം ചെയ്തിട്ടുണ്ടോ;എങ്കിൽ, എന്തെല്ലാം നടപടികളാണ് ഇതുമായി ബന്ധപ്പെട്ട് അവശേഷിക്കുന്നത്;

(ഇ) സംസ്ഥാനത്തിന് ഒരു തരത്തിലും അനുയോജ്യമല്ല എന്ന് ആരോപണം നേരിടേണ്ടിവരുന്ന കെ-റെയിൽ പോലുള്ള പദ്ധതികൾ പ്രഖ്യാപിക്കുകയും പൊതുജനങ്ങൾക്ക് അതു വഴി പ്രയാസങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിന് ഇടയാക്കുന്ന സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## പാലക്കാട് റെയിൽവേ ഡിവിഷന്റെ വിഭജനം

1851 **ശ്രീ. കെ. രാജൻ**

**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് റെയിൽവേ ഡിവിഷനിൽ നിന്ന് മംഗലാപുരം സ്റ്റേഷൻ ഉൾപ്പെടെയുള്ള ഭാഗങ്ങൾ മൈസൂരു ഡിവിഷനിലേക്ക് മാറ്റാനുള്ള റെയിൽവേ ബോർഡിന്റെ തീരുമാനം ഏകപക്ഷീയമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മംഗലാപുരം ജങ്ഷൻ ഒഴിവാക്കിയതിലൂടെ പാലക്കാട് ഡിവിഷന്റെ വരുമാനം ഗണ്യമായി കുറയുകയും ഇത് ഡിവിഷന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും എന്നത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(സി) പാലക്കാട് ഡിവിഷന്റെ പ്രവർത്തനപരമായ പരിധിയും പ്രാധാന്യവും കുറച്ച് അതിനെ ക്രമേണ ദുർബലപ്പെടുത്താനുള്ള നീക്കമാണിത് എന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) തീരുമാനം പുന:പരിശോധിക്കാൻ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്തെ എം.പിമാരുടെ കൂടി സഹകരണത്തോടെ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ

നടത്തുവാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

**മംഗളൂരു മേഖല പാലക്കാട് റെയിൽവേ ഡിവിഷനിൽ നിന്നും മാറ്റുന്ന നടപടി**

1852 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണ റെയിൽവേയുടെ പാലക്കാട് ഡിവിഷന് കീഴിലുള്ള മംഗളൂരു മേഖലയെ (മംഗളൂരു സെൻട്രൽ,മംഗളൂരു ജംഗ്ഷൻ,പണമ്പൂർ പോർട്ട് പരിധികൾ ഉൾപ്പെടെ) സൗത്ത് വെസ്റ്റേൺ റെയിൽവേയുടെ മൈസൂരു ഡിവിഷനിലേക്ക് മാറ്റാൻ റെയിൽവേ ബോർഡ് തീരുമാനിച്ച കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലബാർ മേഖലയ്ക്കും കേരള സംസ്ഥാനത്തിനും വലിയ തിരിച്ചടിയാകുന്നതും ട്രെയിൻ സർവീസുകൾ,പിറ്റ്ലൈൻ അറ്റകുറ്റപ്പണികൾ,വരുമാനം എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതുമായ ഈ തീരുമാനത്തിനെതിരെ എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്;വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ തീരുമാനം പിൻവലിച്ച് മംഗളൂരു മേഖലയെ പാലക്കാട് ഡിവിഷന്റെ ഭാഗമായിത്തന്നെ നിലനിർത്തുന്നതിനായി കേന്ദ്ര റെയിൽവേ മന്ത്രാലയവുമായും റെയിൽവേ ബോർഡുമായും സംസ്ഥാന സർക്കാർ ബന്ധപ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്?

**ക്ഷാമബത്ത, ക്ഷാമാശ്വാസം കുടിശ്ശിക**

1853 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും സർവീസ് പെൻഷൻകാർക്കും മുൻ സർക്കാർ ഉത്തരവായ നാല് ഗഡു ക്ഷാമബത്ത/ക്ഷാമാശ്വാസം കുടിശ്ശിക ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി) നിലവിൽ എത്ര ഗഡു ക്ഷാമബത്ത/ക്ഷാമാശ്വാസം കുടിശ്ശികയുണ്ടെന്നും പ്രസ്തുത കുടിശ്ശിക ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ക്ഷാമബത്ത /ക്ഷാമാശ്വാസം കുടിശ്ശിക തീർത്ത് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>**സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**</u>

1854 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2024 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരേണ്ട പന്ത്രണ്ടാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം അറിയിക്കാമോ; ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി വ്യക്തമാക്കാമോ;

(ബി) ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക തുക പൂർണമായി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര ഗഡുക്കളായി എത്ര തുക നൽകാനുണ്ട്; പ്രസ്തുത തുക എപ്പോൾ നൽകാനാകുമെന്ന് അറിയിക്കാമോ?

<u>**മെഡിക്കൽ കോളേജുകളിലെ ധനകാര്യ പരിശോധന**</u>

1855 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധന വിഭാഗം 2024, 2025 വർഷങ്ങളിൽ നടത്തിയ പരിശോധനയിൽ സാമ്പത്തിക ഇടപാടുകളിലും ധന വിനിയോഗങ്ങളിലും നടപടിക്രമങ്ങൾ പാലിക്കുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെ സാമ്പത്തിക ഇടപാടുകളും ധനവിനിയോഗവും ആഭ്യന്തര പരിശോധനയും കുറ്റമറ്റതാക്കുന്നതിനായി

ധനകാര്യ വകുപ്പിൽ നിന്നും ഫിനാൻസ് ഓഫീസറെ നിയമിക്കണമെന്ന് പ്രസ്തുത പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നോ;

(സി) എങ്കിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഫിനാൻസ് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>അക്രഡിറ്റഡ് ഏജൻസികൾ വഴിയുള്ള നിർമ്മാണ പ്രവൃത്തികളുടെ നിരീക്ഷണം</u>

1856 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം വിവിധ പ്രവൃത്തികൾ നിർവഹിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അംഗീകൃത ഏജൻസികൾക്ക് ഒരേ സമയം ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ പരമാവധി നിർവ്വഹണ പരിധി (Work-in-hand limit) നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ അംഗീകാരമുള്ള ഓരോ അക്രഡിറ്റഡ് ഏജൻസികളും വിവിധ വകുപ്പുകളിൽ നിന്നായി ഏറ്റെടുത്ത് നടത്തിവരുന്ന പ്രവൃത്തികളുടെ ആകെ തുക (Present work-in-hand amount) എത്രയാണെന്ന് ഏജൻസി തിരിച്ച് വ്യക്തമാക്കാമോ;

(സി) വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇത്തരം ഏജൻസികൾക്ക് പ്രത്യേകമായി പ്രവൃത്തികൾ നൽകുമ്പോൾ, മേൽപ്പറഞ്ഞ പരിധി കവിയുന്നുണ്ടോ എന്ന് തത്സമയം പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി കേന്ദ്രീകൃത സോഫ്റ്റ്‌വെയറോ ഏകീകൃത ഡാറ്റാബേസോ (Centralised Monitoring Mechanism/Portal) നിലവിലുണ്ടോ;

(ഡി) ഒരേ ഏജൻസി തന്നെ വ്യത്യസ്ത വകുപ്പുകളിൽ നിന്നായി അനുവദനീയമായ പരിധിയിലധികം നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം ക്രമക്കേടുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) പ്രവൃത്തികളുടെ സുതാര്യതയും ഗുണനിലവാരവും സമയബന്ധിതമായ പൂർത്തീകരണവും ഉറപ്പാക്കുന്നതിനായി അംഗീകൃത ഏജൻസികൾ ഏറ്റെടുത്തിട്ടുള്ള മൊത്തം പ്രവൃത്തികൾ ട്രാക്ക് ചെയ്യുന്നതിന് കേന്ദ്രീകൃത

ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**ഇ-ട്രഷറി സംവിധാനം ഉൾപ്പെടെ ഡിജിറ്റൽ പണമിടപാട് വഴി പേയ്മെന്റുകൾ**

1857 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡ് കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കുന്ന കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി സെസ്, രജിസ്ട്രേഷൻ ഫീസ്, മറ്റ് അനുബന്ധ ഫീസുകൾ എന്നിവ നിലവിൽ ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന നിബന്ധന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നികുതികളും ഫീസുകളും യു.പി.ഐ., ഇ-പോസ്, ഇന്റർനെറ്റ് ബാങ്കിങ്, മറ്റ് ഓൺലൈൻ പേയ്മെന്റ് സംവിധാനങ്ങൾ എന്നിവയിലൂടെ അടയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിലും സമാനമായ മറ്റ് ക്ഷേമനിധി ബോർഡുകളിലും ഇ-ട്രഷറി സംവിധാനം ഉൾപ്പെടെ ഡിജിറ്റൽ പണമിടപാട് വഴി പേയ്മെന്റുകൾ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതിന് ധനകാര്യവകുപ്പ് നിർദേശം നൽകുമോ; വ്യക്തമാക്കാമോ?

**എൻജിനീയറിംഗ് വകുപ്പുകളിൽ ഡിവിഷണൽ അക്കൗണ്ടന്റ് / ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ**

1858 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എൻജിനീയറിംഗ്, തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് തുടങ്ങിയ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വികസന, നിർമ്മാണ, അടിസ്ഥാന സൗകര്യ, പരിപാലന പ്രവൃത്തികളുടെ എണ്ണത്തിലും സാമ്പത്തിക ഇടപാടുകളുടെ വ്യാപ്തിയിലും ഗണ്യമായ വർധനവുണ്ടായിട്ടും, പ്രസ്തുത ഓഫീസുകളിൽ സാമ്പത്തിക നിയന്ത്രണത്തിനായി ആവശ്യമായ

ഡിവിഷണൽ അക്കൗണ്ടന്റ് /ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ മതിയായ തോതിൽ നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ എൻജിനീയറിംഗ് വകുപ്പുകളിലെ ഡിവിഷൻ,സർക്കിൾ ഓഫീസുകളിൽ നിലവിൽ അനുവദിച്ചിട്ടുള്ള ഡിവിഷണൽ അക്കൗണ്ടന്റ്,ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം,നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം,ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം എന്നിവ വകുപ്പ്/ഓഫീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഉദ്യോഗസ്ഥരുടെ കുറവ് മൂലം ബില്ലുകളുടെ പരിശോധന, കരാറുകളുമായി ബന്ധപ്പെട്ട സാമ്പത്തിക പരിശോധന,ബജറ്റ് വിനിയോഗത്തിന്റെ നിരീക്ഷണം,ചെലവ് നിയന്ത്രണം,സാമ്പത്തിക ചട്ടങ്ങളുടെ പാലനം,ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് മറുപടി നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ കാലതാമസമോ പ്രായോഗിക ബുദ്ധിമുട്ടുകളോ ഉണ്ടാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) വിവിധ എൻജിനീയറിംഗ് വകുപ്പുകളിൽ പുതിയ ഡിവിഷണൽ അക്കൗണ്ടന്റ് / ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിൽ പരിഗണനയിലുണ്ടോ;ഉണ്ടെങ്കിൽ അത്തരം നിർദ്ദേശങ്ങൾ ഏത് വകുപ്പുകളിലും എത്ര തസ്തികകൾ വീതവുമാണ്; പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഇതിനകം ആരംഭിച്ചിട്ടുള്ള ഫയലുകളുടെ നിലവിലെ സ്ഥിതി, ഫയൽ നമ്പർ, ബന്ധപ്പെട്ട വകുപ്പിൽ/ധനകാര്യ വകുപ്പിൽ അവ പരിഗണനയിലുള്ള ഘട്ടം എന്നിവ വ്യക്തമാക്കാമോ?

## സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃ സ്ഥാപിക്കൽ

1859 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരും അധ്യാപകരുമായി ആകെ എത്ര പേർ സർവ്വീസിൽ ഉണ്ട്; ജീവനക്കാരുടെയും അധ്യാപകരുടെയും എണ്ണം പ്രത്യേകം വ്യക്തമാക്കാമോ;

(ബി) ജീവനക്കാർക്കും അധ്യാപകർക്കും ഉണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നിർത്തലാക്കി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയത് എന്നുമുതലാണ്; വിശദമാക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നാളിതുവരെ എത്ര ജീവനക്കാരും അധ്യാപകരുമാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനകളുടെ ആവശ്യത്തിന്മേൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

<u>**കിഫ്ബി മുഖേനയുള്ള പ്രവൃത്തികൾ**</u>

1860 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി രൂപീകൃതമായത് മുതൽ നാളിതുവരെ വിവിധ പ്രവൃത്തികൾക്കായി കിഫ്ബി മുഖേന ചെലവഴിച്ചിട്ടുള്ള ആകെ തുക എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(ബി) ഈ കാലയളവിൽ കിഫ്ബി വിവിധ ബാങ്ക് അക്കൗണ്ടുകളിലായി സൂക്ഷിച്ചിരുന്ന തുകകളുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) വിവിധ ബാങ്കുകളിലായി സൂക്ഷിച്ച തുകകളുടെ പലിശ ഇനത്തിൽ ലഭിച്ച ആകെ തുക എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) കിഫ്ബി മുഖേന എത്ര പ്രവൃത്തികൾ ആണ് നാളിതുവരെ നടപ്പാക്കിയിട്ടുള്ളത്; ഇതിലേക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

<u>**എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (SDF) വർദ്ധനവ്**</u>

1861 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (SDF) പ്രകാരമുള്ള തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-ൽ സർക്കാർ പ്രത്യേക വികസന നിധി പ്രകാരമുള്ള തുക വർദ്ധന വരുത്തിയ ശേഷം പല തവണ DSR (ഡീറ്റൈൽഡ് ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പരിഷ്കരിച്ചിട്ടും എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി പ്രകാരമുള്ള തുക വർദ്ധിപ്പിക്കാത്തത് കാരണം വികസന

പ്രവൃത്തികൾക്കുള്ള തുക അപര്യാപ്തമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി പ്രകാരമുള്ള തുക 1 കോടി രൂപയിൽ നിന്നും 2 കോടി രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>സ്ത്രീ സുരക്ഷാ പദ്ധതി</u>

1862 **ശ്രീ. വി. ജോയി**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീമതി ഒ. എസ്. അംബിക**

**ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ സ്ത്രീ സുരക്ഷാ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട്; പ്രസ്തുത തുക വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കുടിശ്ശിക സഹിതം ഗുണഭോക്താക്കൾക്ക് എന്നത്തേക്ക് തുക നൽകാനാകുമെന്ന് വിശദമാക്കാമോ;

(സി) സുതാര്യമായ നടപടിക്രമങ്ങളിലൂടെ ഗുണഭോക്താക്കൾക്ക് അർഹമായ സാമ്പത്തിക സഹായം ലഭിക്കാത്തത് അവരുടെ കുടുംബങ്ങൾക്ക് സൃഷ്ടിച്ച പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സ്ത്രീ സുരക്ഷാ പദ്ധതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ;

(ഇ) ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച നടപടി സ്വീകരിക്കുന്ന ഫയലിന്റെ നമ്പർ ലഭ്യമാക്കാമോ?

## <u>സ്ത്രീ സുരക്ഷ പദ്ധതി</u>

1863 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ സ്ത്രീ സുരക്ഷാപദ്ധതിയിൽ എത്രപേർക്ക് ആനുകൂല്യം ലഭ്യമായിരുന്നു എന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) പുതിയ അപേക്ഷകൾ സ്വീകരിക്കുന്നത് ഇപ്പോൾ സർക്കാർ തടഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത കടങ്ങളുടെ വിവരങ്ങൾ</u>

1864 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എടുത്ത വായ്പകൾ ഏതൊക്കെ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുമാണെന്നും ഏതൊക്കെ മാർഗങ്ങളിലൂടെയാണ് സമാഹരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എടുത്തിട്ടുള്ള വായ്പയുടെ തുകയും അതേ കാലയളവിൽ തിരിച്ചടച്ച മുതലും പലിശയും ഉൾപ്പെടെയുള്ള തുകയും എത്രയാണെന്ന് മാസം തിരിച്ച് വ്യക്തമാക്കാമോ;

(സി) നിലവിൽ സംസ്ഥാന സർക്കാരിന്റെ ആകെ പൊതുകടം എത്രയാണ്; നിലവിലെ സർക്കാർ അധികാരത്തിൽ വന്ന സമയത്തെ പൊതു കടവുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോഴത്തെ പൊതു കടത്തിൽ എത്ര രൂപയുടെ വർധനവാണ് ഉണ്ടായിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിന് നടപടി</u>

1865 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നികുതി വെട്ടിപ്പ്, വ്യാജ ഇൻവോയ്സ്, വ്യാജ ഐ.ടി.സി ക്ലെയിം തുടങ്ങിയവ കണ്ടെത്തുന്നതിനും തടയുന്നതിനുമായി സംസ്ഥാന ജി.എസ്.ടി വകുപ്പ് നിലവിൽ ഉപയോഗിക്കുന്ന സാങ്കേതിക സംവിധാനങ്ങൾ കൂടതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഡാറ്റ അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സംശയാസ്പദമായ ഇടപാടുകൾ കണ്ടെത്തുന്ന സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുമോ;

(സി) കഴിഞ്ഞ 5 വർഷത്തിനിടെ ഇത്തരത്തിലുള്ള പരിശോധനകളിലൂടെ കണ്ടെത്തിയ നികുതി വെട്ടിപ്പ് എത്ര തുകയുടേതാണ്; ഇതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി, വെട്ടിച്ച യഥാർത്ഥ തുക എത്രയെന്ന് കണ്ടെത്തുമോ;

(ഡി) നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പർ ഇ-വേ ബിൽ, ഇ-ഇൻവോയിസ് തുടങ്ങിയ സംവിധാനങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഏകോപിപ്പിച്ച് ഉപയോഗിക്കുന്നതിനു പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

## നികുതിദായക സഹായകേന്ദ്രങ്ങൾ

1866 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യാപാരികൾ ഉൾപ്പെടെയുള്ള നികുതിദായകർക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ, റിട്ടേൺ സമർപ്പിക്കൽ, നികുതി അടയ്ക്കൽ, റീഫണ്ട് തുടങ്ങിയ നടപടികൾ കൂടുതൽ ലളിതവും സുതാര്യവുമാക്കുന്നതിനായി സംസ്ഥാന ജി.എസ്.ടി.വകുപ്പിൽ പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നികുതിദായകരുടെ പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം വിലയിരുത്തിയിട്ടുണ്ടോ;

(സി) റീഫണ്ട് അപേക്ഷകളും മറ്റ് അപേക്ഷകളും തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഓരോ ജില്ലയിലും നികുതിദായക സഹായകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ചായ, കോഫി, ദോശ, തുടങ്ങിയ മലയാളികളുടെ സാധാരണ ഭക്ഷ്യസാധനങ്ങളുടെ മേൽ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ഈടാക്കുന്ന ഭീമമായ ജി.എസ്.ടി. കുറയ്ക്കാൻ കേന്ദ്രത്തിനോട് ആവശ്യപ്പെടുമോ?

**ജി. എസ്. ടി. യിലൂടെയുണ്ടായ ധനനഷ്ടം**

1867 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിന് ഉണ്ടായ ധനനഷ്ടം എത്രയായിരുന്നുവെന്നും അപ്രകാരം ധനനഷ്ടം ഉണ്ടാകാനുള്ള കാരണം എന്താണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ജി. എസ്. ടി. നഷ്ടം നികത്തുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗം വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന് കേന്ദ്രസർക്കാർ ജി.എസ്.ടി. ഇനത്തിൽ നൽകാൻ ബാക്കിയുള്ള തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ?

**സംസ്ഥാന സർക്കാരിന്റെ വരുമാന വർദ്ധനവ്**

1868 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്ന് ഗാർഹിക,വ്യാപാര,വ്യാവസായിക ഉപഭോക്താക്കൾക്ക് വ്യത്യസ്ത സ്ലാബുകളിൽ നികുതിയും മറ്റ് സേവനങ്ങൾക്കുള്ള ഫീസും ഏർപ്പെടുത്തുനാകുമോ എന്ന് വ്യക്തമാക്കാമോ;

(സി) ബ്രാൻഡഡ് കാർഷിക വിളകൾ, ആഡംബര വാഹനങ്ങളുടെ സ്പെയർ പാർട്ട്സുകൾ തുടങ്ങിയവയ്ക്ക് സെസ് ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനാകുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) 2026 മാർച്ച് 31 തീയതി പ്രകാരം സംസ്ഥാന സർക്കാരിന് ലഭ്യമാകാനുള്ള നികുതി കുടിശിക എത്രയാണ് എന്നും ഏതെല്ലാം നികുതികളിൽ ആണ് കുടിശ്ശിക ഉണ്ടായിട്ടുള്ളതെന്നും വിശദമാക്കാമോ;

(ഇ) സംസ്ഥാന സർക്കാരിന് ലഭ്യമാകാനുള്ള നികുതി കുടിശിക ഈടാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം**

1869 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷമുള്ള സ്റ്റേറ്റ് ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം സമഗ്രമായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയതിന് മുമ്പുള്ള നികുതി സംവിധാനവും നിലവിലുള്ള നികുതി സംവിധാനവും തമ്മിലുള്ള പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വകുപ്പിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം, ഒഴിവുള്ള തസ്തികകൾ, ഓഫീസ് സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ബാർ ഹോട്ടലുകളുടെ നികുതിവെട്ടിപ്പ്</u>**

1870 **ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിലെ അവസാന സാമ്പത്തിക വർഷം ബാർ ഹോട്ടലുകളിൽ നിന്ന് കൃത്യമായി നികുതി പിരിവ് നടത്താതിരുന്നതിനാൽ മുൻവർഷത്തേക്കാൾ 100.61 കോടി രൂപയുടെ നഷ്ടം സംഭവിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ ബാർ ഹോട്ടലുകളിൽ ഓപ്പറേഷൻ സ്റ്റോം ലൈറ്റ് എന്ന പേരിൽ നികുതി പരിശോധന നടത്തിയിരുന്നോ; പ്രസ്തുത പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് അറിയിക്കാമോ?

**<u>കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായ അധിക സാമ്പത്തിക സഹായം</u>**

1871 **ശ്രീ. സജി ചെറിയാൻ**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് എന്തെങ്കിലും തരത്തിലുള്ള അധിക സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്നും ഓരോ ഇനത്തിലും ലഭിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) 2026 മേയ് 26-ന് മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും കേന്ദ്ര ധനമന്ത്രിയുമായും നടത്തിയ കൂടിക്കാഴ്ചയിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുന്നതിനോ ഇളവ് അനുവദിക്കുന്നതിനോ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ആവശ്യങ്ങളിൽ കേന്ദ്ര സർക്കാർ അനുകൂല തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അനുവദിച്ച അധിക കടമെടുപ്പ് പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>സർക്കാർ വായ്പകൾ</u>**

1872 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത വായ്പകൾ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വായ്പയുടെയും പലിശനിരക്ക് വ്യക്തമാക്കാമോ?

**<u>കിഫ്ബി വഴിയുള്ള വികസന പദ്ധതികളും സാമ്പത്തിക ബാധ്യതയും</u>**

1873 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രവർത്തിക്കുന്ന കിഫ്ബിയുടെ നിലവിലെ പ്രവർത്തന രീതികളും സാമ്പത്തിക മാതൃകയും സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) കിഫ്ബി വഴി എടുത്ത കടങ്ങളും അതിന്മേലുള്ള തിരിച്ചടവ് ബാധ്യതയും സംസ്ഥാനത്തിന്റെ പൊതു കടപരിധിയിൽ വരുന്നത് മൂലമുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(സി) കിഫ്ബി ഏറ്റെടുത്തിട്ടുള്ള വിവിധ പദ്ധതികളുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് സി.എ.ജി ഓഡിറ്റിംഗിന് വിധേയമാക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(ഡി) സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി കിഫ്ബിയുടെ ഘടനയിലും പ്രവർത്തനങ്ങളിലും ആവശ്യമായ പുനഃസംഘടനയോ മാറ്റങ്ങളോ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

**കിഫ്ബിയുടെ പ്രവർത്തനം**

1874 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നാളിതുവരെ എത്ര പ്രൊജക്ടുകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും പൂർത്തിയാക്കിയതിൽ വരുമാനം ലഭിക്കുന്ന പ്രൊജക്ടുകൾ എതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) കിഫ്ബി ആകെ കടമെടുത്ത തുകയും എവിടെയൊക്കെ നിന്നാണ് കടം എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) കിഫ്ബി ആരംഭിച്ചത് മുതൽ കടമെടുത്ത തുക, അടവാക്കിയ പലിശ തുക, ആകെ തിരിച്ചടവ് എന്നിവ സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ച് മുഖേന മസാല ബോണ്ട് വഴി കിഫ്ബി കടമെടുത്ത തുക എത്രയെന്നും ഈ ഇനത്തിൽ എത്ര തുക പലിശയായി നൽകിയെന്നും ആകെ തിരിച്ചടവ് എത്രയെന്നും വിശദമാക്കാമോ?

**ഉദുമ നിയോജക മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

1875 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജക മണ്ഡലത്തിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന എത്ര പ്രവൃത്തികൾ ഇനി പൂർത്തിയാക്കാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നും പൂർത്തീകരണത്തിന്റെ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**കിഫ്ബി യിലെ ക്രമക്കേട്**

1876 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബിയിൽ കേഡർ, ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവർക്ക് പ്രതിമാസം 20,000 രൂപ വരെ പ്രോജക്ട് അലവൻസ് എന്ന പേരിൽ നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) സർക്കാർ ജീവനക്കാർ മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്യുകയോ പ്രതിഫലം വാങ്ങുകയോ ചെയ്യരുതെന്ന ചട്ടമുള്ളപ്പോൾ കിഫ്ബിയുടെ കൺസൾട്ടൻസി സ്ഥാപനമായ കിഫ്കോൺ-നെ സഹായിക്കുന്ന സർക്കാർ ജീവനക്കാർക്ക് പ്രതിമാസം 20,000 രൂപ നൽകിയിരുന്നോ; വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് കിഫ്ബിയുടെ മറവിൽ ധൂർത്തും ക്രമക്കേടും നടന്നിരുന്നു എന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ; വ്യക്തമാക്കുമോ?

**<u>ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കിഫ്ബി വഴി നൽകിയ പ്രവൃത്തികൾ</u>**

1877 **ശ്രീ. എം. വിൻസെന്റ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തു വർഷത്തിൽ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കിഫ്ബി വഴി കരാർ നൽകിയ പ്രവൃത്തികളുടെ/ സേവനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ/സേവനങ്ങളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയും ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയ തുകയും തരംതിരിച്ച് ലഭ്യമാക്കുമോ;

(സി) 2016-21, 2021-26 കാലയളവുകളിലെ സർക്കാരുകളുടെ കാലത്തു നൽകിയവയും പ്രവൃത്തി/സേവനം പൂർത്തിയാകാത്തതുമായ കരാറുകളുടെ വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത സൊസൈറ്റിക്ക് നൽകിയ പ്രവൃത്തികളിൽ നിർമ്മാണത്തിലെ അപാകത മൂലം തകർന്നതോ പരാതിയുള്ളതോ ആയ പ്രവൃത്തികൾ/സേവനങ്ങൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

**കിഫ്ബി മുഖേനയുള്ള സാമ്പത്തിക സമാഹരണവും ചെലവും**

1878 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-2026 സർക്കാരുകളുടെ കാലത്ത് കിഫ്ബി വഴി സ്വരൂപിച്ച തുകയുടെ വിശദ വിവരങ്ങളും, സ്വരൂപിച്ച സ്രോതസ്സുകളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികളുടെ വകുപ്പ് തിരിച്ചുള്ള തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ കിഫ്ബി വഴി അനുവദിച്ച പ്രവൃത്തികളുടെ തുക ജില്ല, നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ തരം തിരിച്ച് ലഭ്യമാക്കാമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ പുരോഗതിയും പ്രവൃത്തികളിലുള്ള തടസ്സങ്ങളും**

1879 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ അനുമതി നൽകിയതും നിലവിൽ പ്രവൃത്തി പുരോഗമിക്കുന്ന എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ മുഴുവൻ പദ്ധതികളുടെയും (റോഡുകൾ, കെട്ടിടങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ) നിലവിലെ ഭൗതിക അവസ്ഥയും നിർമ്മാണ ഘട്ടവും വ്യക്തമാക്കുന്ന വിശദമായ വിവരങ്ങൾ ഇനംതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കിഫ്ബി പദ്ധതികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്തോ സമീപകാലത്തോ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങളോ കാലതാമസങ്ങളോ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രോജക്ടുകളിലാണ് ഇത്തരം പ്രതിസന്ധികൾ നേരിട്ടതെന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി പ്രവൃത്തികളിൽ നേരിട്ട തടസ്സങ്ങളും കാലതാമസവും പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മണ്ഡലത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് കിഫ്ബിക്ക് കീഴിൽ ഏതെങ്കിലും പുതിയ പദ്ധതികൾ നിലവിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വരുംകാലങ്ങളിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) കിഫ്ബി പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നടപ്പ് വർഷം (2026) വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിരീക്ഷണ സംവിധാനങ്ങളുടെയും ഫണ്ട് ലഭ്യതയുടെയും പൂർണ്ണ വിവരങ്ങൾ രേഖാമൂലം നൽകാമോ?

**<u>കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള പാലം നിർമ്മാണം</u>**

1880 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 സർക്കാരുകളുടെ കാലയളവിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആയവയിൽ നിർമ്മാണം പൂർത്തിയാക്കിയവ എത്രയെന്ന് വിശദമാക്കാമോ;

(സി) നിർമ്മാണം പുരോഗമിക്കുന്നവ എത്രയെന്ന് വിശദമാക്കാമോ?

**<u>തൃശ്ശൂർ ജില്ലയിലെ കിഫ്ബി മുഖേനയുള്ള പദ്ധതികൾ</u>**

1881 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുള്ള തൃശ്ശൂർ ജില്ലയിലെ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികളാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) അനുവദിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>തലശ്ശേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

1882 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന 2017-18 സാമ്പത്തിക വർഷത്തിൽ 69.88 കോടി രൂപയുടെ അംഗീകാരം നൽകി നടപ്പിലാക്കുന്ന തിരുവങ്ങാട്-ചമ്പാട് കോപ്പാലം തലശ്ശേരി റോഡ് പദ്ധതിയുടെ പൂർത്തീകരണത്തിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഇനി സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**കിഫ്ബി ഫണ്ട് വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് -ധോണി -മുട്ടിക്കുളങ്ങര റോഡ് നവീകരണം**

1883 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് -ധോണി -മുട്ടിക്കുളങ്ങര റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ടോ; ഇതിനായി കിഫ്ബി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**കിഫ്ബി പരസ്യങ്ങൾ നൽകുന്നതിനുള്ള നടപടിക്രമം**

1884 **ശ്രീ. എൻ. ശക്തൻ**
**ശ്രീ. സി. വി. ശാന്തകുമാർ**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പരസ്യങ്ങൾ നൽകുന്നതിനുള്ള ഏജൻസികളുടെ തിരഞ്ഞെടുപ്പ് ഏത് നടപടിക്രമത്തിലൂടെയാണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ടെൻഡർ, ക്വട്ടേഷൻ, എംപാനൽമെന്റ് എന്നിവയിൽ ഏത് രീതിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) കിഫ്ബി പരസ്യങ്ങൾക്കായി ഓരോ മാധ്യമത്തിനും നൽകുന്ന നിരക്ക് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; സർക്കാർ അംഗീകരിച്ച

നിരക്കുപട്ടികയാണോ ഇതിനായി ഉപയോഗിക്കുന്നത്; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കിഫ്ബി പരസ്യച്ചെലവുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരിശോധനയിൽ എന്തെങ്കിലും ക്രമക്കേടുകളോ അധിക ചെലവുകളോ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശവും സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

**ദേവികുളം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

1885 **ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദീകരിക്കാമോ?

**പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

1886 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരം അറിയിക്കാമോ;

(സി) നിലവിൽ പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണ്; ഇവ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ?

**തലശ്ശേരി മണ്ഡലത്തിലെ കുണ്ടുചിറ പാലത്തിന്റെ നിർമ്മാണം**

1887 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന കുണ്ടുചിറ പാലത്തിന്റെ പൂർത്തീകരണത്തിനായി

ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ?

## തൃശ്ശൂർ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

1888 **ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജക മണ്ഡലത്തിൽ നിന്നും കിഫ്ബി വഴി അനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കപ്പെട്ടവ എത്ര എണ്ണമാണ്; അവ ഏതെല്ലാം പദ്ധതികളാണ്; നിലവിൽ ആരംഭിച്ചിട്ടുള്ളതും എന്നാൽ പൂർത്തീകരിക്കപ്പെടാത്തതുമായ പദ്ധതികൾ ഏതെല്ലാമാണ്; അനുമതി ലഭിച്ചിട്ടുള്ളതും എന്നാൽ ഇതുവരെയും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതുമായ പദ്ധതികൾ ഏതെല്ലാമാണ്; ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) കിഫ്ബി പദ്ധതിയിയിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ ജനറൽ ഹോസ്പിറ്റൽ വികസനത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി, സാമ്പത്തിക അനുമതി എന്നിവ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തീയതികളിലാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) എന്ത് തുകയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്; ടെൻഡർ നടപടികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ദേവികുളം മണ്ഡലത്തിലെ ടെൻഡർ-സേവിംഗ്സ്

1889 **ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിന് അനുവദിച്ച ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ടെൻഡർ-സേവിംഗ്സ്

ഇനത്തിൽ എത്ര തുകയാണ് ബാക്കിയുള്ളതെന്ന് വർഷം തിരിച്ച് വിശദമാക്കുമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ എം.എൽ.എ. ആസ്തിവികസന പദ്ധതികൾ**

1890 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശേരി മണ്ഡലത്തിൽ 2018-2026 കാലയളവിലെ എം.എൽ.എ. എ.ഡി.എസ്. പദ്ധതി പ്രൊപ്പോസലുകളിൽ നിന്നുള്ള ടെണ്ടർ സേവിങ്സ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**ആറന്മുള നിയോജക മണ്ഡലത്തിലെ എം.എൽ.എ. ഫണ്ട്**

1891 **ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ 2021-2026 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും പ്രാദേശിക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ വഴി നടപ്പിലാക്കിയ പ്രവൃത്തികളുടെ പേര്, തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, സാമ്പത്തിക വർഷം, ഏത് ഫണ്ട് എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2021-2026 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും പ്രാദേശിക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ വഴി ചെലവഴിക്കാത്ത തുക, സാമ്പത്തിക വർഷം, ഏത് ഫണ്ട് എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) 2021-2026 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും പ്രാദേശിക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ വഴിയുള്ള അവശേഷിക്കുന്ന തുക, സാമ്പത്തിക വർഷം, ഏത് ഫണ്ട് എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ?

**എം. എൽ. എ. മാരുടെ ആസ്തി വികസന ഫണ്ട്**

1892 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ലെ ഉത്തരവ് പ്രകാരം ഒരു സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ള എം.എൽ.എ-മാരുടെ നിയോജകമണ്ഡല ആസ്തി

വികസന ഫണ്ട് തുകയായ 5 കോടി രൂപ നിലവിലെ സാഹചര്യത്തിൽ അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) 14 വർഷങ്ങൾക്ക് ശേഷവും എം.എൽ.എ.മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് അതേ തുകയായി തുടരുന്നതിനാൽ ജനപ്രതിനിധികൾക്ക് ചെയ്യാൻ കഴിയുന്ന വികസന പ്രവർത്തനങ്ങളുടെ അളവും ഗുണമേന്മയും വളരെ കുറഞ്ഞുവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലെ ആസ്തി വികസന ഫണ്ട് തുകയായ 5 കോടി രൂപയിൽ നിന്നും തുക വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർദേശിച്ച പ്രവൃത്തികൾ</u>**

1893 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മേയ് മാസം മുതൽ നാളിതുവരെ കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നിർദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന വിവരം വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പ്രവൃത്തി ആരംഭിക്കാത്തവ, ഭരണാനുമതി ലഭിക്കാത്തവ, എസ്റ്റിമേറ്റ് സമർപ്പിക്കാത്തവ, പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നവ എന്നിവയുടെ വിശദാംശം പ്രത്യേകം തരംതിരിച്ച് ലഭ്യമാക്കുമോ?

**<u>എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്</u>**

1894 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന നിധി ഫണ്ട് വിനിയോഗിച്ച് സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഫർണിച്ചറുകൾ വാങ്ങി നൽകുന്നതിന് അനുമതിയുണ്ടോ;

(ബി) പുതിയതായി നിർമ്മാണം പൂർത്തീകരിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സമയബന്ധിതമായി ഫർണിച്ചറുകൾ ലഭ്യമാക്കാൻ വകുപ്പിന് കഴിയാതെ വരുന്നതിനാൽ സ്ഥാപനങ്ങളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസനഫണ്ട് വിനിയോഗിച്ച് പുതുതായി നിർമ്മാണം പൂർത്തീകരിച്ച സിവിൽ സർവ്വീസ് അക്കാദമി ഉപകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കേണ്ട അടിയന്തിര സാഹചര്യത്തിൽ പ്രസ്തുത ഫണ്ട് വിനിയോഗിച്ച് ഫർണിച്ചർ വാങ്ങി നൽകുന്നതിന് ഭരണാനുമതി നൽകിയ ആലപ്പുഴ ജില്ലാ കളക്ടറുടെ നടപടിക്ക് സാധൂകരണം നൽകണമെന്ന അപേക്ഷയിന്മേൽ പ്രത്യേകാനുമതി നൽകുന്നത് പരിഗണനയിലുണ്ടോ;

(ഡി) ആസ്തി വികസനഫണ്ട് മാർഗ്ഗരേഖയിൽ സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഫർണിച്ചർ വാങ്ങി നൽകുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമോ?

## <u>ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളിലെ കാലതാമസം</u>

1895 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങളും ക്ഷാമബത്ത (ഡി.എ) കുടിശ്ശികകളും വിതരണം ചെയ്യുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 11-ാം ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശികത്തുക പൂർണ്ണമായി കൊടുത്തു തീർക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ഗഡുക്കളാണ് ഇനി കുടിശ്ശികയായിട്ടുള്ളതെന്നും അത് എന്ന് നൽകിത്തീർക്കാനാകുമെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് 2024 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരേണ്ട 12-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി വ്യക്തമാക്കുമോ;

(ഡി) ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളും ആനുകൂല്യങ്ങളും സമയബന്ധിതമായി അനുവദിക്കാൻ എന്തൊക്കെ അടിയന്തര നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ;

(ഇ) ജീവനക്കാർക്കും പെൻഷൻകാർക്കും ലഭിക്കാനുള്ള ഡി.എ/ഡി.ആർ കുടിശ്ശികത്തുക എന്ന് മുതൽ അനുവദിച്ചു നൽകാനാണ് ധനകാര്യ വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) പെൻഷൻ പരിഷ്കരണ കുടിശ്ശികയും ലീവ് സറണ്ടർ ആനുകൂല്യങ്ങളും നീട്ടിവെച്ച നടപടി എപ്പോൾ പുനഃസ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത മറികടക്കുന്നതിന് സർക്കാർ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

<u>**പങ്കാളിത്ത പെൻഷൻ പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ**</u>

1896 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയതിനുശേഷം വിരമിക്കുന്ന ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി (ഡി.സി.ആർ.ജി.) കേന്ദ്രസർക്കാരും മറ്റു സംസ്ഥാന സർക്കാരുകളും പുനഃസ്ഥാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേരളത്തിലും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഡി.സി.ആർ.ജി. പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവീസിൽനിന്ന് വിരമിച്ച ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷൻ തുക വളരെ കുറവായതിനാൽ അടിസ്ഥാന ജീവിതച്ചെലവുകൾ പോലും നിറവേറ്റാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കായി പ്രത്യേക സാമ്പത്തിക സഹായപദ്ധതിയോ പെൻഷൻ പദ്ധതിയോ നടപ്പിലാക്കുന്നത് പരിഗണിക്കുന്നുണ്ടോ;

(സി) എൻ.പി.എസ്. പുനഃപരിശോധിക്കുന്നതിനായി കേരള സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ നിർദേശത്തിൽ, എൻ.പി.എസ്. പിൻവലിച്ച് കെ.എസ്.ആർ. പാർട്ട് III പ്രകാരമുള്ള പെൻഷൻ പദ്ധതി

നടപ്പിലാക്കുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എൻ.പി.എസ്. പിൻവലിച്ച് പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കേരള സംസ്ഥാന ജീവനക്കാരുടെ എൻ.പി.എസ്. പരിഷ്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) എൻ.പി.എസ്. പെൻഷൻ പദ്ധതിയിൽ കേന്ദ്രസർക്കാർ ജീവനക്കാരുടെയും മറ്റ് സംസ്ഥാനങ്ങളിലെ സർക്കാർ ജീവനക്കാരുടെയും കാര്യത്തിൽ ജീവനക്കാരന്റെയും തൊഴിൽദാതാവിന്റെയും കോൺട്രിബ്യൂഷൻ 14 ശതമാനമായി വർധിപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലും സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺട്രിബ്യൂഷൻ 14 ശതമാനമായി വർധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) എൻ.പി.എസ്. പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട കേരളത്തിലെ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കുടുംബ പെൻഷൻ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാർക്ക് കുടുംബ പെൻഷൻ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പേയ്മെന്റ് ഓഫ് അരിയേഴ്സ് ഓഫ് പെൻഷൻ നോമിനേഷൻ റൂൾസ് 1984 ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കൽ

1897 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേയ്മെന്റ് ഓഫ് അരിയേഴ്സ് ഓഫ് പെൻഷൻ നോമിനേഷൻ റൂൾസ്, 1984 സംബന്ധിച്ച് 16-08-1984-ൽ പുറപ്പെടുവിച്ച സ.ഉ.(പി)നം.408/84/ധന (G.O. (P) No. 408/84/Fin) നമ്പർ ഉത്തരവിന്റെയും പ്രസ്തുത ഉത്തരവിൻ മേൽ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഭേദഗതി ഉത്തരവുകളുടെയും അനുബന്ധ ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

1898 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് വിരമിച്ചശേഷം ഉറപ്പുള്ള പെൻഷൻ ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് സർക്കാർ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ജീവനക്കാരുടെ താൽപ്പര്യം പരിഗണിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച ജീവനക്കാരിൽ സാമൂഹ്യസുരക്ഷാ പെൻഷൻ തുകയിലും കുറവ് പെൻഷൻ ലഭിക്കുന്ന എത്ര പേർ ഉണ്ടെന്ന് അറിയിക്കാമോ?

<u>**എൻ.പി.എസ്.-ൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഡി.സി.ആർ.ജി.**</u>

1899 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷനിൽ ഉൾപ്പെട്ട ജീവനക്കാർ വിരമിക്കുമ്പോൾ ഡി.സി.ആർ.ജി. അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ നയം എന്താണെന്ന് വിശദമാക്കാമോ;

(ബി) എൻ.പി.എസ്. ജീവനക്കാർക്ക് ഡി.സി.ആർ.ജി. അനുവദിക്കുന്നതിന് നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണ് ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഡി.സി.ആർ.ജി. ലഭിക്കാതെ വിരമിച്ച ജീവനക്കാർ എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) വിരമിക്കൽ ആനുകൂല്യങ്ങൾ തുല്യമായി പരിഗണിച്ച് ഡി.സി.ആർ.ജി. അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

<u>**ക്ഷാമബത്ത / ക്ഷാമാശ്വാസ കുടിശിക**</u>

1900 **ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ സ്ഥാനമൊഴിയുമ്പോൾ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും എത്ര മാസത്തെ ക്ഷാമബത്ത/ക്ഷാമാശ്വാസ കുടിശികയാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശിക പ്രകാരം ജീവനക്കാർക്കും പെൻഷൻകാർക്കും മൊത്തം എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കുടിശിക നല്കുന്നതിന് സർക്കാരിന് എത്ര രൂപയുടെ അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കുടിശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ബഡ്ജറ്റിൽ അടങ്കൽ തുകയുടെ ഇരുപത് ശതമാനം വകയിരുത്തിയ പ്രവൃത്തികൾ</u>

1901 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എം.എൽ.എ. നിർദ്ദേശിച്ച ഒരു പ്രവൃത്തിക്ക് അടങ്കൽ തുകയുടെ ഇരുപത് ശതമാനം വകയിരുത്തി ലഭിച്ചു കഴിഞ്ഞ ശേഷം ടി പ്രവൃത്തി മാറ്റി പകരം മറ്റൊരു പ്രവൃത്തി അടങ്കൽ തുകയിൽ വ്യത്യാസം വരാതെ നിർദ്ദേശിച്ചുകൊണ്ടോ ആദ്യം നിർദ്ദേശിച്ച പ്രവൃത്തിയുടെ തന്നെ പേര് സാങ്കേതികാനുമതി ലഭിക്കാനുതകും വിധം മാറ്റി നൽകുന്നത് സംബന്ധിച്ചോ എം.എൽ.എ. ധനകാര്യ വകുപ്പിന് അപേക്ഷ നൽകിയാൽ ആയത് പരിഗണിക്കാനാകുമോ;

(ബി) എങ്കിൽ ആയത് പരിഗണിച്ച് ധനകാര്യ വകുപ്പ് പുതിയ ഉത്തരവ് നൽകുന്നത് ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണെന്നും ഇതേ കാര്യത്തിൽ എം.എൽ.എ. യുടെ അപേക്ഷ പരിഗണിക്കാതെ നിരസിക്കുന്നത് എന്തെല്ലാം സാഹചര്യങ്ങളിലാണെന്നും രേഖകൾ സഹിതം വ്യക്തമാക്കാമോ;

(സി) ആവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ മുടങ്ങിപ്പോയ ഒരു പ്രധാന പ്രവൃത്തി വീണ്ടും സജീവമാക്കാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് എം.എൽ.എ. മുൻഗണന നൽകി നിർദ്ദേശിച്ചാൽ ടി പ്രവൃത്തിക്ക് ബഡ്ജറ്റിൽ അടങ്കൽ തുകയുടെ ഇരുപത് ശതമാനം വകയിരുത്തുന്നതിനു എന്തെങ്കിലും തടസങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത തടസങ്ങൾ എന്തെല്ലാമെന്നുമുള്ള വിവരം രേഖകൾ സഹിതം അറിയിക്കാമോ?

**കരിമ്പുഴ പുഴയുടെ പ്രവൃത്തികളുടെ ഭരണാനുമതി**

1902 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ കരിമ്പുഴ പുഴയിൽ ബോട്ടിങ്ങും അനുബന്ധ പ്രവൃത്തികളും അപ്രോച്ച് റോഡ് നിർമ്മാണവും എന്ന പ്രവൃത്തിയുടെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പി.എസ്1/6/2025-പി.ഡബ്ല്യു.ഡി. എന്ന ഫയൽ നിലവിൽ ആരുടെ കൈവശമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

**ബജറ്റിൽ വകയിരുത്തിയ പദ്ധതികളുടെ ഭരണാനുമതി**

1903 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് സ്വീകരിച്ച് വരുന്ന നടപടിക്രമങ്ങളും പാലിക്കുന്ന മാനദണ്ഡങ്ങളും വിശദമാക്കാമോ;

(ബി) അതാത് വർഷം തന്നെ ഭരണാനുമതി ലഭ്യമാക്കണമെന്ന് ധനവകുപ്പ് നിഷ്കർഷിക്കുന്നുണ്ടോ;

(സി) മുൻ വർഷങ്ങളിലെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും നിയമപരമായ തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

**ധർമ്മടം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

1904 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-2026 കാലയളവിൽ ധർമ്മടം നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണ്; അനുവദിച്ച തുകയെത്ര; വിശദമാക്കാമോ;

(ബി) ഏതൊക്കെ വകുപ്പുകളാണ് പദ്ധതികൾ നിർദ്ദേശിച്ചത്; പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്താണ്; ആയവ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ;വ്യക്തമാക്കാമോ?

**കണ്ണൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

1905 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 സർക്കാരുകളുടെ കാലയളവിൽ കണ്ണൂർ നിയോജക മണ്ഡലത്തിൽ ധനകാര്യ വകുപ്പ് മുഖേന അനുവദിച്ച പദ്ധതികൾ, അനുവദിച്ച തുക എന്നീ വിവരങ്ങളും ഏതൊക്കെ വകുപ്പുകളാണ് പദ്ധതികൾ നിർദ്ദേശിച്ചത് എന്ന വിവരവും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**ഇ-ട്രഷറി സംവിധാനം ഉൾപ്പെടെയുള്ള ഡിജിറ്റൽ പണമിടപാട്**

1906 **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡ് കെട്ടിട ഉടമകളിൽനിന്ന് ഈടാക്കുന്ന കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി സെസ്, രജിസ്ട്രേഷൻ ഫീസ്, മറ്റ് അനുബന്ധ ഫീസുകൾ എന്നിവ നിലവിൽ ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന മാത്രമേ സ്വീകരിക്കുന്നുള്ളൂ എന്ന നിബന്ധന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നികുതികളും ഫീസുകളും വിവിധ ഓൺലൈൻ പേയ്മെന്റ് സംവിധാനങ്ങളിലൂടെ അടയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ, കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിലും സമാനമായ മറ്റ് ക്ഷേമനിധി ബോർഡുകളിലും ഇ-ട്രഷറി സംവിധാനം ഉൾപ്പെടെ ഡിജിറ്റൽ പണമിടപാട് വഴി പേയ്മെന്റുകൾ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതിന് ധനകാര്യവകുപ്പ് നിർദേശം നൽകുമോ;വ്യക്തമാക്കാമോ?

**ഭൂമി വിട്ടുനൽകിയ ഉടമയ്ക്ക് അർഹമായ തുക നൽകുന്നതിന് നടപടി**

1907 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമരസ്മൃതി പാർക്ക് നിർമ്മിക്കുന്നതിനായി നെടുമങ്ങാട് നഗരസഭയുടെ പേരിൽ ഭൂമി വാങ്ങി ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടും ഭൂമി വിട്ടുനൽകിയ ഉടമയ്ക്ക് അർഹമായ തുക ഇതുവരെ കൈമാറിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുക കൈമാറുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രസ്തുത തുക കൈമാറുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച ശിപാർശ അടങ്ങിയ ഫയൽ(ആർ.ഇ.1/384/2023-എൽ.എസ്.ജി.ഡി )ധനകാര്യ വകുപ്പിൽ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും തുക കൈമാറുന്നതിൽ ഇത്രയും കാലതാമസം ഉണ്ടായതിന്റെ കാരണം എന്താണ്; പ്രസ്തുത തുക റിലീസ് ചെയ്യുന്നതിന് ധനകാര്യ വകുപ്പിന്റെ അധിക അനുമതിയോ മറ്റ് നടപടിക്രമങ്ങളോ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ആയവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂമി വിട്ടുനൽകിയ ഉടമയ്ക്ക് അർഹമായ തുക എന്ന് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ; ആയതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് നിർദേശം നൽകുമോ?

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ**

1908 **ശ്രീ. സി. കെ. കാസിം**

**ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായി സേവനമനുഷ്ഠിച്ചവർക്ക് പെൻഷൻ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ദീർഘകാലമായി പൊതുപ്രവർത്തന രംഗത്ത് പ്രവർത്തിച്ച ഇവർ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരുന്ന ഇവർക്ക് പെൻഷൻ അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

**ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജ് അപ്രോച്ച് റോഡിന്റെ നിർമ്മാണാനുമതി**

1909 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കുറുമാലിപ്പുഴയിൽ നിർമ്മാണം നടത്തിയ ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് തകർന്ന് ഗതാഗത യോഗ്യമല്ലാതായതിനാൽ ഇതിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള 1.22 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ടെണ്ടർ പ്രകാരം അധികമായി ആവശ്യമായിരിക്കുന്ന തുക അനുവദിക്കുന്നതിനും, ടെണ്ടർ അപ്രൂവ് ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പുനർ നിർമ്മാണത്തിനും, റെഗുലേറ്റർ പ്രവർത്തനക്ഷമമാക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ളതും ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുന്നതുമായ എസ്റ്റിമേറ്റിന് അനുമതിയും ആവശ്യമായ ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ലോട്ടറി ഏജന്റുമാരുടെ വിവരങ്ങൾ**

1910 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ സാമ്പത്തിക വർഷവും ലോട്ടറി വിൽപ്പനയിലൂടെ സർക്കാരിന് ലഭിക്കുന്ന ആകെ വരുമാനം എത്രയാണെന്ന് വിശദമാക്കാമോ; 2026 വരെയുള്ള അഞ്ച് വർഷത്തെ കണക്ക് ലഭ്യമാക്കാമോ;

(ബി) കേരളത്തിൽ നിലവിൽ എത്ര അംഗീകൃത ലോട്ടറി ഏജന്റുമാരും ഉപ ഏജന്റുമാരും വിൽപ്പനക്കാരും പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ;

(സി) ലോട്ടറി വിൽപ്പനക്കാരുടെ ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളാണ് ഉള്ളത്; കണക്ക് ലഭ്യമാക്കാമോ;

(ഡി) ലോട്ടറി ക്ഷേമനിധിയിൽ നിന്ന് പെൻഷൻ, ചികിത്സാ സഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ സഹായം എന്നിവ ലഭിക്കുന്നവരുടെ എണ്ണം ലഭ്യമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ നവകേരള സദസ്സുമായി ബന്ധപ്പെട്ട പദ്ധതികൾ</u>**

1911 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസുമായി ബന്ധപ്പെട്ട് ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

**<u>ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കുകളിലെ മിനിമം ബാലൻസ് വ്യവസ്ഥ</u>**

1912 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാത്കൃത ഷെഡ്യൂൾഡ് ബാങ്കുകളിൽ എല്ലാ അക്കൗണ്ട് ഉടമകളും മിനിമം ബാലൻസ് നിലനിർത്തണമെന്ന വ്യവസ്ഥ കർശനമായി പാലിക്കുന്നതും സീറോ ബാലൻസ് അക്കൗണ്ടുകൾ നിഷേധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നവർക്ക് സീറോ ബാലൻസ് അക്കൗണ്ടുകൾ നിഷേധിക്കുന്നതു മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ക്ഷേത്രങ്ങൾക്ക് ഘടനാ മൂല്യനിർണയവും നഷ്ടപരിഹാരവും അനുവദിക്കുന്നതിന് നടപടി</u>**

1913 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഴയില-പഴകുറ്റി റോഡ് റീച്ച് 1-ന്റെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ബാധിക്കപ്പെടുന്ന നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഏണിക്കര

തെക്കേടം ശിവ-വിഷ്ണു ക്ഷേത്രം, ഏണിക്കര വടക്കേടം ശിവക്ഷേത്രം എന്നിവയുടെ സ്ട്രക്ചറൽ വാല്യുവേഷൻ നടത്തി നഷ്ടപരിഹാരം അനുവദിക്കുന്നതിന് പ്രത്യേക സർക്കാർ തീരുമാനം ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇതുസംബന്ധിച്ച് റവന്യൂ വകുപ്പ് Rev-B3/268/2025 (Computer No. 3255037) നമ്പർ ഫയൽ മുഖേന ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയൽ നിലവിൽ ധനകാര്യ വകുപ്പിൽ എവിടെയാണ് ഉള്ളതെന്നും എത്ര നാളായി അവിടെ തീരുമാനമാകാതെ തുടരുന്നുവെന്നും വ്യക്തമാക്കുമോ; പ്രസ്തുത ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ടി ഫയൽ സംബന്ധിച്ച വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ക്ഷേത്രങ്ങളുടെ ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിനും അർഹമായ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനും കാലതാമസം നേരിടുന്നതിനാൽ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ക്ഷേത്രങ്ങൾക്ക് അർഹമായ നഷ്ടപരിഹാരത്തുക ലഭ്യമാക്കി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിനും റോഡ് നിർമ്മാണം വേഗത്തിലാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>നേമത്ത് സബ് ട്രഷറി</u>

1914 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമത്ത് പുതിയ സബ് ട്രഷറി ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നേമം നിയോജക മണ്ഡലത്തിൽ ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച് ട്രഷറി ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന

ശിപാർശകളും തുടർനടപടികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) നേമത്ത് ട്രഷറി ആരംഭിക്കുന്നത് നിരവധി സർക്കാർ സ്ഥാപനങ്ങൾ, പെൻഷൻകാർ, പൊതുജനങ്ങൾ എന്നിവർക്ക് ഗുണകരമാകും എന്നതിനാൽ നേമത്ത് പണിയുന്ന രജിസ്ട്രേഷൻ കോംപ്ലക്സിനോട് ചേർന്ന് ഇത് സ്ഥാപിക്കുന്നതിന് അനുമതി നൽകുമോ?

## സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വെബ് പോർട്ടൽ

1915 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ വകുപ്പിന്റെ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം (എസ്.എസ് .എസ്) പദ്ധതിക്കായി കൈറ്റ് രൂപകൽപ്പന ചെയ്ത എസ്.എസ്.എസ്. വെബ് പോർട്ടലിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അറിയിക്കാമോ; പോർട്ടൽ പൂർണമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സമയപരിധി എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) എസ്.എസ്.എസ്. വെബ് പോർട്ടലിന്റെ പ്രവർത്തനത്തിനാവശ്യമായ ജില്ലാതല ഉദ്യോഗസ്ഥർക്കുള്ള പരിശീലനം പൂർത്തിയായിട്ടുണ്ടോ; സംസ്ഥാനത്ത് എസ്.എസ്.എസ്. പോർട്ടലുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) എസ്.എസ്.എസ്. വെബ് പോർട്ടൽ പ്രവർത്തനക്ഷമമാക്കുന്നതിന് സാങ്കേതികമോ ഭരണപരമോ ആയ തടസ്സങ്ങൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്നും ആയവ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

## സ്വർണ്ണവിപണിയിൽനിന്ന് ലഭിച്ച ജി.എസ്.ടി. തുക

1916 **ശ്രീ. ജി. സുധാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജൂൺ മുതൽ 2026 ആഗസ്റ്റ് വരെ സ്വർണ്ണവിപണിയിൽ നിന്നും ലഭ്യമായ GST തുക/നിരക്ക് എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) 2025 ജൂൺ മുതൽ 2025 ആഗസ്റ്റ് വരെ സ്വർണ്ണവിപണിയിൽ നിന്നും ലഭ്യമായ GST തുക/നിരക്ക് എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) സ്വർണ്ണ വിപണിയിൽ നിന്നും കൃത്യമായുള്ള GST വരുമാനം ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വർണ്ണ വിപണിയിൽ നിന്നും കൃത്യമായ GST വരുമാനം ഉറപ്പുവരുത്താൻ ഈ സർക്കാർ ഭാവിയിലേക്ക് എന്തെല്ലാം നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) 2021–2026 കാലയളവിൽ സ്വർണ്ണ വിപണിയിൽ നിന്നും ജി.എസ്.ടി. പൂർണ്ണമായും പിരിച്ചെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം പിരിഞ്ഞു കിട്ടി; തുക എത്രയാണ് ; വ്യക്തമാക്കുമോ ?

<u>ആംനെസ്റ്റി പദ്ധതി</u>

1917 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വരുന്നതിനു മുൻപ് ഉണ്ടായിരുന്ന കെ.ജി.എസ്.ടി., കെ.വാറ്റ് കാലയളവിലെ നികുതി കുടിശ്ശിക കാരണം പലരും റവന്യൂ റിക്കവറി നടപടികളുമായി നിലവിൽ പ്രയാസപ്പെടുന്നുണ്ടെന്നതും പലർക്കും കുടിശ്ശിക തുക അടയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻ സർക്കാർ കൊണ്ടുവന്ന ആംനെസ്റ്റി എന്ന പദ്ധതി കൊണ്ടു വരാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ, ഇനിയും നികുതി കുടിശ്ശിക അടക്കാൻ ബാക്കിയുള്ള വ്യാപാരികൾക്കായി മൊത്തം നികുതിയുടെ 10% ആക്കി ആംനെസ്റ്റി കൊണ്ടുവരാൻ ആലോചിക്കുമോ; വിശദമാക്കാമോ;

(സി) ജി.എസ്.ടി. ഓഡിറ്റിന്റെ 2021 മുതൽ 2026 വരെയുള്ള കണക്ക് ലഭ്യമാക്കാമോ; നികുതിയും പലിശയും ഒപ്പം എത്തുന്ന സാഹചര്യത്തിൽ ജി.എസ്.ടി. ഓഡിറ്റ് രണ്ട് വർഷം കൂടുമ്പോൾ നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ജി.എസ്.ടി. വകുപ്പിലെ ഡെപ്യൂട്ടി കമ്മിഷണറായ ശ്രീ. ബി. എൽ. ഷാജഹാനെതിരെയുള്ള വിജിലൻസ് അന്വേഷണങ്ങൾ</u>

1918 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വകുപ്പിലെ ഡെപ്യൂട്ടി കമ്മീഷണറായ ശ്രീ. ബി. എൽ. ഷാജഹാനെതിരെ എത്ര വിജിലൻസ് അന്വേഷണങ്ങൾ നടന്നിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അന്വേഷണങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളിൽ നിലവിൽ സ്വീകരിച്ച നടപടികൾ എന്താണ്; നടപടികൾ സ്വീകരിച്ചില്ലങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

<u>**നരിക്കുനിയിൽ പുതിയ സബ് ട്രഷറി ഓഫീസ്**</u>

1919 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനിയിൽ പുതിയ ട്രഷറി ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) 2011-2016 സർക്കാരിന്റെ കാലയളവിൽ നരിക്കുനിയിൽ ട്രഷറി ഓഫീസ് അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നരിക്കുനി, മടവൂർ, കിഴക്കോത്ത് പഞ്ചായത്തുകളിലെയും സമീപ എലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കാക്കൂർ, കുരുവട്ടൂർ, ചേളന്നൂർ പഞ്ചായത്തുകളിലെയും ജനങ്ങൾക്കും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ട്രഷറി സേവനങ്ങൾ ലഭിക്കുന്നതിനായി ദൂരെയുള്ള ട്രഷറികളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളിൽ ട്രഷറി സേവനങ്ങൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങളുടെയും സർക്കാർ ജീവനക്കാരുടെയും ആവശ്യങ്ങൾ പരിഗണിച്ച് നരിക്കുനിയിൽ പുതിയ ട്രഷറി ഓഫീസ് അനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് അനുകൂല നടപടി സ്വീകരിക്കാമോ?

**<u>ലോട്ടറി വിൽപ്പനക്കാരുടെ കമ്മീഷൻ</u>**

1920 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വില്പനക്കാർക്ക് കമ്മീഷൻ കൂട്ടിനൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ആഭ്യന്തര പരിശോധനാ വിഭാഗം ശക്തിപ്പെടുത്തുന്നത്</u>**

1921 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വകുപ്പുകളിലെയും ആഭ്യന്തര പരിശോധനാ റിപ്പോർട്ടുകൾ ധനകാര്യ വകുപ്പിന് ലഭ്യമാക്കാറുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിവരം ലഭ്യമാക്കാമോ;

(ബി) ആഭ്യന്തര പരിശോധനാ മാർഗ്ഗരേഖ പ്രകാരം എല്ലാ വകുപ്പുകളിലെയും ആഭ്യന്തര പരിശോധന പ്രസ്തുത വകുപ്പുകളിലെ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ തന്നെയാണോ നടന്ന് വരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിവരം അറിയിക്കാമോ;

(സി) ആഭ്യന്തര പരിശോധനാ മാർഗ്ഗരേഖ പ്രകാരം ആഭ്യന്തര പരിശോധനയ്ക്ക് നേതൃത്വം നൽകേണ്ട ഫിനാൻസ് ഓഫീസർ തസ്തിക ഏതൊക്കെ വകുപ്പുകളിലാണ് ഇല്ലാത്തതെന്ന് അറിയിക്കാമോ;

(ഡി) ഫിനാൻസ് ഓഫീസർ തസ്തിക ഇല്ലാത്ത വകുപ്പുകളിൽ ഫിനാൻസ് ഓഫീസറെ നിയമിച്ച് ആഭ്യന്തര പരിശോധന ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കെ.എസ്.എഫ്.ഇ. പവർ ആപ്പ്</u>**

1922 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ(കെ.എസ്.എഫ്.ഇ.) പവർ ആപ്പ് വികസിപ്പിച്ചെടുത്തത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.എഫ്.ഇ. യുടെ സുഗമ അക്കൗണ്ട് സംബന്ധിച്ച എല്ലാ വിവരങ്ങളും ബന്ധപ്പെട്ട ഉപഭോക്താക്കൾക്ക് പ്രസ്തുത ആപ്പ് മുഖേന ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ.യുടെ ഒരു ബ്രാഞ്ചിൽ നിലവിലുള്ള സുഗമ അക്കൗണ്ടിലേയ്ക്ക് മറ്റൊരു ബ്രാഞ്ചിൽ നിന്നും അയക്കുന്ന തുക ഏതു ബ്രാഞ്ചിൽ നിന്ന് അയച്ചുവെന്നോ ആരാണ് അയച്ചതെന്നോ പവർ ആപ്പിലൂടെയോ, സുഗമ അക്കൗണ്ട് പാസ്ബുക്കിലൂടെയോ മനസ്സിലാക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇടപാടുകാർക്ക് ഉണ്ടാകുന്ന പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ആപ്പിൽ അടിയന്തരമായി പരിഷ്കരണങ്ങൾ വരുത്തുമോയെന്നും ഇടപാടുകാരന്റെ സുഗമ അക്കൗണ്ടിലേക്ക് എത്തുന്ന തുക ഏത് ബ്രാഞ്ചിൽ നിന്ന് ആരാണ് അയച്ചത് എന്നീ വിവരങ്ങൾ ഉപഭോക്താവിന് മൊബൈലിൽ മെസ്സേജ് ആയി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## <u>മരണപ്പെട്ട ഡോ. ദിലീപ് കുമാർ. എസ്-ന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം ക്ലെയിമുകളിലെ കാലതാമസം</u>

1923 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18/10/2023-ൽ മരണപ്പെട്ട എറണാകുളം സ്വദേശിയും ആലപ്പുഴ കണ്ടല്ലൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനമായിരുന്ന ഡോ. ദിലീപ് കുമാർ എസ്. (പെൻ നമ്പർ-586176)-ന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് (എസ്.എൽ.ഐ.), ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം (ജി.ഐ.എസ്.) ക്ലെയിമുകൾ ഇതുവരെയും തീർപ്പാക്കി അവകാശികൾക്ക് തുക കൈമാറിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുക മാറി നൽകുന്നതിൽ കാലതാമസം ഉണ്ടാകാൻ ഇടയായ സാഹചര്യം എന്താണെന്ന് അറിയിക്കുമോ; ഏതെങ്കിലും

ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണോ ഈ സാഹചര്യം ഉണ്ടായത് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തുക അടിയന്തരമായി അവകാശികൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

**സർക്കാർ അഭിഭാഷകരുടെ നിയമനം**

1924 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാ കോടതികൾ, സബ് കോടതികൾ,മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകൾ, മുൻസിഫ് കോടതികൾ എന്നിവിടങ്ങളിൽ സർക്കാർ കക്ഷിയായുള്ള കേസുകൾ നടത്തുന്നതിനായി എത്ര ലോ ഓഫീസർമാരെ (അഭിഭാഷകരെ) നിയമിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സർക്കാർ അഭിഭാഷകരുടെ നിയമനം, സേവന വ്യവസ്ഥകൾ, കർത്തവ്യങ്ങൾ, അവകാശങ്ങൾ, ബാധ്യതകൾ, സർക്കാർ കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ എന്നിവ വ്യക്തമാക്കാമോ?

**ഖാദി കേന്ദ്രങ്ങളുടെ ഉന്നമനം**

1925 **ശ്രീ. വി. കെ. സനോജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദി കേന്ദ്രങ്ങളുടെ ഉന്നമനത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഖാദി കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എം.എൽ.എ. എ.ഡി.എസ്., എം.എൽ.എ. എസ്.ഡി.എഫ്. ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

**ഖാദി ബോർഡിൽ ബന്ധുനിയമനം**

1926 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഖാദി ബോർഡിൽ പി.എസ്.സി. ജീവനക്കാരന്റെ ഭാര്യയ്ക്ക് മതിയായ യോഗ്യതയില്ലാതെ വില്ലേജ് ഓയിൽ

ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിയിരുന്നോ; വിശദമാക്കുമോ;

(ബി) മതിയായ യോഗ്യതയില്ലെന്ന് മനസ്സിലായിട്ടും അഭിമുഖം മാത്രം നടത്തി ടിയാൾക്ക് 2021-ൽ ജോലി നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമനത്തിലെ സർട്ടിഫിക്കറ്റ് പരിശോധനയിൽ പി.എസ്.സി.ക്ക് വീഴ്ച സംഭവിച്ചതായി പരാതി അന്വേഷിച്ച വിജിലൻസ്,റിപ്പോർട്ട് നൽകിയിരുന്നോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ;

(ഡി) യോഗ്യതയില്ലാത്ത സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലി നേടിയെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ, മതിയായ യോഗ്യത നേടുന്നതിനായി ഖാദി ബോർഡിലെ പ്രസ്തുത ഉദ്യോഗസ്ഥയ്ക്ക് ഒരു വർഷത്തെ സാവകാശം അനുവദിച്ചിരുന്നോ; ജോലിയിൽ നിന്ന് പിരിച്ചുവിടാവുന്ന സാഹചര്യം നിലനിന്നിരിക്കെ ചട്ടവിരുദ്ധമായാണോ സാവകാശം അനുവദിച്ചത്; വിശദമാക്കുമോ?

**<u>വിഴിഞ്ഞം തുറമുഖ വികസനപദ്ധതി</u>**

1927 **ശ്രീ. കെ. രാജൻ**

**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ ലോജിസ്റ്റിക് ഹബ്ബാക്കി മാറ്റാനുള്ള 2000 കോടി രൂപയുടെ തുറമുഖ അനുബന്ധ വികസനപദ്ധതികളുടെ ആദ്യഘട്ടമായി 230 ഏക്കർ ഏറ്റെടുക്കാൻ മുൻ സർക്കാർ അനുമതി നൽകിയിരുന്നോ; വിശദമാക്കാമോ;

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ മുൻ സർക്കാർ പ്രഖ്യാപിച്ച വമ്പൻ പദ്ധതികൾ അനിശ്ചിതത്വത്തിലാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മുൻ സർക്കാർ വിഭാവനം ചെയ്ത വിഴിഞ്ഞം-നാവായിക്കുളം വികസന ഇടനാഴി ഉൾപ്പെടെയുള്ള പദ്ധതികളും ഭൂമിയേറ്റെടുക്കലും നിലച്ചതോടെ

വിഴിഞ്ഞത്തും പരിസരത്തും ഭൂമാഫിയ സംഘങ്ങൾ പിടിമുറുക്കി എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സ്വകാര്യ, പൊതുമേഖലാ സ്ഥാപനങ്ങൾക്കും കമ്പനികൾക്കും ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള പ്രാരംഭ നടപടിപോലും ആരംഭിച്ചിട്ടില്ല എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**താനൂർ ബോട്ട് അപകടം സംബന്ധിച്ച്**

1928 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ തൂവൽ തീരം ബോട്ടപകടത്തിൽ മരണപ്പെട്ടവർക്കും അപകടത്തിൽപ്പെട്ടവർക്കും മുൻ സർക്കാർ പ്രഖ്യാപിച്ച നഷ്ടപരിഹാരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; അതിൽ എത്ര പേർക്കാണ് ബാക്കി തുക നൽകാനുള്ളത്; നഷ്ടപരിഹാരം നൽകിയില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; അപകടത്തിൽപ്പെട്ടവരുടെ തുടർ ചികിത്സ സർക്കാർ ഏറ്റെടുത്തിരുന്നോ വ്യകതമാക്കാമോ;

(ബി) ഇരുപത്തിരണ്ട് പേർ മരണപ്പെട്ട പ്രസ്തുത സംഭവത്തിൽ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിന്റെ പകർപ്പും ഇത് സംബന്ധിച്ച എഫ്.ഐ.ആർ.ന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) അപകടത്തിൽപ്പെട്ട ബോട്ടിന്റെ മോഡിഫിക്കേഷനുമായി ബന്ധപ്പെട്ട് പോർട്ട് ഓഫീസിൽ ബോട്ട് ഉടമ നൽകിയ അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അപകടത്തെ സംബന്ധിച്ച് പോർട്ട് ഓഫീസിൽ വിവിധ ഓഫീസർമാർ നടത്തിയ ഫയൽ നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇത് സംബന്ധിച്ച് ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടി ഉണ്ടായതെന്നും അവരുടെമേൽ ചുമത്തിയ വകുപ്പ് ഏതാണെന്നും വ്യക്തമാക്കാമോ?

**മിഷൻ സമുദ്ര പദ്ധതി**

1929 **ശ്രീ. അപു ജോൺ ജോസഫ്**
**ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**
**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അഞ്ച് വർഷത്തിനുള്ളിൽ മിഷൻ സമുദ്ര പദ്ധതിയിലൂടെ സമാഹരിക്കാനുദ്ദേശിക്കുന്ന നിക്ഷേപം എത്രയാണെന്നറിയിക്കാമോ; ഇത് ഏതൊക്കെ മാർഗങ്ങളിലൂടെ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ അടുത്ത അഞ്ച് വർഷം കൊണ്ട് എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകുമെന്നാണ് കരുതുന്നത്; അവ ഏതൊക്കെ മേഖലകളിലാണെന്നറിയിക്കാമോ;

(സി) സംസ്ഥാനത്തെ ചരക്ക് ഗതാഗതത്തിന്റെ ചെലവ് കുറയ്ക്കുന്നതിനും റോഡുകളിലെ ഗതാഗത തിരക്ക് ലഘൂകരിക്കുന്നതിനും ഉതകുന്ന എന്തെല്ലാം നിർദേശങ്ങളാണ് പദ്ധതിയുടെ ഭാഗമായിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) വിദേശത്തുനിന്ന് മടങ്ങിയെത്തുന്ന പ്രവാസികളുടെ പരിചയസമ്പത്തും വൈദഗ്ധ്യവും പദ്ധതിയിൽ ഏതൊക്കെ വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനാണ് ലക്ഷ്യം വച്ചിട്ടുള്ളത്; വിശദമാക്കാമോ?

## <u>ബേപ്പൂർ തുറമുഖ വികസനം</u>

1930 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ സമുദ്ര പദ്ധതിയിലൂടെ ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേരള മാരിടൈം ബോർഡ് ഇതുസംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഷിപ്പ് ബിൽഡിംഗ് സെന്ററുമായി ബേപ്പൂരിനെ ബന്ധിപ്പിക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

## <u>ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും</u>

1931 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ (2016 മുതൽ 2026 വരെ) നടപ്പിലാക്കാൻ അനുമതി നൽകിയതും പൂർത്തീകരിച്ചതുമായ പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്നും നിലവിലുള്ള പദ്ധതികളുടെ പുരോഗതിയുടെ വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദേവസ്വം പദ്ധതികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങളോ ഫണ്ട് ലഭ്യതക്കുറവോ ഉദ്യോഗസ്ഥതല അലംഭാവമോ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ക്ഷേത്രങ്ങളിലെ പ്രവൃത്തികളിലാണ് ഇത്തരം പ്രതിസന്ധികൾ നേരിട്ടതെന്ന് വ്യക്തമാക്കാമോ;

(സി) ദേവസ്വം നിർമ്മാണ പ്രവൃത്തികളിൽ നേരിട്ട തടസ്സങ്ങളും കാലതാമസങ്ങളും പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ പ്രത്യേക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും ലക്ഷ്യമിട്ട് ദേവസ്വം വകുപ്പിന്റെ കീഴിൽ പുതുതായി എന്തെങ്കിലും പദ്ധതികൾ ഈ സർക്കാർ വന്നതിനുശേഷം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് പുതിയ പ്രൊപ്പോസലുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ദേവസ്വം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ക്ഷേത്രങ്ങളിലെ വികസന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമായി നടപ്പുവർഷം സ്വീകരിച്ചിട്ടുള്ള നിരീക്ഷണ സംവിധാനങ്ങളുടെയും അനുവദിച്ച ഫണ്ടുകളുടെയും വിശദാംശം രേഖാമൂലം ലഭ്യമാക്കാമോ?

## <u>ദേവസ്വം ഇടപാടുകൾ ഡിജിറ്റലാക്കാൻ പദ്ധതി</u>

1932 **ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. മുഹമ്മദ് ഷിയാസ്**

**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടനകാലത്ത് ശബരിമലയിൽ ദേവസ്വം ബോർഡിന്റെ എല്ലാ ഇടപാടുകളും ഡിജിറ്റൽ പേയ്മെന്റ് വഴി മാത്രമാക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കിറ്റ്ഫ്രയുടെ (കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്) സഹായത്തോടെ ദേവസ്വം ബോർഡിലെ മുഴുവൻ ക്ഷേത്രങ്ങളും ഓഫീസുകളും ബന്ധിപ്പിച്ച് നടപ്പാക്കുന്ന ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(സി) ഓഫീസുകളിലെ ഫയൽ നീക്കം, ക്ഷേത്രങ്ങളിലെയും ഓഫീസുകളിലെയും സാമ്പത്തിക ക്രയവിക്രയം, ഭക്തജനങ്ങൾക്കുള്ള വിവിധ സേവനങ്ങൾ തുടങ്ങി എല്ലാ ഇടപാടുകളും ഡിജിറ്റലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**ക്ഷേത്രങ്ങളിലെ വരുമാന വർദ്ധനയ്ക്കായി പദ്ധതികൾ**</u>

1933 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ ; എങ്കിൽ വരുമാന വർദ്ധനയ്ക്കായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലെ എല്ലാ ക്ഷേത്രങ്ങളിലെയും വരുമാനം ഏകീകരിച്ച് ഉപയോഗിക്കാനാകുന്ന 'ഫണ്ട് പൂളിംഗ്' സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിലെല്ലാം വഴിപാട് വരുമാനം കൂട്ടുന്നതിനായി ഓൺലൈൻ സംവിധാനം വിപുലമാക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>**വടശ്ശേരിക്കരയിൽ ശബരിമല തീർത്ഥാടന പിൽഗ്രിം സെന്റർ**</u>

1934 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന തിരക്ക് നിയന്ത്രിച്ച് സുഗമമാക്കാനും തീർഥാടകർക്ക് വിരിവെക്കാനും വിശ്രമിക്കാനും ഉപകാരപ്പെടുന്നവിധത്തിൽ വടശ്ശേരിക്കരയിൽ പിൽഗ്രിം സെന്റർ തുറക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ;

<u>**ശബരിമലക്ഷേത്രത്തിലെ സ്വർണ്ണക്കിരീടം**</u>

1935 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിലേക്ക് തമിഴ്നാട് സ്വദേശിയായ ഭക്തൻ സമർപ്പിച്ച 55.75 പവൻ തൂക്കമുള്ള സ്വർണക്കിരീടം മോഷണം പോയതായി കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത കിരീടത്തിന് പകരം വ്യാജ കിരീടം സ്ഥാപിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ശബരിമലയിൽ ലേലത്തിലൂടെ കടകൾ ഏറ്റെടുത്ത് നടത്തുന്ന എല്ലാ ലൈസൻസികളും തങ്ങളുടെ കടകൾക്ക് മുന്നിൽ ലൈസൻസിയുടെ പേരും ഫോൺ നമ്പറും വ്യക്തമായി പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ശബരിമലയിലെ അപ്പം, അരവണ എന്നിവയുടെ നിർമാണത്തിന് ഹലാൽ മുദ്രയുള്ള ശർക്കരയുടെ ഉപയോഗം ഒഴിവാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പകരം ശർക്കര എവിടെനിന്ന് സംഭരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>**മണ്ഡലകാല ഒരുക്കങ്ങൾ**</u>

1936 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ശബരിമല മണ്ഡല- മകരവിളക്ക് തീർത്ഥാടനത്തിന് മുന്നോടിയായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് സ്വീകരിക്കുന്നതെന്ന്

വിശദമാക്കുമോ;

(ബി) ശബരിമല തീർത്ഥാടകരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് സന്നിധാനം, പമ്പ, നിലയ്ക്കൽ, എരുമേലി എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ, ശുദ്ധജലം, ശുചീകരണം, താമസം, ഗതാഗതം, ആരോഗ്യസംവിധാനം, സുരക്ഷ തുടങ്ങിയ മേഖലകളിലെ ഒരുക്കങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ തീർത്ഥാടനകാലത്തെ അനുഭവങ്ങളും നേരിട്ട പ്രശ്നങ്ങളും വിലയിരുത്തി ഇത്തവണ കൂടുതൽ കാര്യക്ഷമമായ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>ശബരിമലയിലേക്കുള്ള മിൽമ നെയ്യ്</u>**

1937 **ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശബരിമലയിലേക്ക് മിൽമ തിരുവനന്തപുരം മേഖല യൂണിയൻ വിതരണം ചെയ്ത നെയ്യ്, വഴിമധ്യേ മാറ്റി ഗുണനിലവാരം കുറഞ്ഞ നെയ്യ് എത്തിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നെയ്യ് ഇടപാടിൽ സാമ്പത്തിക നഷ്ടമുണ്ടായെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ നഷ്ടമുണ്ടായിട്ടുണ്ട്; വ്യകതമാക്കാമോ;

(സി) നെയ്യിന്റെ ഗുണനിലവാരം പരിശോധിക്കേണ്ട ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ മിൽമയുടെ ജീവനക്കാർക്കൊപ്പം ക്രമക്കേടിന് കൂട്ടുനിന്നു എന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ശബരിമലയിൽ അപ്പം,അരവണ എന്നിവയുടെ കണക്കിലെ ക്രമക്കേട്</u>**

1938 **ശ്രീ. എൻ. ശക്തൻ**

**ശ്രീ. സി. വി. ശാന്തകുമാർ**

**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ അപ്പം, അരവണ എന്നിവ ഉപയോഗശൂന്യമായി എന്ന് കാണിച്ച് കണക്കിൽ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത ക്രമക്കേടിന്റെ ഭാഗമായി എത്ര രൂപയുടെ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ</u>**

1939 **ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുള്ള നിയമനങ്ങളിൽ വലിയ അഴിമതിയും നിയമ വിരുദ്ധ പ്രവർത്തനങ്ങളും നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സാഹചര്യത്തിൽ കഴിഞ്ഞ 10 വർഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്ഥിരമായും താൽക്കാലികമായും ജോലി ലഭിച്ചവരുടെ ലിസ്റ്റ് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**<u>വെട്ടിക്കവല മഹാദേവക്ഷേത്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>**

1940 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെട്ടിക്കവല മഹാദേവക്ഷേത്രത്തിന്റെ ശബരിമല ഇടത്താവളത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഈ വർഷം പുതുതായി ഒരുക്കുന്നത്; ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

**<u>കൊട്ടാരക്കര ശ്രീമഹാഗണപതി ക്ഷേത്ര വികസനം</u>**

1941 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണികണ്ഠേശ്വരം ശ്രീമഹാഗണപതി ക്ഷേത്ര വികസനത്തിനായി തയ്യാറാക്കിയ മാസ്റ്റർപ്ലാനിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മാസ്റ്റർ പ്ലാനിൽ അനുമതി ലഭ്യമായ പ്രധാന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>**വർക്കല ശ്രീ ജനാർദ്ദന സ്വാമി ക്ഷേത്രം**</u>

1942 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ശ്രീ ജനാർദ്ദന സ്വാമി ക്ഷേത്രത്തിലെ അടിസ്ഥാന വികസനങ്ങൾക്കായി സ്വീകരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

<u>**ആരോഗ്യ വകുപ്പിൽ അനുവദിച്ച പുതിയ തസ്തികകൾ**</u>

1943 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് തസ്തിക സൃഷ്ടിച്ചുവെന്നും അവ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് അനുവദിച്ചതെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) അത്തരത്തിൽ അനുവദിച്ച തസ്തികകളിൽ താനൂർ നിയോജകമണ്ഡലത്തിൽ എത്ര തസ്തിക ഏതൊക്കെ സ്ഥാപനങ്ങളിൽ അനുവദിച്ചുവെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>**24×7 സ്പെഷ്യാലിറ്റി ചികിത്സാ സേവനം**</u>

1944 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും 24x7 സ്പെഷ്യാലിറ്റി ചികിത്സാ സേവനങ്ങൾ ആരംഭിക്കുന്നതിനായുള്ള പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും 24x7 സ്പെഷ്യാലിറ്റി ചികിത്സാ സേവനങ്ങൾ ആരംഭിക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും സ്റ്റോക്ക് തീർന്നുപോകുന്നത് ഒഴിവാക്കുന്നതിനുമായി റിയൽ-ടൈം ഡ്രഗ് സ്റ്റോക്ക് മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കെ.എ .എസ്.പി –പി.എം.ജെ.എ.വൈ. പദ്ധതി പ്രകാരം സംസ്ഥാനത്ത് എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് മുൻ സർക്കാർ നൽകാനുള്ള റീഇംബേഴ്സ്മെന്റ് കുടിശ്ശിക തുക എത്രയെന്ന് വ്യക്തമാക്കുമോ?

## <u>ആരോഗ്യരംഗത്തെ സ്വകാര്യ നിക്ഷേപം</u>

1945 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ രംഗത്ത് സ്വകാര്യ നിക്ഷേപം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിന്റെ മേന്മകളും ഭവിഷ്യത്തുകളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ആരോഗ്യ രംഗം ഇത് മൂലം അമിത വാണിജ്യവൽക്കരണത്തിലേക്ക് വഴിമാറുന്നില്ല എന്ന് ഉറപ്പാക്കാൻ എന്തെല്ലാം നിയന്ത്രണങ്ങളാണ് സർക്കാർ ഏർപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ ആശുപത്രികളിൽ അനാവശ്യ ലാബ് ടെസ്റ്റുകളും സ്കാനിംഗുകളും ശസ്ത്രക്രിയകളും നടത്തി രോഗികളെ ചൂഷണം ചെയ്യുന്നത് തടയാൻ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള മെഡിക്കൽ ഓഡിറ്റിംഗ് ശക്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>സർക്കാർ ആശുപത്രികളിലെ ആംബുലൻസുകളിലെ തകരാറുകൾ പരിഹരിക്കുന്നതിന് നടപടി</u>

1946 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ആംബുലൻസുകൾക്ക് തകരാറു സംഭവിച്ചാൽ പരിഹരിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതിക അനുമതി ലഭിക്കുന്നതിന് വളരെയധികം കാലതാമസം വരുന്നതുമൂലം ആംബുലൻസുകൾ യഥാസമയം നന്നാക്കുവാൻ കഴിയാതെ വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ ആംബുലൻസുകളുടെ തകരാർ പരിഹരിക്കുന്നതിലുണ്ടാകുന്ന കാലതാമസം മൂലം അതിലെ മറ്റ് യന്ത്ര സംവിധാനങ്ങൾക്കും തകരാർ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(ഡി) ആംബുലൻസുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനും എച്ച്.എം.സി (ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി) ഫണ്ടിൽ നിന്നും തുക മുൻകൂറായി അനുവദിക്കുന്നതിനും ആയത് സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് എച്ച്എംസിയിലേക്ക് തിരികെ നൽകുന്നതിനും ഉണ്ടാകുന്ന ഈ കാലതാമസം ഒഴിവാക്കാവുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

## <u>ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ വൈകല്യങ്ങൾ കണ്ടെത്താൻ സംവിധാനം</u>

1947 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവജാത ശിശുക്കളിലും ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ വികസന വൈകല്യങ്ങൾ നേരത്തെ കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് ഏതെങ്കിലും സ്ക്രീനിംഗ് സംവിധാനം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ക്രീനിംഗിന്റെ ഭാഗമായി ഏതൊക്കെ പരിശോധനകളാണ് നടത്തിവരുന്നത്; എത്ര പ്രായം മുതൽ ഇത്തരം പരിശോധനകൾ നടത്തുന്നു; വിശദീകരിക്കുമോ;

(സി) ഇത്തരം വികസന വൈകല്യങ്ങൾ നേരത്തെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് രേഖപ്പെടുത്തുന്നതിനായി വാക്സിനേഷൻ കാർഡിൽ പ്രത്യേക കോളം ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇത്തരം പരിശോധനകൾ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ സർക്കാർ ആരോഗ്യ സംവിധാനത്തിൽ ഒരുക്കുന്നതിനും എല്ലാ സർക്കാർ

ആശുപത്രികളിലും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

__പ്രിവന്റീവ് ആൻഡ് പ്രഡിക്റ്റീവ് ഹെൽത്ത് കെയർ സംവിധാനം നടപ്പിലാക്കുന്നത്__

1948 **ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വയോജന ജനസംഖ്യയും ജീവിതശൈലീ രോഗങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ, രോഗം വന്നതിനുശേഷമുള്ള ചികിത്സയ്ക്ക് പകരം രോഗസാധ്യത നേരത്തെ കണ്ടെത്തുകയും തുടർച്ചയായി നിരീക്ഷിക്കുകയും ചെയ്യുന്ന പ്രിവന്റീവ് ആൻഡ് പ്രഡിക്റ്റീവ് ഹെൽത്ത് കെയർ സംവിധാനത്തിലേക്ക് ആരോഗ്യ സംവിധാനത്തെ മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രിവന്റീവ് ആൻഡ് പ്രഡിക്റ്റീവ് ഹെൽത്ത് കെയർ സംവിധാനത്തിലേക്ക് ആരോഗ്യ സംവിധാനത്തെ മാറ്റുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിവരം ലഭ്യമാക്കാമോ?

__നന്നമ്പ്ര പഞ്ചായത്ത് കുടുംബാരോഗ്യകേന്ദ്രത്തിനു പുതിയ കെട്ടിടം__

1949 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം ഉപയോഗയോഗ്യമല്ലാത്തതിനാൽ പൊളിച്ചു മാറ്റേണ്ടി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കെട്ടിടത്തിന് പകരം കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ ഫണ്ട് വകയിരുത്തുകയോ ഭരണാനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

__സാധാരണക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി__

1950 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാ ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച് സംസ്ഥാനത്തെ മുഴുവൻ പേർക്കും അല്ലെങ്കിൽ സാമ്പത്തികമോ സാമൂഹ്യപരമോ പിന്നോക്കാവസ്ഥയിൽ നിൽക്കുന്നവർക്ക് ഏതെങ്കിലും തരത്തിലുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) സാധാരണ തൊഴിലാളികളുടെ ചികിത്സാ ചെലവ് വഹിക്കുന്നതിന് നിലവിൽ ഏതൊക്കെ സർക്കാർ ഇൻഷ്വറൻസ് പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(സി) വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗമായിരിക്കുന്നവർക്ക് നിർബന്ധമായും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരണമെന്ന വ്യവസ്ഥ നടപ്പിലാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോയെന്ന് വ്യക്തമാക്കാമോ?

**<u>ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികളിലെ സാമ്പത്തിക ക്രമക്കേടുകൾ</u>**

1951 **ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി കമ്മിറ്റിയിൽ 45 ലക്ഷം രൂപയുടെ അപഹരണവും ക്രമക്കേടും നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയിൽ 1.10 കോടി രൂപയുടെ ക്രമക്കേട് നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) മെഡിക്കൽ കോളേജുകളിലെയും മറ്റ് സർക്കാർ ആശുപത്രികളിലെയും ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികളിലെ സാമ്പത്തിക

ക്രമക്കേടുകളും അഴിമതിയും കണ്ടെത്തുന്നതിനും തടയുന്നതിനുമായി നിലവിൽ എന്തെല്ലാം പരിശോധനാ/ഓഡിറ്റ് സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റികളിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ കർശന നടപടി ഉറപ്പാക്കുന്നതിനായി എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മരുന്നു വാങ്ങൽ**

1952 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ഏകദേശം നാല് കോടി രൂപയുടെ മരുന്നുകൾ അനാവശ്യമായി വാങ്ങിക്കൂട്ടിയതിനെ തുടർന്ന് അവ കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമായി കിടക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മരുന്നുകൾ കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമായ സാഹചര്യത്തിൽ അവ നിർമാർജനം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ആവശ്യകത കൃത്യമായി വിലയിരുത്താതെയാണ് പ്രസ്തുത മരുന്നുകൾ വാങ്ങിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ച ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) മരുന്നുകൾ കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമായതിലൂടെ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**ഡാറ്റാ മാനേജ്മെന്റ് & ബയോ സ്റ്റാറ്റിസ്റ്റിക്സ് സെൽ**

1953 **ശ്രീ. വി. ടി. ബൽറാം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലും വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലും ഒരു ഡാറ്റാ മാനേജ്മെന്റ് & ബയോ സ്റ്റാറ്റിസ്റ്റിക്സ് സെൽ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>സ്വകാര്യ ആശുപത്രികളിലെ ചികിത്സ ചെലവ് നിയന്ത്രിക്കുന്നതിന് നടപടി</u>**

1954 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ രോഗികളുടെ തിരക്കും ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തതയും കാരണം ജനങ്ങൾ സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നതും സ്വകാര്യ ആശുപത്രികൾ ചികിത്സയുടെ പേരിൽ രോഗികളെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ്, മരുന്നുകളുടെ വില, പരിശോധനാനിരക്കുകൾ എന്നിവ നിയന്ത്രിക്കുന്നതിനായും അമിത ചൂഷണം തടയുന്നതിനുമായി ഇവയുടെ നിരക്കുകൾ ഏകീകരിക്കുന്നതിനും ഇവ ആശുപത്രികളിൽ പരസ്യമായി പ്രദർശിപ്പിക്കുന്നതിനും ഉള്ള നിയമനിർമാണം നടത്തുന്നതിനും സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതികളിൽ അംഗങ്ങളായ രോഗികളിൽ നിന്നും സ്വകാര്യ ആശുപത്രികൾ, സാധാരണ രോഗത്തിനുള്ള ചികിത്സകൾക്ക് പോലും അനാവശ്യ ചികിത്സാ ചെലവുകൾ ഉൾപ്പെടുത്തി വൻ തുക ഈടാക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നിയമനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**<u>കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിലെ ക്രമക്കേടുകൾ</u>**

1955 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആശുപത്രികളിലെ ഉപയോഗത്തിനായി വാങ്ങിയ ചികിത്സാ ഉപകരണങ്ങളിൽ പലതും ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വിതരണം ചെയ്തിട്ടുള്ളവയാണോയെന്ന് അറിയിക്കാമോ; എങ്കിൽ ഇവയുടെ ആവശ്യകത സംബന്ധിച്ച് വ്യക്തമായ വിശകലനം നടത്താതെ ഉപകരണങ്ങൾ വാങ്ങി ക്രമക്കേട് നടത്തിയതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഇൻ ഹൗസ് ഡ്രഗ്സ് ബാങ്ക് വാങ്ങിയ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വളരെ കൂടിയ വിലയ്ക്കാണ് മരുന്നുകൾ വാങ്ങിയതെന്ന ആരോപണത്തിന്മേൽ അന്വേഷണം നടന്നിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ക്രമക്കേട് നടത്തിയെന്ന് കണ്ടെത്തിയവർ ഇപ്പോഴും പ്രസ്തുത സ്ഥാപനത്തിൽ ജോലി നോക്കുന്നുണ്ടോയെന്നും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനം കാലാവധി കഴിഞ്ഞ മരുന്നുകൾ വാങ്ങി ക്രമക്കേട് നടത്തിയെന്ന ആരോപണത്തിന്മേൽ 2026 ഓഗസ്റ്റ് മാസം സർക്കാർ പ്രഖ്യാപിച്ച അന്വേഷണ നടപടികൾ ഏത് ഘട്ടം വരെയായെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഫുഡ് അലർജി ടെസ്റ്റ് ലാബുകൾ

1956 **ശ്രീ. പി. കെ. നവാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് അലർജിയുമായി ബന്ധപ്പെട്ട് ശിശു രോഗ വിഭാഗത്തിൽ എത്തുന്ന കുട്ടികളുടെ രോഗ നിർണ്ണയത്തിനും തുടർ ചികിൽസക്കും സർക്കാർ മേഖലയിൽ ലഭ്യമാവുന്ന സേവനങ്ങൾ എന്തല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഭക്ഷണപദാർത്ഥങ്ങളോടുള്ള അലർജി നിർണയിക്കാൻ സഹായിക്കുന്ന പരിശോധന ഫുഡ് സെൻസിറ്റിവിറ്റി ബ്ലഡ് ടെസ്റ്റ് ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളിലാണ് നിലവിലുള്ളത് വ്യക്തമാക്കാമോ;

(സി) ഭക്ഷണപദാർത്ഥങ്ങളോടുള്ള അലർജി നിർണയിക്കാൻ സഹായിക്കുന്ന ഇത്തരത്തിലുള്ള ഫുഡ് പാനൽ അലർജി ടെസ്റ്റിന് സ്വകാര്യ ലാബുകളിൽ മറ്റും ഈടാക്കുന്ന ഫീസ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഫുഡ് അലർജിയും മറ്റുമായി ചികിത്സയിലുള്ള രോഗിക്ക് പ്രത്യേക ചികിത്സിക്കായി സർക്കാർ സ്ഥാപനത്തിൽ പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; ഇത്തരം സ്ഥാപനങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>നഴ്സിങ് വിദ്യാർത്ഥികളുടെ സ്റ്റൈപൻഡ് വർധന</u>

1957 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നഴ്സിങ് കോളേജുകളിൽ പി.ജി. നഴ്സിങ് (എം.എസ്.സി.നഴ്സിങ്) വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപൻഡ് വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് വിദ്യാർത്ഥികളിൽനിന്നോ വിദ്യാർത്ഥി സംഘടനകളിൽനിന്നോ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ സ്റ്റൈപൻഡ് 01-02-2016 മുതൽ പ്രതിമാസം 14,000 രൂപയിൽനിന്ന് 17,500 രൂപയായി വർധിപ്പിച്ചതിനുശേഷം വീണ്ടും വർധന അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ പത്തുവർഷത്തിനിടെ ജീവിതച്ചെലവിലുണ്ടായ വർധനയും സമാന കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന

സ്റ്റൈപൻഡും പരിഗണിച്ച് നിലവിലെ സ്റ്റൈപൻഡ് നിരക്ക് പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) രണ്ടുവർഷത്തെ പി.ജി. നഴ്സിങ് കോഴ്സ് പൂർത്തിയാക്കിയശേഷം ഒരു വർഷത്തെ നിർബന്ധിത അധ്യാപനസേവനം അനുഷ്ഠിക്കുന്നവർക്ക് 2025-ൽ സ്റ്റൈപൻഡ് വർധിപ്പിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വർധനയുടെ നിരക്കും പ്രാബല്യ തീയതിയും വർധന അനുവദിച്ചതിന്റെ മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) നിർബന്ധിത അധ്യാപനസേവനം അനുഷ്ഠിക്കുന്നവർക്കും പഠനകാലയളവിലുള്ള എം.എസ്.സി. നഴ്സിങ് വിദ്യാർത്ഥികൾക്കും അനുവദിക്കുന്ന പ്രതിഫലത്തിലെ വ്യത്യാസം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഇ) സർക്കാർ നഴ്സിങ് കോളേജുകളിലെ എം.എസ്സി. നഴ്സിങ് വിദ്യാർത്ഥികളുടെ സ്റ്റൈപൻഡ് വർധിപ്പിക്കുന്നതിനുള്ള നിർദേശം പരിഗണനയിലുണ്ടോയെന്നും പ്രസ്തുത വിഷയത്തിൽ ധനകാര്യവകുപ്പ്, ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ എന്നിവയുടെ അഭിപ്രായം തേടിയിട്ടുണ്ടോയെന്നും അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; സ്റ്റൈപൻഡ് വർധന സംബന്ധിച്ച് ഇതുവരെ എടുത്തിട്ടുള്ള തീരുമാനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത വിദ്യാർത്ഥികളുടെ സ്റ്റൈപൻഡ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും വർധിപ്പിച്ച സ്റ്റൈപൻഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കുമോ?

## ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ ഇ-കാർഡുകൾ ലഭ്യമാക്കുവാൻ സംവിധാനം

1958 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാസ്പ്, ആയുഷ്മാൻ ഭാരത് തുടങ്ങിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ ഇ-കാർഡുകൾ നിലവിൽ പ്രധാനമായും എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലെ കിയോസ്കുകൾ വഴിയാണോ

ലഭ്യമാക്കുന്നത്; എങ്കിൽ ആശുപത്രികളിൽ എത്തുന്നതിന് മുമ്പ് തന്നെ ഗുണഭോക്താക്കൾക്ക് പ്രസ്തുത കാർഡുകൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അടിയന്തര ചികിത്സയ്ക്കായി കേരളത്തിന് പുറത്തുള്ള ആശുപത്രികളിലെത്തുന്ന ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആരോഗ്യ ഇൻഷുറൻസ് കാർഡ് സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയാത്തതുമൂലം ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമപ്രദേശങ്ങളിലെ ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ മുഖേന നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കൾക്ക് മുൻകൂറായി വ്യക്തിഗത ആരോഗ്യ ഇൻഷുറൻസ് കാർഡുകൾ ലഭ്യമാക്കുന്നതിനും ഇൻഷുറൻസ് അർഹത ഉറപ്പാക്കുന്നതിനും വികേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>പുനലൂർ താലൂക്ക് ആശുപത്രി വികസനം</u>

1959 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ആശുപത്രിയിൽ മുഴുവൻ സമയവും പാവപ്പെട്ട രോഗികൾക്ക് ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പുനലൂർ താലൂക്ക് ആശുപത്രിയിൽ മുഴുവൻ സമയവും ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും സേവനം ലഭ്യമാക്കുന്നതിന് സർക്കാർ അടിയന്തിരമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രമീകരണങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പുനലൂർ താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടുള്ള സ്ഥലം എം.എൽ.എ.-യുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ആയത് പരിഗണിച്ച് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**സ്വാഭാവിക മരണങ്ങളിൽ രാത്രികാല പോസ്റ്റ്മോർട്ടം**

1960 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ വെച്ചുണ്ടാകുന്ന സ്വാഭാവിക മരണങ്ങളിൽ, മരണം ഔദ്യോഗികമായി സ്ഥിരീകരിക്കുന്നതിനായി രാത്രികാലങ്ങളിൽ മൃതദേഹം ആശുപത്രികളിൽ എത്തിക്കുമ്പോൾ അവ നിർബന്ധമായും 'മെഡിക്കോ-ലീഗൽ കേസ്' (എം.എൽ.സി) ആയി കണക്കാക്കി പോലീസിലേക്ക് ഇൻഫർമേഷൻ നൽകുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാതൊരുവിധ ദുരൂഹതകളോ സംശയങ്ങളോ ഇല്ലാത്ത സ്വാഭാവിക മരണങ്ങളിൽ പോലും, ഇത്തരത്തിൽ പോലീസിൽ വിവരം അറിയിക്കുന്നതിലൂടെ മൃതദേഹം ഇൻക്വസ്റ്റ്, പോസ്റ്റ്മോർട്ടം തുടങ്ങിയ നിയമപരമായ സങ്കീർണ്ണതകളിലേക്ക് പോകുന്നതും മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് വലിയ മാനസിക വിഷമതയും കാലതാമസവും സൃഷ്ടിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വാഭാവിക മരണമാണെന്ന് പ്രാഥമികമായി ബോധ്യപ്പെടുന്ന സാഹചര്യങ്ങളിൽ, അനാവശ്യമായി പോസ്റ്റ്മോർട്ടം നടപടികളിലേക്ക് കടക്കാതെ ഡോക്ടർമാർക്ക് മരണകാരണം സ്ഥിരീകരിക്കുന്ന സർട്ടിഫിക്കറ്റ് (മെഡിക്കൽ സർട്ടിഫിക്കറ്റ് ഓഫ് കോസ് ഓഫ് ഡെത്ത് - എം.സി.സി.ഡി ) നൽകുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ (എസ്.ഒ.പി) പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) ഇത്തരത്തിൽ അനാവശ്യമായ നിയമക്കുരുക്കുകൾ ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ചട്ടങ്ങളിലും നടപടിക്രമങ്ങളിലും അടിയന്തരമായി കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ സർക്കാർ തയ്യാറാകുമോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ?

**തൃശ്ശൂർ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യതക്കുറവ്**

1961 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ അവശ്യ മരുന്നുകളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ

ആശുപത്രികളിൽ ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2026 സെപ്റ്റംബർ മാസത്തിൽ തൃശ്ശൂർ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാതിരുന്ന അവശ്യ മരുന്നുകളുടെ എണ്ണം എത്രയായിരുന്നു; മരുന്നുകളുടെ പേര്, ആശുപത്രി/ജില്ല എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തൃശ്ശൂർ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ മരുന്ന് വിതരണക്കാരിൽ കുടിശ്ശിക നിലനിൽക്കുന്നതിനാൽ ഏതെങ്കിലും കമ്പനികൾ സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്ന് വിതരണം നിർത്തിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ നൽകാനുള്ള കുടിശ്ശിക തുക എത്രയാണ്;

(ഡി) മരുന്നുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ രോഗികൾക്ക് പുറത്തുനിന്ന് മരുന്നുകൾ വാങ്ങേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം</u>

1962 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനപരിമിതികളുള്ള കുട്ടികളുടെ ഐ.ക്യു ടെസ്റ്റ് നടത്തുന്നതിന് വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് സർക്കാർ മേഖലയിൽ നിലവിലുള്ളതെന്നും ഇതുമൂലം രക്ഷിതാക്കൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നുമുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സാമൂഹികാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രിയുൾപ്പടെയുള്ള സർക്കാർ ആശുപത്രികളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തൃശ്ശൂർ ജില്ലാ ആശുപത്രി, തൃശ്ശൂർ മെന്റൽ ഹോസ്പിറ്റൽ, വിവിധ താലൂക്ക് ആശുപത്രികൾ എന്നിവയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ബയോമെഡിക്കൽ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം</u>

1963 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, സ്വകാര്യ ആശുപത്രികളിൽ ബയോമെഡിക്കൽ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യപരിചരണ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പരിശോധനകളും നിരീക്ഷണവും ശക്തിപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നത് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>**മൾട്ടിപ്പിൾ സ്ക്ലീറോസിസ്**</u>

1964 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൾട്ടിപ്പിൾ സ്ക്ലീറോസിസ് ബാധിച്ച രോഗികളുടെ ഔദ്യോഗിക വിവരശേഖരണവും കൃത്യമായ കണക്കുകളും ലഭ്യമാണോ; എങ്കിൽ രോഗാവസ്ഥയുടെ സ്വഭാവം തിരിച്ചുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ജനറൽ ആശുപത്രികളിലും മൾട്ടിപ്പിൾ സ്ക്ലീറോസിസ് ബാധിതർക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റ് കൃത്യസമയത്ത് ലഭ്യമാക്കാനുള്ള സമിതികൾ പ്രവർത്തിക്കുന്നുണ്ടോ; രോഗതീവ്രത അളക്കുന്നതിനായി ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട എക്സ്പാൻഡഡ് ഡിസബിലിറ്റി സ്റ്റാറ്റസ് സ്കെയിൽ (EDSS Score) കൂടി മാനദണ്ഡമായി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കേന്ദ്ര ഭിന്നശേഷി അവകാശ നിയമപ്രകാരം മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ പ്രായോഗിക തടസ്സങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ;

(ഡി) ഈ രോഗം പ്രധാനമായും യുവാക്കളെയും മധ്യവയസ്കരെയും ബാധിക്കുന്നതിനാൽ, ഇവർക്ക് സർക്കാർ മേഖലയിലെ ഭിന്നശേഷി

സംവരണവും അനുയോജ്യമായ തൊഴിലവസരങ്ങളും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മൾട്ടിപ്പിൾ സ്ക്ലീറോസിസ് തുടർചികിത്സ ആവശ്യമായ രോഗമായതിനാൽ സർക്കാർ ഇവർക്കായി നടപ്പിലാക്കിവരുന്ന ആശ്വാസ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(എഫ്) സർക്കാർ ആശുപത്രികളിൽ നിലവിൽ ലഭ്യമാകുന്ന മരുന്നുകൾക്ക് പുറമെ, പ്രോഗ്രസീവ് മൾട്ടിപ്പിൾ സ്ക്ലീറോസിസ് തടയുന്നതിന് ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഡിസീസ് മോഡിഫയിംഗ് തെറാപ്പികൾ ന്യായമായ നിരക്കിലോ സൗജന്യമായോ ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ജി) രോഗനിർണ്ണയത്തിലെ കാലതാമസം മൂലം സ്ഥിരമായ വൈകല്യം ഉണ്ടാകുന്നത് തടയുന്നതിനായി പ്രൈമറി, സെക്കൻഡറി തലങ്ങളിലെ ഡോക്ടർമാർക്കും നേത്രരോഗ വിദഗ്ധർക്കും രോഗലക്ഷണങ്ങൾ നേരത്തെ തിരിച്ചറിയുന്നതിനായുള്ള പരിശീലനമോ ബോധവൽക്കരണമോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; മൾട്ടിപ്പിൾ സ്ക്ലീറോസിസ് ബാധിതർക്ക് ന്യൂറോളജി, ഫിസിയോതെറാപ്പി, ക്ലിനിക്കൽ സൈക്കോളജി, പുനരധിവാസം എന്നിവ ഒരുകുടക്കീഴിൽ ലഭ്യമാക്കുന്നതിനായി മെഡിക്കൽ കോളേജുകളിൽ പ്രത്യേക മൾട്ടി-ഡിസിപ്ലിനറി മൾട്ടിപ്പിൾ സ്ക്ലീറോസിസ് ക്ലിനിക്കുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>കെ.എസ്.ഡി.പി.യിലെ മരുന്നുല്പാദനം</u>

1965 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൊതുമേഖലാ മരുന്നുല്പാദന സ്ഥാപനമായ കെ.എസ്.ഡി.പി. യിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുണ്ടായിരുന്ന എത്ര തൊഴിലാളികളെ പിരിച്ചുവിടുകയുണ്ടായി;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഡി.പി. യിലെ മരുന്നുല്പാദനം കുറഞ്ഞിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ?

**അനാവശ്യമായുള്ള ഹൃദ്രോഗ ശസ്ത്രക്രിയകൾ**

1966 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ അനാവശ്യമായി ആഞ്ചിയോപ്ലാസ്റ്റി ശസ്ത്രക്രിയകൾ നടത്തുന്നു എന്ന രീതിയിൽ എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; എങ്കിൽ, അവയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നടക്കുന്ന ആഞ്ചിയോപ്ലാസ്റ്റി ശസ്ത്രക്രിയകളെക്കുറിച്ച് ആരോഗ്യ വകുപ്പ് മുഖേനയോ വിദഗ്ധ സമിതികൾ വഴിയോ എന്തെങ്കിലും ശാസ്ത്രീയ പഠനങ്ങളോ ഓഡിറ്റിംഗോ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) അനാവശ്യ ശസ്ത്രക്രിയകൾ നടക്കുന്നുവെന്ന രീതിയിലുള്ള പ്രചാരണങ്ങൾ ഹൃദ്രോഗികളിൽ അനാവശ്യഭീതി ഉണ്ടാക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽപ്പോലും ജീവൻരക്ഷാ ചികിത്സകൾ വേണ്ടെന്നുവയ്ക്കുന്നതിനും ഇടയാക്കുമെന്ന ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**മഞ്ചേരി മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം**

1967 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഫണ്ടിൽ ഉൾപ്പെടുത്തി (2023-24) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണത്തിനാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും ഓരോ സ്ഥാപനത്തിനും വകയിരുത്തിയ തുക എത്രയാണെന്നും നിലവിലുള്ള പുരോഗതി സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ;

(ബി) ഫണ്ട് അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തികളിൽ പലതും പ്രാരംഭ ഘട്ടത്തിൽ തന്നെ തുടരാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാത്തതുമൂലം പദ്ധതികൾക്കുള്ള ഫണ്ട് ലാപ്സാകാൻ സാധ്യതയുണ്ടെന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫണ്ട് നഷ്ടപ്പെടാതിരിക്കാനും പണികൾ വേഗത്തിൽ പൂർത്തിയാക്കാനും അടിയന്തരമായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ ഡയാലിസിസ്</u>**

1968 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് സൗകര്യം നിലവിൽ ഏതെല്ലാം വിഭാഗത്തിലുള്ള ആശുപത്രികളിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഡയാലിസിസ് ചെയ്യുന്നതിന് മുൻകൂട്ടി ബുക്ക് ചെയ്ത് കാത്തിരിക്കേണ്ട സാഹചര്യമുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കിഡ്നി രോഗബാധിതരുടെ എണ്ണം വളരെ കൂടി വരുന്ന സാഹചര്യത്തിൽ ഡയാലിസിസ് സൗകര്യം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലും ഏർപ്പെടുത്തുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കുമോ; വിശദമാക്കുമോ?

**<u>അനധികൃതമായി വാങ്ങിയ മെഡിക്കൽ ഉപകരണങ്ങൾ</u>**

1969 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 12 മെഡിക്കൽ കോളേജുകളിലെ ആവശ്യത്തിനായി 30 കോടി രൂപ മുടക്കി വാങ്ങിയ വെന്റിലേറ്റർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ കൃത്യമായ പരിചരണം ഇല്ലാത്തതിനാലും കാലപ്പഴക്കത്താലും നശിച്ചതായി വിദഗ്ധ സമിതി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ 10 വർഷക്കാലമായി മെഡിക്കൽ കോളേജുകളിലും മറ്റു സർക്കാർ ആശുപത്രികളിലും നിരവധി ഉപകരണങ്ങൾ വാങ്ങിക്കൂട്ടിയതായി കണ്ടെത്തിയിട്ടുണ്ടോ; പെട്ടിപോലും പൊട്ടിക്കാതെ ഇത്തരത്തിൽ കോടിക്കണക്കിന് രൂപയ്ക്കുള്ള ഉപകരണങ്ങൾ നശിക്കാൻ

ഇടയായതിന്റെ കാരണങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ; വ്യക്തമാക്കാമോ;

(സി) ഇങ്ങനെ മെഡിക്കൽ ഉപകരണങ്ങൾ അനധികൃതമായി വാങ്ങി സർക്കാരിന് വൻ നഷ്ടം ഉണ്ടാവാൻ കാരണക്കാരായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## സ്വകാര്യ ആശുപത്രികളിലെ അമിത ചികിത്സാ ചെലവ്

1970 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾ കേരളത്തിന്റെ ആരോഗ്യരംഗത്ത് നിർണായക സാന്നിധ്യമാണെങ്കിലും പല ആശുപത്രികളും രോഗികളെ ചൂഷണം ചെയ്യുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ അമിത ചികിത്സാ ചെലവ് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും ചികിത്സയുടെ നിലവാരം, സുതാര്യത, രോഗികളുടെ സുരക്ഷ, സേവനങ്ങളുടെ ലഭ്യത എന്നിവ മെച്ചപ്പെടുത്താനും സ്വകാര്യ ആശുപത്രി മേഖലയുമായി കൂടിയോലോചിച്ച് പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

(സി) ചികിത്സാ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ ഇൻഷ്വറൻസ് പദ്ധതികൾ സ്വകാര്യ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) സ്വകാര്യ ആശുപത്രികൾക്കുള്ള മരുന്നുകൾ സർക്കാർ സ്ഥാപനമായ കെ.എം.എസ്.സി.എൽ. വാങ്ങി നൽകുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വ്യക്തമാക്കുമോ?

## കാലഹരണപ്പെട്ട മരുന്നുകളുടെ സംഭരണം മൂലമുള്ള സാമ്പത്തിക നഷ്ടം

1971 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ അനാവശ്യമായി മരുന്നുകളും ഉപകരണങ്ങളും വാങ്ങിക്കൂട്ടി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ

(ബി) കാലഹരണപ്പെട്ട മരുന്നുകളുടെ ആകെ അളവും മൂല്യവും എത്രയെന്നും മരുന്നുകൾ സംഭരിക്കാനും കാലഹരണപ്പെടാനും ഇടയായ കാരണങ്ങളും സാഹചര്യങ്ങളും കണ്ടെത്താൻ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കുമോ;

(സി) കാലഹരണപ്പെട്ട മരുന്നുകൾ ശാസ്ത്രീയമായി നശിപ്പിക്കുന്നതിനായി ഈ കാലയളവിൽ ചെലവഴിച്ച തുക എത്രയെന്നും കാലഹരണപ്പെട്ട മരുന്നുകളുടെ സംഭരണം മൂലമുള്ള ഇത്തരം പാഴ് ചെലവ് ആവർത്തിക്കാതിരിക്കാൻ ഉള്ള നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

**<u>കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയിലെ സാമ്പത്തിക ക്രമക്കേടുകൾ</u>**

1972 **ശ്രീ. വി. ടി. ബൽറാം**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയിലെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ;

(സി) പേവാർഡുകൾ അറ്റകുറ്റപ്പണിക്കെന്ന പേരിൽ ദീർഘകാലം അടച്ചിടുകയും അഞ്ചു കോടിയോളം രൂപയുടെ സാമ്പത്തിക ക്രമക്കേട് സംസ്ഥാന

വ്യാപകമായി നടന്നുവെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

**ജനകീയാരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

1973 **ശ്രീ. സേനാപതി വേണു**

**ശ്രീ. വി. ടി. സൂരജ്**

**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടം ഉറപ്പാക്കാനും ഇത്തരം കേന്ദ്രങ്ങൾ വഴി 100 ഇനം മരുന്നുകൾ സൗജന്യമായി ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർ, നഴ്സ്, ഫാർമിസിസ്റ്റ് ഒഴിവുകൾ അടിയന്തരമായി നികത്താനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി പ്രതിരോധിക്കുന്നതിനായി ആരംഭിച്ച 'ഹൃദയരാഗം' ക്യാംപെയ്ൻ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിക്കുമോ; വിശദമാക്കുമോ?

**സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക്**

1974 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾ സ്വന്തമായി ചികിത്സാ നിരക്ക് പ്രഖ്യാപിക്കുന്നതിന് പകരം സർക്കാർ തന്നെ നിശ്ചയിക്കുന്ന വ്യവസ്ഥകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ ആശുപത്രികൾ സ്വയം ചികിത്സാനിരക്ക് പ്രഖ്യാപിക്കുന്നത് കൊണ്ട് രോഗികൾക്ക് നേട്ടമില്ലാത്തതിനാൽ ആശുപത്രികളുടെ ചികിത്സാ സൗകര്യങ്ങൾ അടിസ്ഥാനമാക്കി നിരക്ക് നിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ചില ആശുപത്രികളിൽ കിടക്കകൾ കൂടുതലാണെങ്കിലും ആധുനിക സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ചികിത്സാ, പരിശോധനാ സംവിധാനങ്ങളിലെ സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തിയ ശേഷം ചികിത്സാ നിരക്ക് നിർണ്ണയിക്കാനുള്ള സംവിധാനം ഒരുക്കുമോയെന്നും ഇതിനായി വിവിധ സ്ലാബുകൾ നിശ്ചയിക്കുമോയെന്നും വിശദമാക്കാമോ?

**<u>കെ.എം.എസ്.സി.എൽ ന്റെ കടം</u>**

1975 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എസ്.സി.എൽ വിവിധ മരുന്നുകളും ചികിത്സാ സംവിധാനങ്ങളും വാങ്ങിയ ഇനത്തിൽ നിലവിലുള്ള ആകെ കടം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2016-ലെ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എം.എസ്.സി.എൽ ന്റെ കടം എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) 2016 മുതൽ ഈ സർക്കാർ അധികാരമേൽക്കുന്നത് വരെയുള്ള കാലയളവിലെ കെ.എം.എസ്.സി.എൽ ന്റെ ഒരോ വർഷത്തെയും കടം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

**<u>കേരള കെയർ പാലിയേറ്റീവ് കെയർ ഗ്രിഡ്</u>**

1976 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. എം. അഭിജിത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും ചേർന്ന് നടപ്പിലാക്കുന്ന കേരള കെയർ പാലിയേറ്റീവ് കെയർ ഗ്രിഡ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി സ്വകാര്യ ഐ.ടി. സേവന ദാതാവിനെ തിരഞ്ഞെടുത്ത നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) കേരള കെയർ പാലിയേറ്റീവ് കെയർ ഗ്രിഡ് പദ്ധതിയിലൂടെ ശേഖരിക്കുന്ന ഡാറ്റ സ്വകാര്യ ഐ.ടി. കമ്പനിക്ക് ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും സ്വതന്ത്ര ഓഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>സന്തോഷത്തോടെ പഠിക്കാം ക്യാംപെയ്ൻ</u>**

1977 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ മാനസികാരോഗ്യ സംരക്ഷണത്തിനും സന്തോഷകരമായ പഠനാന്തരീക്ഷം ഒരുക്കുന്നതിനുമായി സന്തോഷത്തോടെ പഠിക്കാം എന്ന പേരിൽ സംസ്ഥാനവ്യാപക ബോധവൽക്കരണ ക്യാംപെയ്ൻ സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ;

(ബി) പഠനസമ്മർദ്ദം, പരീക്ഷാഭയം, ഉത്കണ്ഠ, ഒറ്റപ്പെടൽ തുടങ്ങിയ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളെ നേരത്തെ തിരിച്ചറിഞ്ഞ് കൗൺസിലിംഗും മാനസികാരോഗ്യ പിന്തുണയും തുടർപരിചരണവും ലഭ്യമാക്കുന്നതിനാണോ ഈ ക്യാംപെയ്ൻ സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സൈക്യാട്രിസ്റ്റുകൾ, ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, മാനസികാരോഗ്യ വിദഗ്ധർ, കൗൺസിലർമാർ തുടങ്ങിയവരുടെ സേവനം ഈ ക്യാംപെയ്നിൽ പ്രയോജനപ്പെടുത്തുമോ; വിശദമാക്കാമോ?

**<u>ബി.പി.എൽ. വിഭാഗത്തിന് സൗജന്യ ഹൃദയാഘാത പരിശോധന</u>**

1978 **ശ്രീ. സജീവ് ജോസഫ്**

**ശ്രീ. റോയി. കെ. പൗലോസ്**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയാഘാതം വേഗത്തിൽ തിരിച്ചറിയാൻ സഹായിക്കുന്ന ട്രോപ് ടി പരിശോധന, സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിന് സൗജന്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ജില്ല, ജനറൽ ആശുപത്രികളിലും ഈ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാവർക്കും ഫലപ്രദമായ ഹൃദയാഘാത ചികിത്സ ഉറപ്പാക്കുകയാണോ വകുപ്പിന്റെ ലക്ഷ്യമെന്ന് വ്യക്തമാക്കാമോ?

**കുന്ദമംഗലം മണ്ഡലത്തിൽ ആർദ്രം മിഷൻ**

1979 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ വഴി കുന്ദമംഗലം മണ്ഡലത്തിലെ ഏതൊക്കെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിൽ ഇനി ശേഷിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ശേഷിക്കുന്ന സ്ഥാപനങ്ങളുടെ നവീകരണത്തിനായി ഇതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും അവയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത നവീകരണ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിച്ച് കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ**

1980 **ശ്രീ. റോയി. കെ. പൗലോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ മെഡിക്കൽ അധ്യാപക വിഭാഗം, നഴ്സിംഗ് വിഭാഗം, പാരാമെഡിക്കൽ വിഭാഗം, മിനിസ്റ്റീരിയൽ വിഭാഗം, മറ്റ് ജീവനക്കാർ എന്നിവ ഉൾപ്പെടെ അനുവദിച്ചിട്ടുള്ള തസ്തികകളുടെ എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ച് അറിയിക്കാമോ;

(ബി) 2026 ഒക്ടോബർ 1 ലെ കണക്കുപ്രകാരം ഓരോ വിഭാഗത്തിലും നിലവിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(സി) ഓരോ വിഭാഗത്തിലും നിലവിലുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇടുക്കി മെഡിക്കൽ കോളേജിന്റെ നിലവിലുള്ള രോഗികളുടെ എണ്ണം, എം.ബി.ബി.എസ്. ഉൾപ്പെടെയുള്ള മെഡിക്കൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ കണക്കിലെടുത്ത് ആവശ്യമായ ജീവനക്കാരുടെ എണ്ണവും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും തമ്മിൽ വലിയ കുറവ് നിലനിൽക്കുന്ന വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും ആവശ്യമായ അധിക തസ്തികകൾ അനുവദിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(എഫ്) എല്ലാ ഒഴിവുകളും അടിയന്തരമായി നികത്തുന്നതിനും ആവശ്യമായ അധിക തസ്തികകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ജി) ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ പ്രിൻസിപ്പൽ തസ്തികയിൽ സ്ഥിരം നിയമനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>ഉപയോഗശൂന്യമായ ഉപകരണങ്ങൾ</u>

1981 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി .എം. എ. സമീർ**
**ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ ആവശ്യത്തിനായി വാങ്ങിയ 30 കോടിയോളം രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ;

(സി) നശിച്ച ഉപകരണങ്ങളിൽ ഇരുന്നൂറോളം വെന്റിലേറ്ററുകൾ ഉൾപ്പെട്ടിരുന്നോ;

(ഡി) പ്രസ്തുത ഉപകരണങ്ങൾ ഏത് കാലഘട്ടത്തിൽ വാങ്ങിയതാണ്; വിശദമാക്കുമോ?

**ആലത്തൂർ താലൂക്ക് ആശുപത്രി**

1982 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇന്റൻസീവ് കെയർ യൂണിറ്റുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ജീവൻരക്ഷാ മരുന്നുകൾ, ഇൻജക്ഷനുകൾ, ആന്റിബയോട്ടിക്കുകൾ, മറ്റ് അവശ്യ മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് ബെഡുകളുടെയും മെഷീനുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ രോഗികൾക്ക് സേവനം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ഐ.സി.യു. കിടക്കകളുടെയും വെന്റിലേറ്റർ സൗകര്യങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കാൻ നടപടി**

1983 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിലവിൽ അനുവദിച്ചിട്ടുള്ള ഐ.സി.യു. കിടക്കകളുടെ എണ്ണം, പ്രവർത്തനക്ഷമമായ ഐ.സി.യു. കിടക്കകളുടെ എണ്ണം എന്നിവ ആശുപത്രി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പാലക്കാട് മെഡിക്കൽ കോളേജിൽ ഐ.സി.യു. കിടക്കകളുടെയും വെന്റിലേറ്റർ സൗകര്യങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമായതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത**

1984 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഗുരുതര രോഗം ബാധിച്ചവർക്ക് ജീവൻ നിലനിർത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ഥിരമായും

സൗജന്യമായും നൽകിവന്നിരുന്ന വിലകൂടിയ വാക്സിനുകൾ, മരുന്നുകൾ എന്നിവയുടെ ലഭ്യതയിൽ നിലവിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട മരുന്ന് ലഭ്യമായ മെഡിക്കൽ കോളേജുകളിൽ അതാത് ജില്ലയിലുള്ള രോഗികൾക്ക് മാത്രമേ ഈ മരുന്ന് നൽകാവൂ എന്ന നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പത്ത് വയസ്സ് മുതൽ ക്രോൺസ് ഡിസീസ് ബാധിതയായ ആലപ്പുഴ ജില്ലയിൽ മാന്നാർ പഞ്ചായത്തിൽ ചെമ്പകമഠത്തിൽ വീട്ടിലെ സുമിമോൾക്ക് ഇൻഫ്ലിക്സിമാബ് 200 മില്ലിഗ്രാം എന്ന ഇഞ്ചക്ഷൻ കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും നാളിതുവരെ സൗജന്യമായി നൽകി വന്നിരുന്നത് നിലവിൽ നിഷേധിക്കപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വാക്സിൻ നൽകുമ്പോൾ ഗ്യാസ്ട്രോ എൻട്രോളജി സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സ്ഥിരം സേവനവും സാന്നിധ്യവും ആവശ്യമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ ഇൻഫ്ലിക്സിമാബ് 200 മില്ലിഗ്രാം വാക്സിൻ നിലവിൽ ലഭ്യമാണോയെന്ന് അറിയിക്കാമോ; പ്രസ്തുത മെഡിക്കൽ കോളേജിൽ ഗ്യാസ്ട്രോ എൻട്രോളജിസ്റ്റ് സ്ഥിരം സേവനം ലഭ്യമാണോയെന്ന് അറിയിക്കാമോ;

(എഫ്) നിർധനരായ രോഗികൾക്ക് സൗജന്യമായി നൽകിവന്നിരുന്ന ജീവൻരക്ഷാ മരുന്നുകളുടെ ലഭ്യതയിലും സമയബന്ധിതമായ വിതരണത്തിലും തടസ്സം സൃഷ്ടിക്കുന്ന നടപടികൾ സ്വീകരിക്കുന്നവർക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ജി) രോഗികൾക്ക് വാക്സിൻ നിഷേധിക്കപ്പെടുന്ന വിഷയം അതീവ ഗൗരവത്തോടെ പരിഗണിച്ച് പരിഹാരനടപടികൾ സ്വീകരിക്കുമോ?

**വാമനപുരം നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനം**

1985 **ശ്രീ. സുധീർഷാ പാലോട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുകയും ആവശ്യമായ മരുന്നുകൾ വർഷം മുഴുവൻ ലഭ്യമാക്കുകയും ചെയ്യുന്നതിനായി സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) കല്ലറ-തറട്ട പി.എച്ച്.സി.-യെ എഫ്.എച്ച്.സി. ആയി ഉയർത്തിയിട്ടും പഴയ സ്റ്റാഫ് പാറ്റേൺ തന്നെയാണ് തുടരുന്നത് എന്ന സാഹചര്യം പരിഗണിച്ച്, എഫ്.എച്ച്.സി.-യുടെ പ്രവർത്തനത്തിന് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>തിരൂരങ്ങാടി നെടുവ സി.എച്ച്.സി.-യിൽ ഐ.പി സംവിധാനം</u>

1986 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നെടുവ സി.എച്ച്.സി.-യിൽ ഐ.പി. ആരംഭിക്കുന്നതിന് നൽകിയിരുന്ന നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആശുപത്രിയിൽ മുൻപ് നിരവധി പ്രസവങ്ങളും അതിനുള്ള അഡ്മിഷനും ഐ.പി.യും ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പിന്നീട് ഇവ നിർത്തിവെച്ചതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്ന തീരദേശ മേഖലയിലെ ഈ ആശുപത്രിയിൽ എന്ന് ഐ.പി. സംവിധാനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>പെരുമണ്ണ-ക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം</u>

1987 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പെരുമണ്ണ-ക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് മുൻപ് ആറ് കോടി രൂപ

അനുവദിച്ചിരുന്നതും ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 2026 സെപ്റ്റംബർ 9-ന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസങ്ങൾ ഉണ്ടോയെന്നും ഇല്ലെങ്കിൽ പ്രവൃത്തി വൈകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തിയുടെ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് ഈ ഫയലിൽ ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

## <u>പെരിഞ്ഞനം കുറ്റിലക്കടവ് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ തസ്തികകൾ</u>

1988 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിഞ്ഞനം കുറ്റിലക്കടവ് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ കുടുംബ ആരോഗ്യ കേന്ദ്രത്തിന് സമാനമായി നിലനിൽക്കുന്ന സാഹചര്യം പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ അഭാവം മൂലം കിടത്തിച്ചികിത്സ വേണ്ട രീതിയിൽ നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ കിടത്തിച്ചികിത്സയുള്ള ഏക ആശുപത്രിയിലെ ഏക ഡെന്റൽ ഡോക്ടറെ വർക്ക് അറേഞ്ച്മെന്റ് എന്ന പേരിൽ മറ്റൊരു ആശുപത്രിയിലേക്ക് മാറ്റിനിയമിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ കിടത്തി ചികിത്സ യുള്ള ഏക സർക്കാർ ആശുപത്രിയായ പെരിഞ്ഞനം കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ കഴിഞ്ഞ ഒരു വർഷക്കാലം കിടത്തി ചികിത്സ ലഭിച്ച രോഗികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; എന്തുകൊണ്ടാണ് കിടത്തി ചികിത്സകരുടെ എണ്ണം ഇത്രയധികം കുറയുന്നതെന്ന വിവരം വ്യക്തമാക്കാമോ?

**ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ ക്ഷാമം**

1989 **ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർ തസ്തികകളുടെ എണ്ണവും നിലവിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ടെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ ആശുപത്രിയിലെ നിലവിലെ ഡോക്ടർമാരുടെ ക്ഷാമം രോഗികളുടെ ചികിത്സയെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി അടിയന്തരമായി പുതിയ ഡോക്ടർമാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഒ.പി വിഭാഗങ്ങളും കിടത്തിച്ചികിത്സാ സൗകര്യങ്ങളും വർദ്ധിച്ചുവരുന്ന ഈ ആശുപത്രിയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ?

**കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ കുറവ്**

1990 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ചിട്ടുള്ള തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; ജീവനക്കാരുടെ കുറവ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെയും രോഗികൾക്കുള്ള സേവനങ്ങളെയും ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 2011-ൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും മതിയായ ജീവനക്കാരുടെ അഭാവം കാരണം കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണതോതിൽ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദിവസേന ആയിരത്തോളം രോഗികൾ എത്തുന്നതും ദേശീയപാതയോരത്ത് സ്ഥിതിചെയ്യുന്നതുമായ പ്രസ്തുത ആശുപത്രിയിൽ ഒഴിവുകൾ നികത്തുന്നതിനോടൊപ്പം 24 മണിക്കൂർ സേവനം ഉറപ്പാക്കുന്നതിന് വിവിധ വിഭാഗങ്ങളിൽ അധിക തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ പ്രധാന വിഭാഗങ്ങളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുന്നതിനും അത്യാഹിത വിഭാഗത്തിൽ 24 മണിക്കൂറും ആവശ്യത്തിന് ഡോക്ടർമാരുടെയും നഴ്സിംഗ് ജീവനക്കാരുടെയും സേവനം ഉറപ്പാക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ?

## ആലുവ ജില്ലാ ആശുപത്രിയ്ക്ക് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്

1991 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ജില്ലാ ആശുപത്രിയ്ക്ക് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പണിയുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) 2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ ആശുപത്രിയായി ഉയർത്തിയ ആലുവ ആശുപത്രി ആർദ്രം പദ്ധതിയിൽ താലൂക്ക് ആശുപത്രിയായി തെറ്റായി രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആർദ്രം പദ്ധതിയിൽ ആലുവ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി തെറ്റായി രേഖപ്പെടുത്തിയത് തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാനുള്ള പ്രൊപ്പോസലിൽ തീരുമാനമായിട്ടുണ്ടോ?

## കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ തസ്തികകൾ

1992 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആകെ അനുവദിച്ച തസ്തികകളുടെ എണ്ണം വിഭാഗം തിരിച്ച് വിശദമാക്കാമോ;

(ബി) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പൂർണ്ണസജ്ജമായി പ്രവർത്തിക്കുന്നതിന് ആകെ എത്ര തസ്തികകളാണ് വേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>വിതുര താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം</u>

1993 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വിതുര താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററും ലേബർ റൂമും പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>പഴയങ്ങാടി താലൂക്ക് ആശുപത്രിയിലെ ഒഴിവ്</u>

1994 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ വിവിധ ഡിപ്പാർട്ട്മെന്റുകളിലായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എത്ര അംഗീകൃത തസ്തികകളാണുള്ളതെന്ന് തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ തസ്തികകളിൽ നിലവിൽ എത്ര പേർ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് തസ്തികയും വിഭാഗവും തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>പത്തനാപുരം താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനം</u>

1995 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം താലൂക്ക് ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂഷണൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നായിരുന്നു രൂപീകരിക്കേണ്ടിയിരുന്നതെന്നും എന്നാണ് രൂപീകരിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) കമ്മിറ്റിയുടെ അനുമതിയില്ലാതെ അടിസ്ഥാന ഡിപിആർ(ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട്)-ൽ എന്തെല്ലാം വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിന് ആരാണ് ശുപാർശ ചെയ്തത്; ആയത് നിയമപ്രകാരമാണോ; വിശദമാക്കുമോ?

<u>**സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം**</u>

1996 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഏതൊക്കെ രോഗങ്ങൾക്കുള്ള മരുന്നുകൾക്കാണ് കുറവ് നേരിട്ടത്; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത്; വിശദമാക്കാമോ;

(ബി) മരുന്ന് ക്ഷാമം പോലെ സാധാരണക്കാരെ നേരിട്ട് ബാധിക്കുന്ന വിഷയങ്ങൾ ആരോഗ്യ വകുപ്പിന്റെ ഭാഗത്തു നിന്നും ഭാവിയിൽ ഉണ്ടാകാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന വിവരം വിശദമാക്കാമോ?

<u>**വള്ളിക്കുന്ന് മണ്ഡലത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി**</u>

1997 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ സർക്കാർ അലോപ്പതി ആരോഗ്യകേന്ദ്രങ്ങളിൽ കിടത്തിച്ചികിത്സാ സൗകര്യമില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, പ്രസ്തുത ആശുപത്രികളിൽ കിടത്തിച്ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ രണ്ട് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സ്റ്റാൻഡേർഡൈസേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ

അനുസരിച്ചുള്ള കിടത്തിച്ചികിത്സ ലഭ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴിക്കോട് യൂണിവേഴ്സിറ്റി, കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളം എന്നിവിടങ്ങളിലെ ജീവനക്കാർക്കും മണ്ഡലത്തിലെ ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ രണ്ട് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കിടത്തിച്ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>**ജില്ലാ ജനറൽ ആശുപത്രികളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി**</u>

1998 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ജനറൽ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിൽ സ്ഥാപിക്കുന്ന സ്കാനിംഗ് മെഷീനുകൾ, മറ്റ് ലാബ് മെഷീനുകൾ എന്നിവ വേഗം കേടാകുന്ന സാഹചര്യം പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇക്കാര്യങ്ങളിൽ ആശുപത്രി വികസന സമിതികൾ ജാഗ്രത പാലിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>**വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ**</u>

1999 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിലെ വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടങ്ങളുടെ അവസ്ഥ, ചികിത്സാ സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും ആശുപത്രി നവീകരിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ, പദ്ധതിയുടെ അടങ്കൽ തുക, അനുവദിച്ച തുക, ഫണ്ടിന്റെ ഉറവിടം, പ്രധാന ഘടകങ്ങൾ,

ഭരണാനുമതിയുടെ വിശദാംശം, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ;

(ബി) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കൂടുതൽ കിടക്കകൾ അനുവദിക്കുന്നതിനും ലബോറട്ടറി, ഫാർമസി, രോഗനിർണയം, അടിയന്തര ചികിത്സ തുടങ്ങിയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനിക മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും പുതിയ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് പദ്ധതിയോ പ്രൊപ്പോസലോ നിലവിലുണ്ടെങ്കിൽ, അതിന്റെ വിശദാംശം, ബന്ധപ്പെട്ട ഫയൽ നമ്പർ, അനുവദിച്ച തുക, നിലവിലെ നടപടിക്രമ ഘട്ടം എന്നിവ വ്യക്തമാക്കാമോ;

(സി) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, അനുവദിക്കപ്പെട്ട തസ്തികകൾ, ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പിന്റെയോ സർക്കാരിന്റെയോ പരിഗണനയിലുണ്ടോ; എങ്കിൽ, പ്രൊപ്പോസൽ സമർപ്പിച്ച അധികാരി, സമർപ്പിച്ച തീയതി, ബന്ധപ്പെട്ട ഫയൽ നമ്പർ, നിർദ്ദേശിച്ചിട്ടുള്ള അധിക തസ്തികകൾ, നിലവിലെ സ്ഥിതി, ഇതുവരെ സ്വീകരിച്ച തീരുമാനങ്ങൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രൊപ്പോസൽ നിലവിലില്ലെങ്കിൽ, സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ;

(ഡി) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ രോഗികളുടെ എണ്ണം, ചികിത്സാ ആവശ്യകത, പ്രദേശത്തെ ജനസംഖ്യ എന്നിവ പരിഗണിച്ച് കൂടുതൽ ഡോക്ടർമാരെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും നഴ്സുമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും അനുവദിക്കുന്നതിനും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളോ ശിപാർശകളോ സർക്കാരിന്റെയോ ആരോഗ്യ വകുപ്പിന്റെയോ പരിഗണനയിലുണ്ടെങ്കിൽ, അവയുടെ വിശദാംശം, ബന്ധപ്പെട്ട ഫയൽ നമ്പറുകൾ, അനുവദിച്ച തസ്തികകളുടെ എണ്ണം, നിയമന നടപടികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ;

(ഇ) വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തെ കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളുള്ള ആരോഗ്യകേന്ദ്രമായി വികസിപ്പിക്കുന്നതിന് സമഗ്ര

വികസന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ, പദ്ധതിയുടെ അടങ്കൽ തുക, അനുവദിച്ച തുക, ഫണ്ടിന്റെ ഉറവിടം, അടിസ്ഥാന സൗകര്യ വികസനം, ചികിത്സാ സൗകര്യങ്ങളുടെ വിപുലീകരണം, ജീവനക്കാരുടെ ലഭ്യത മെച്ചപ്പെടുത്തൽ എന്നിവ സംബന്ധിച്ച പ്രധാന നിർദ്ദേശങ്ങൾ, ബന്ധപ്പെട്ട ഫയൽ നമ്പറുകൾ, പദ്ധതി നടപ്പാക്കുന്നതിനുള്ള സമയക്രമം എന്നിവ വ്യക്തമാക്കാമോ; പദ്ധതി തയ്യാറാക്കിയിട്ടില്ലെങ്കിൽ, ഇതിനായി സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**കണ്ണൂർ ജില്ലയിലെ കിടത്തി ചികിത്സയുള്ള ആരോഗ്യകേന്ദ്രങ്ങൾ**

2000 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കിടത്തിച്ചികിത്സയുള്ള ഗവൺമെന്റ് ആരോഗ്യകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് മണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പുതുതായി കിടത്തിച്ചികിത്സ ആരംഭിക്കാനുദ്ദേശിക്കുന്ന കേന്ദ്രങ്ങൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) എല്ലാ നിയോജകമണ്ഡലത്തിലും കിടത്തിച്ചികിത്സയുള്ള ഒരു കേന്ദ്രം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതു ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**ജീവിതശൈലി രോഗങ്ങൾക്ക് വിതരണം ചെയ്യുന്ന മരുന്നുകൾ**

2001 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ ജീവിതശൈലിരോഗങ്ങൾക്ക് വിതരണം ചെയ്യുന്ന മരുന്നുകൾ ഏതൊക്കെയാണെന്ന് ലിസ്റ്റ് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിലുള്ള മരുന്നുകൾ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ എല്ലാ ആരോഗ്യകേന്ദ്രങ്ങളിലും നിലവിൽ വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

**കണ്ണൂർ ജില്ലാ ആശുപത്രി വികസനം**

2002 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി കെട്ടിടം നിർമ്മിച്ചുവെങ്കിലും ആവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കാത്തത് ആയതിന്റെ പ്രവർത്തനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ട്രോമ കെയർ സംവിധാനം സജ്ജമാക്കുന്നതിന് ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നവീകണം</u>**

2003 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ താലൂക്ക് ഗവൺമെൻറ് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങളും മതിയായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവവും ജീവനക്കാരുടെ കുറവും പരിഹരിക്കുന്നതിന് ആശുപത്രിക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി മതിയായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും ഇതര ജീവനക്കാരെയും നിയമിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി ആസ്പത്രി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>പെരുമ്പാവൂരിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഇ.എസ് .ഐ ആശുപത്രി</u>**

2004 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ പരിധിയിൽ വരുന്ന ഒരു ലക്ഷത്തിലധികം തൊഴിലാളികൾക്കായി ഒരു ഇ.എസ്.ഐ ക്ലിനിക് മാത്രമുള്ള പെരുമ്പാവൂരിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ ഇ.എസ്.ഐ ആശുപത്രി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ കാഷ്വാലിറ്റി ബ്ലോക്ക് നിർമ്മാണം</u>**

2005 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ കാഷ്വാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച 12 കോടി രൂപയുടെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>നിലമ്പൂർ ജില്ലാ ആശുപത്രിയുടെ സമഗ്രവികസനം</u>**

2006 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയുടെ വികസന വിപുലീകരണത്തിനായി നിലമ്പൂർ ഗവണ്മെന്റ് യു പി സ്കൂളിന്റെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ഊർജ്ജിതമാക്കുന്നതിനും ജില്ലാ ആശുപത്രിയുടെ സമഗ്രവികസനം സാധ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

**<u>എടക്കര ആയുർവ്വേദ ആശുപത്രിയുടെ കെട്ടിടനിർമ്മാണം</u>**

2007 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന എടക്കര ആയുർവ്വേദ ആശുപത്രിയുടെ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുവാൻ National Ayush Mission (NAM)-ൽ നിന്നും ആവശ്യമായ തുക വകയിരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**<u>കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണത്തിലെ അപാകതകൾ</u>**

2008 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പാട്യം ഗ്രാമപഞ്ചായത്തിലെ ചെറുവാഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെയും പാനൂർ നഗരസഭയിലെ മേക്കുന്ന് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും നിർമ്മാണത്തിലെ അപാകതകൾ കാരണം പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കാമോ;

(ബി) നിർവ്വഹണ ഏജൻസികളുടെ നിരുത്തരവാദപരമായ സമീപനം കാരണം പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ട സൗകര്യങ്ങൾ സമയബന്ധിതമായി ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളുടെ നിർമ്മാണത്തിലെ അപാകതകൾ ശാശ്വതമായി പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങൾ വഴിയുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

**തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗിയെ പുഴുവരിച്ച സംഭവം**

2009 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗിയെ പുഴുവരിച്ച സംഭവത്തിൽ ആർക്കെതിരെയാണ് നടപടി സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ബി) നടപടി സ്വീകരിക്കപ്പെട്ടയാൾ സർക്കാർ ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥയോ ആണോ;

(സി) ഓരോ ഡിപ്പാർട്ട്മെന്റിന്റെയും ചുമതല ഒരു യൂണിറ്റിന് ആണെന്നിരിക്കെ പ്രസ്തുത യൂണിറ്റിലുള്ള ആർക്കൊക്കെ എതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**തലശ്ശേരി ജനറൽ ഹോസ്പിറ്റൽ മാറ്റി സ്ഥാപിക്കുവാൻ നടപടി**

2010 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി ജനറൽ ആശുപത്രി, തലശ്ശേരി കണ്ടിക്കൽ എന്ന പ്രദേശത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് നബാർഡ്, അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് എന്നിവ മുഖാന്തിരം കണ്ടെത്തുന്നതിനുവേണ്ടി വിശദ പദ്ധതിരേഖ (DPR)സമർപ്പിക്കാൻ സർക്കാർ ആരോഗ്യവകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ഇതുവരെ ചെയ്തിട്ടുള്ളതെന്നും ആയത് പൂർത്തീകരിക്കാൻ ഇനി എന്തൊക്കെ നടപടികൾ ആണ് ശേഷിക്കുന്നതെന്നും വ്യക്തമാക്കാമോ?

**<u>മലബാർ കാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനം</u>**

2011 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനം, തസ്തിക സൃഷ്ടിക്കൽ, പ്രമോഷൻ, ഉപകരണങ്ങൾ വാങ്ങൽ തുടങ്ങി വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് എത്ര ഫയലുകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലുകൾ ഓരോന്നും ഏത് ആവശ്യവുമായി ബന്ധപ്പെട്ടതാണെന്നും അവയുടെ നിലവിലുള്ള സ്ഥിതി എന്താണെന്നും ഫയൽ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫയലുകളിൽ അടിയന്തരമായി തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ?

**<u>കൊട്ടാരക്കര താലൂക്ക് ആശുപത്രി വികസനം</u>**

2012 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ സർക്കാർ എത്ര സെന്റ് സ്വകാര്യ ഭൂമിയാണ് ഏറ്റെടുത്തു നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) താലൂക്ക് ആശുപത്രിയിൽ കിഫ്ബി സഹായത്താൽ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് നടന്നു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ?

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലെ ഒഴിവുകൾ

2013 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഒഴിവുള്ള തസ്തികകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ അവസാനമായി റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണവും തീയതിയും ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയുടെ പ്രമോഷൻ തസ്തികകയായ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടോ; എങ്കിൽ ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ;

(സി) പബ്ലിക് ഹെൽത്ത് നഴ്സ് പ്രമോഷനായുള്ള ലിസ്റ്റ് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ എത്തിയിട്ടുണ്ടോ; എങ്കിൽ പ്രമോഷൻ നടപടി എപ്പോൾ പൂർത്തിയാകുമെന്നും വിശദമാക്കാമോ?

## ദന്താരോഗ്യ ബോധവത്കരണം

2014 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡന്റൽ കൗൺസിൽ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് എത്ര ശതമാനം പേർക്കാണ് ദന്തരോഗമുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ദന്താരോഗ്യ ബോധവത്കരണത്തിന് ഫീൽഡ് തല ബോധവത്കരണത്തിനായി ആശുപത്രികളിലെ സീനിയർ ഡന്റൽ ഹൈജീനിസ്റ്റുകളെ ഡന്റൽ ഹൈജീൻ ഓഫീസർമാരാക്കാനുള്ള ശിപാർശയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) സർക്കാർ ആശുപത്രികളിലെ ഡന്റൽ ഹൈജീനിസ്റ്റുകളുടെ തൊഴിൽ സ്വഭാവം ഡന്റൽ കൗൺസിൽ ചട്ടങ്ങൾ പാലിച്ച് പുനർ നിർണ്ണയിക്കണമെന്ന അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**സിവിൽ സർജൻമാർ**

2015 **ശ്രീ. വി. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ നിലവിൽ എത്ര സിവിൽ സർജൻമാർ സേവനം അനുഷ്ഠിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സർക്കാർ സർവ്വീസിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് സിവിൽ സർജനെ കൂടാതെ മറ്റ് മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**കുന്നംകുളം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ**

2016 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ തസ്തികകൾ തിരിച്ച് വിശദമാക്കാമോ;

(ബി) ഒഴിവുകൾ നികത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) നാഷണൽ ഹെൽത്ത് മിഷൻ (എൻ എച്ച് എം) വഴി നിയമിച്ചവരെ പിരിച്ചുവിടുന്നത് ആരോഗ്യ വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**പാലക്കാട് ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II ഒഴിവുകൾ**

2017 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ പാലക്കാട് ജില്ലയിലെ വിവിധ ആശുപത്രികളിലെയും ആരോഗ്യ കേന്ദ്രങ്ങളിലെയും സ്റ്റാഫ് നഴ്സ് ഗ്രേഡ് II (കാറ്റഗറി നമ്പർ 066/2023) തസ്തികയിലെ ഒഴിവുകൾ യഥാസമയം കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ ഏറ്റവും ഒടുവിൽ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തത് എന്നാണെന്നും എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ ഈ തസ്തികയിൽ ആകെ എത്ര ഒഴിവുകളാണ് ഉള്ളതെന്നും അതിൽ എത്ര ഒഴിവുകൾ ഇതുവരെ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; ശേഷിക്കുന്ന ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) 2028 ജനുവരി മാസം വരെ വിരമിക്കൽ, സ്ഥാനക്കയറ്റം, മറ്റ് കാരണങ്ങൾ എന്നിവയാൽ ഈ തസ്തികയിൽ എത്ര ഒഴിവുകൾ കൂടി ഉണ്ടാകുവാൻ സാധ്യതയുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

<u>പാലക്കാട് ജില്ലാ ആശുപത്രിയിലെ ഒഴിവുകൾ</u>

2018 **ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയിൽ സൂപ്രണ്ട് ഉൾപ്പെടെയുള്ള വിവിധ തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഏതെല്ലാം വിഭാഗങ്ങളിലായി ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകൾ ഉള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) മെഡിക്കൽ ഓഫീസർമാർ, വിവിധ സ്പെഷ്യാലിറ്റി കൺസൾട്ടന്റുമാർ എന്നീ തസ്തികകളിലെ ഒഴിവുകൾമൂലം ആശുപത്രിയുടെ ദൈനംദിന

പ്രവർത്തനങ്ങളെയും രോഗികളുടെ ചികിത്സയെയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സൂപ്രണ്ട് ഉൾപ്പെടെയുള്ള ഒഴിഞ്ഞുകിടക്കുന്ന മുഴുവൻ തസ്തികകളിലും അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## അഴീക്കോട് മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ

2019 **ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആരോഗ്യകേന്ദ്രങ്ങളിൽ നിലവിലെ ജീവനക്കാരുടെ ആകെ എണ്ണം എത്രയാണെന്നും ഏതെങ്കിലും കേന്ദ്രങ്ങളിൽ തസ്തികകളുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ആരോഗ്യകേന്ദ്രങ്ങൾ അടിസ്ഥാനമാക്കി വിശദമായ വിവരം ലഭ്യമാക്കാമോ;

(ബി) കുറവുള്ള ജീവനക്കാരുടെ ഒഴിവിലേക്ക് നിയമനം വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഓരോ ആരോഗ്യകേന്ദ്രത്തിലും അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ എണ്ണവും പരിശോധനാ സമയങ്ങളും വിശദമായി ലഭ്യമാക്കാമോ?

## ഭക്ഷ്യവിഷബാധയും മിന്നൽ പരിശോധനയും

2020 **ശ്രീ. സജി ചെറിയാൻ**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ. എം. വിജിൻ**

**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണശാലകളിൽ നിന്നുണ്ടാകുന്ന ഭക്ഷ്യ വിഷബാധ മൂലം മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഹോട്ടലുകളിലും ഭക്ഷ്യവിതരണ കേന്ദ്രങ്ങളിലും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) മിക്ക ഹോട്ടലുകളിലും അവിടെ പാചകം ചെയ്യാത്ത ഭക്ഷണം പുറമെ നിന്ന് കൊണ്ടുവരുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

ഇപ്രകാരം ഭക്ഷണം തയ്യാറാക്കുന്ന സ്ഥലങ്ങൾ ഭക്ഷ്യസുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണോ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഭക്ഷ്യവിഷബാധ ഉണ്ടാകുമ്പോൾ മാത്രം തീവ്ര പരിശോധന നടത്തുന്ന രീതിക്ക് പകരം കൃത്യമായ ഇടവേളകളിൽ നോട്ടീസ് പരിശോധനയും മിന്നൽ പരിശോധനയും നടത്തി കർശന തുടർനടപടി സ്വീകരിക്കാൻ സംവിധാനമൊരുക്കുമോ;

(ഇ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന കോഴി ഇറച്ചി ഉൾപ്പെടെയുള്ള മാംസാഹാരങ്ങൾ മതിയായ ശീതീകരണ സംവിധാനത്തിലാണോ കൊണ്ടുവരുന്നത് എന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ഫറോക്ക് താലൂക്കാശുപത്രിയിൽ 100 ബെഡ് സൗകര്യം</u>**

2021 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ഫറോക്ക് താലൂക്കാശുപത്രി 100 ബെഡ് സൗകര്യത്തോടെ പ്രവർത്തിക്കുന്നതിനാവശ്യമായ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

**<u>വിദേശ നിക്ഷേപമുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക്</u>**

2022 **ശ്രീ. സജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ നിക്ഷേപമുള്ള സ്വകാര്യ ആശുപത്രികൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വിദേശ നിക്ഷേപമുള്ള ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ;

(സി) സ്വകാര്യ ആശുപത്രികളിലെ ചികിത്സ നിരക്ക് ഏകീകരിച്ച് നൽകുന്ന കാര്യം സർക്കാർ ആലോചിക്കുമോ?

**<u>മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസന പ്രവർത്തനം</u>**

2023 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 132 കോടി രൂപ അനുവദിച്ച പ്രവൃത്തി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് കിഫ്ബിയും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

2024 **ശ്രീ. തോമസ് ഉണ്ണിയാടൻ**

**ശ്രീ. റെജി ചെറിയാൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ; ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ആശുപത്രികളിലെ അടിസ്ഥാനസൗകര്യവികസനത്തിന് ആനുപാതികമായ ഗുണഫലം ജനങ്ങൾക്ക് ലഭ്യമാക്കുംവിധം സ്റ്റാഫ് പാറ്റേൺ പരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ആർദ്രം മിഷന്റെ ഭാഗമായി ജനറൽ ആശുപത്രികളായും മെഡിക്കൽ കോളേജുകളായും ഉയർത്തപ്പെട്ട ആശുപത്രികളിൽ ബെഡ് കപ്പാസിറ്റി ഉയർത്തുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്പെഷ്യാലിറ്റി സേവനങ്ങൾ താലൂക്ക് തല ആശുപത്രികളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ**

2025 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തത് കാരണം പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ അടിയന്തരമായി നിയമിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

(സി) പൊതുജനങ്ങൾക്ക് അത്യാധുനിക രീതിയിലുള്ള ആശുപത്രി സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കോഴിക്കോട് ജില്ലയിലെ ആയുർവേദ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക**

2026 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മൂന്ന് ആയുർവേദ ഡിസ്പെൻസറികളിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുന്നമംഗലം മണ്ഡലത്തിലെ പെരുവയൽ പഞ്ചായത്ത് ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലില്ലാത്തത് വലിയ പ്രയാസം സൃഷ്ടിക്കുന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് എന്ത് നടപടികളാണ് വകുപ്പ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

**കുതിച്ചുയരുന്ന ആരോഗ്യച്ചെലവിനു നിയന്ത്രണം**

2027 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരോഗ്യച്ചെലവ് കുതിച്ചുയരുമ്പോൾ അതു താങ്ങാനാകാതെ ആളുകൾ ജീവനൊടുക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>**ദേവികുളം മണ്ഡലത്തിൽ ആരോഗ്യ വികസന പദ്ധതികൾ**</u>

2028 **ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ദേവികുളം നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും നടപ്പിലാക്കിയ വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ച തീയതി, അനുവദിച്ച തുക മുതലായ വിവരങ്ങൾ ലഭ്യമാക്കാമോ?

<u>**റീജിയണൽ ക്യാൻസർ സെന്റർ പെൻഷൻ സ്കീം (REPS)**</u>

2029 **ശ്രീ. ജി. ആർ. അനിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ എത്ര ജീവനക്കാർ REPS പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്; ഇപ്രകാരം അംഗങ്ങളായ ജീവനക്കാരുടെ പേരുവിവരങ്ങളും വർഷം തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കാമോ;

(ബി) REPS പെൻഷൻ പദ്ധതിയിൽ അംഗമായശേഷം ജോലി രാജിവെക്കുകയോ മറ്റ് കേന്ദ്ര-സംസ്ഥാന സർക്കാർ സർവീസുകളിലേക്കോ സ്ഥാപനങ്ങളിലേക്കോ മാറുകയോ ചെയ്ത ജീവനക്കാർ എത്ര പേരുണ്ടെന്നും അവരുടെ പേരുവിവരം, സർവീസ് വിട്ട തീയതി, ഇത്തരത്തിൽ സർവീസ് വിട്ട ജീവനക്കാർ REPS വിഹിതം കൃത്യമായി അടച്ചിരുന്നോ എന്നും കുടിശ്ശികയുള്ളവരുടെ വിവരങ്ങളും വ്യക്തമാക്കുമോ;

(സി) REPS പദ്ധതിയിൽ അംഗമായിരുന്ന ജീവനക്കാർ രാജിവെക്കുകയോ മറ്റ് സർവീസുകളിലേക്ക് മാറുകയോ ചെയ്യുന്ന പക്ഷം അവർ അടച്ച പെൻഷൻ വിഹിതവും അതിനുള്ള പലിശയും തിരികെ നൽകുന്നതിന് നിലവിൽ

വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ എത്ര ജീവനക്കാർക്ക് ഇത്തരത്തിൽ തുക തിരികെ നൽകിയിട്ടുണ്ടെന്നും ജീവനക്കാരുടെ പേര്, തിരികെ നൽകിയ തുക എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ; വിഹിതം തിരികെ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ തുക നൽകാൻ കഴിയാത്തവയുണ്ടെങ്കിൽ അത്തരം ജീവനക്കാരുടെ പേരുവിവരവും തുക തിരികെ നൽകാൻ സാധിക്കാത്തതിന്റെ കാരണങ്ങളും വ്യക്തമാക്കുമോ;

(ഡി) ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അർഹരായ ജീവനക്കാർക്ക് അവരുടെ വിഹിതവും ബാധകമായ പലിശയും ലഭ്യമാക്കുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ഇതിനായി സമയബന്ധിതമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കരുവേലിപ്പടി, ഫോർട്ട് കൊച്ചി ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനം

2030 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിദിനം 900 മുതൽ 1000 വരെ രോഗികൾ ഒ.പി. വിഭാഗത്തിൽ എത്തുന്ന കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയിൽ നിലവിൽ നാല് സി.എം.ഒ. തസ്തികകൾ മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടുത്തെ രോഗീബാഹുല്യം പരിഗണിച്ച് ആശുപത്രിയിലേക്ക് രണ്ട് സി.എം.ഒ, രണ്ട് അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകൾ കൂടി അധികമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കരുവേലിപ്പടി ആശുപത്രിയിൽ പുതിയ പോസ്റ്റ്മോർട്ടം റൂം സജ്ജമായി വരുന്ന പശ്ചാത്തലത്തിൽ പോസ്റ്റ്മോർട്ടം നടപടികൾ തടസ്സമില്ലാതെ നടത്തുന്നതിനായി ഒരു 'ഫോറൻസിക് സർജൻ' തസ്തിക പുതുതായി സൃഷ്ടിക്കുന്നതിന് ഭരണാനുമതി നൽകുമോ;

(സി) കരുവേലിപ്പടി ആശുപത്രിയിൽ പുതിയൊരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്നും ഇതിന്റെ പ്രവർത്തനങ്ങൾക്കായി ഒരു മനോരോഗവിദഗ്ധന്റെ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ;

(ഡി) കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രി, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ രാത്രി സമയങ്ങളിൽ ആംബുലൻസ് ഓടിക്കുന്നതിന് ഡ്രൈവർമാർ ഇല്ലാത്തതുമൂലം അടിയന്തര ഘട്ടങ്ങളിൽ രോഗികളെ മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നതിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, രാത്രികാലങ്ങളിൽ ആംബുലൻസ് ഡ്രൈവർമാരുടെ സേവനം ഉറപ്പാക്കുന്നതിനും സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുക; വ്യക്തമാക്കാമോ;

(ഇ) ഫോർട്ട് കൊച്ചി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിക്കപ്പെട്ട രണ്ട് ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് തസ്തികകളിൽ ഒരെണ്ണം ഒഴിഞ്ഞുകിടക്കുന്നതും സ്ഥിരം ഇ.എൻ.ടി. ഡോക്ടർ തസ്തിക ഇല്ലാതിരുന്നിട്ടും എൻ.എച്ച്.എം. സർജൻ വഴി ഒ.പി.യും സർജറിയും നടക്കുന്നതിനാൽ സേവനം ശാശ്വതമാക്കാൻ ഒരു ജൂനിയർ കൺസൾട്ടന്റ്, ഒരു കൺസൾട്ടന്റ് ഇ.എൻ.ടി. തസ്തികകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകതയും അറ്റൻഡർ ഗ്രേഡ്-2 വിഭാഗത്തിൽ 18-ൽ 10 തസ്തികകളും ഒഴിഞ്ഞുകിടക്കുന്നത് മൂലം ശുചീകരണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗൈനക്കോളജിസ്റ്റ്, അറ്റൻഡർ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനും പുതിയ ഇ.എൻ.ടി. തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

## <u>പേരാമ്പ്ര താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ കുറവ്</u>

2031 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ രോഗികളുടെ വർധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് ആവശ്യമായ അധിക ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ളതും ജോലി ചെയ്യുന്നതുമായ ഡോക്ടർമാരുടെ തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി, ഓഫ്താൽമോളജി, ഓർത്തോപീഡിക്സ് തുടങ്ങിയ വിഭാഗങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അധിക ഫീസ്**

2032 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന്റെ നിശ്ചിത നാലര വർഷത്തെ (54 മാസം) അക്കാദമിക് കാലയളവിന് പുറമെ അധിക വർഷം കണക്കാക്കി വിദ്യാർത്ഥികളിൽ നിന്ന് അധിക ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം അധിക ഫീസ് ഈടാക്കുന്നത് തടയുന്നതിനും വിദ്യാർത്ഥികളിൽ നിന്ന് നിശ്ചിത കാലയളവിലേക്കുള്ള ഫീസ് മാത്രമേ ഈടാക്കുന്നുള്ളൂവെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**സ്വാശ്രയ മെഡിക്കൽ-ഡെന്റൽ കോളേജുകളിലെ ഫീസ് നിർണ്ണയം**

2033 **ശ്രീ. വി. ജോയി**
**ശ്രീ. പി. മമ്മിക്കുട്ടി**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026–27 അധ്യയനവർഷത്തെ പ്രവേശനനടപടികൾ ആരംഭിക്കുന്നതിനുമുമ്പ് സ്വാശ്രയ മെഡിക്കൽ–ഡെന്റൽ കോളേജുകളിലെ ഫീസ് നിർണ്ണയിക്കുന്നതിനാവശ്യമായ കമ്മിറ്റികൾ പ്രവർത്തനക്ഷമമാക്കിയിരുന്നോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുന്നതിനുമുമ്പ് ആരോഗ്യവകുപ്പുമായി കൂടിയാലോചന നടത്തിയിരുന്നോയെന്നും കമ്മിറ്റി രൂപീകരണത്തിൽ ആരോഗ്യ വകുപ്പ് എതിർപ്പോ, ഭേദഗതി

നിർദ്ദേശങ്ങളോ ഉന്നയിച്ചിട്ടുണ്ടോയെന്നും അതിൽ സ്വീകരിച്ച തുടർനടപടികളും വ്യക്തമാക്കാമോ;

(സി) 2026-27 അധ്യയനവർഷത്തെ അന്തിമ ഫീസ് നിശ്ചയിക്കാത്ത കാരണത്താൽ മുൻവർഷത്തെ ഫീസ് താൽക്കാലികമായി അടച്ച് പ്രവേശനം നേടുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പിന്നീട് നിശ്ചയിക്കുന്ന ഫീസ് തുക അടയ്ക്കേണ്ടിവരുന്നത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രയാസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഫീസ് നിർണ്ണയത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ തമ്മിലുള്ള ഏകോപനം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും 2026-27 ലെ ഫീസ് ഇപ്പോൾ അടച്ചതിൽ കൂടുതൽ അടയ്ക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

## ഒല്ലൂരിലെ വൈദ്യരത്നം ആയുർവേദ കോളേജ്

2034 **ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂരിലെ വൈദ്യരത്നം ആയുർവേദ കോളേജിൽ നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള സർക്കാർ അനുവദിച്ച അദ്ധ്യാപക തസ്തികകളുടെ എണ്ണത്തിൽ കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അധ്യാപക തസ്തികകളുടെ കുറവ് മൂലം 2026-27 അധ്യയന വർഷത്തേക്കുള്ള പ്രവേശനാനുമതി നൽകുന്ന വേളയിൽ കോളേജിലെ വിദ്യാർത്ഥി പ്രവേശനശേഷിയിൽ 9 സീറ്റുകളുടെ കുറവ് വരുത്തിയിട്ടുള്ളതും ഈ കുറവ് അടിയന്തരമായി പരിഹരിക്കാത്തപക്ഷം കോളേജിന്റെ തുടർ അംഗീകാരത്തെയും വിദ്യാർത്ഥികളുടെ പഠനത്തെയും അത് പ്രതികൂലമായി ബാധിക്കാനിടയുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ നടത്തിയ പരിശോധനയിൽ കോളേജിലെ പാരാമെഡിക്കൽ ജീവനക്കാരുടെ കുറവും ആവശ്യമായ ലബോറട്ടറി ഉപകരണങ്ങളുടെ അപര്യാപ്തതയും ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; എങ്കിൽ, ഈ കുറവുകളുടെ വിശദാംശം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) അധ്യാപക, പാരാമെഡിക്കൽ ജീവനക്കാരുടെ കുറവും ലബോറട്ടറി ഉപകരണങ്ങളുടെ അപര്യാപ്തതയും പരിഹരിക്കുന്നതിനായി സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ആവശ്യമായ അധ്യാപക, പാരാമെഡിക്കൽ ജീവനക്കാരുടെ തസ്തികകൾ അടിയന്തരമായി നികത്തുന്നതിനും ആവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ പ്രത്യേക നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(എഫ്) മേൽപ്പറഞ്ഞ കുറവുകൾ സമയബന്ധിതമായി പരിഹരിച്ച്, 2026-27 അധ്യയന വർഷത്തിൽ കുറച്ച 9 സീറ്റുകൾ പുനഃസ്ഥാപിക്കുന്നതിനും കോളേജിന്റെ അംഗീകാരം നിലനിർത്തി വിദ്യാർത്ഥികളുടെ പഠനം തടസ്സമില്ലാതെ തുടരുന്നതിനും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ നടപടികൾ പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി എത്രയാണെന്ന് വിശദമാക്കാമോ?

**ഫോറൻസിക് മെഡിസിൻ വിഭാഗത്തിലെ അധ്യാപക ഒഴിവുകൾ**

2035 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ എത്ര വീതം ഒഴിഞ്ഞുകിടക്കുന്നുണ്ട് ; വിശദാംശം വ്യക്തമാക്കാമോ;

**നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ്**

2036 **ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് നിർബന്ധമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രികളിൽ നിശ്ചിത കാലത്തേക്ക് ഇന്റേൺഷിപ്പ് നിലവിൽ അനുവദിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇന്റേൺഷിപ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

__2017-ലെ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ നിയമപ്രകാരമുള്ള റീഫണ്ട് നടപടികൾ__

2037 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ കീം സ്പെഷ്യൽ ബി.പി.എൽ. സംവരണത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ കൃത്യമായ വിവരങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ; എം.ബി.ബി.എസ്. കോഴ്സിന്റെ ഫീസ് റീഫണ്ട് നൽകിയതിൽ ബി.പി.എൽ. വിദ്യാർത്ഥികളെ ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) 2017 മുതൽ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഗവൺമെന്റിലേക്കും എഫ്.ആർ.സി.(ഫീ റഗുലേറ്ററി കമ്മിറ്റി )ഫണ്ടിലേക്കും നൽകേണ്ട തുക കോർപ്പസ് ഫണ്ടിൽ ശേഖരിച്ചിട്ടുണ്ടോ; ഏതെല്ലാം കോളേജുകളാണ് ഈ തുക ഒടുക്കാൻ തയ്യാറായതെന്നും ഏതെല്ലാം കോളേജുകളാണ് കുടിശ്ശിക വരുത്തിയതെന്നും വ്യക്തമാക്കാമോ;

(സി) കോളേജുകളിൽ നിന്ന് കോർപ്പസ് ഫണ്ടിലേക്ക് ഇത്തരത്തിൽ ലഭിക്കേണ്ട ആകെ തുക എത്രയാണെന്നും ഇതിൽ നിന്ന് രക്ഷിതാക്കൾക്ക് തിരികെ നൽകാൻ സർക്കാരിന്റെ കൈവശം നിലവിലുള്ള തുക എത്രയാണെന്നും അറിയിക്കാമോ ;

(ഡി) ഉപയോഗിക്കാതെ കിടക്കുന്ന ഈ ഫണ്ടിൽ നിന്നും അർഹരായ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും തുക തിരികെ നൽകുന്നതിനായി നിലവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

__മരുന്ന്/അനുബന്ധ സാമഗ്രികളുടെ സംഭരണം, ഇൻഷ്വറൻസ് പദ്ധതികൾ എന്നിവക്ക് വേണ്ടിയുള്ള ഫണ്ട് വിനിയോഗം__

2038 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾക്ക് 2024–25, 2025–26 സാമ്പത്തിക വർഷങ്ങളിൽ കെ.എം.എസ്.സി.എൽ. വാർഷിക ഇൻഡന്റിലൂടെ എത്ര തുക വീതമാണ് വകയിരുത്തിയിരുന്നത് എന്ന് മെഡിക്കൽ കോളേജ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ വാർഷിക ഇൻഡന്റിന് പുറമെ വിവിധ രോഗീക്ഷേമ/ഇൻഷുറൻസ് പദ്ധതികൾക്കായി (കാസ്പ്, മെഡിസെപ്, ആരോഗ്യകിരണം മുതലായവ) ഓരോ മെഡിക്കൽ കോളേജും കെ.എം.എസ്.സി.എൽ. കാരുണ്യ ഫാർമസി, എച്ച്.ഡി.എസ്. ഫാർമസി, എച്ച്.എൽ.എൽ. ലൈഫ് കെയർ എന്നിവയിൽ നിന്നും മരുന്നുകൾ, സർജിക്കൽസ്, കൺസ്യൂമബിൾസ്, കാത്ത് ലാബ് അനുബന്ധ സാമഗ്രികൾ (സ്റ്റെന്റ്, ബലൂൺ ഉൾപ്പെടെ) എത്ര തുകയ്ക്ക് വാങ്ങിയിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ വിവിധ രോഗീക്ഷേമ/ഇൻഷുറൻസ് പദ്ധതികൾക്കായി ഓരോ മെഡിക്കൽ കോളേജ് ആശുപത്രിയും വാർഷിക ഇൻഡന്റ് വഴിയല്ലാതെയുള്ള വാങ്ങലുകൾക്കായി ആകെ ചെലവഴിച്ച തുക എത്രയെന്ന് സാമ്പത്തിക വർഷവും ആശുപത്രിയും തിരിച്ച് ലഭ്യമാക്കാമോ;

(ഡി) വിവിധ രോഗീക്ഷേമ/ഇൻഷുറൻസ് പദ്ധതികൾക്കായി ഇത്തരത്തിൽ പുറത്തുനിന്നും വാങ്ങുന്ന ഇനങ്ങളുടെ വിവരങ്ങൾ കെ.എം.എസ്.സി.എൽ.-ന്റെ ഡ്രഗ് ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്‌വെയറിലോ അല്ലെങ്കിൽ മറ്റ് അംഗീകൃത സോഫ്റ്റ്‌വെയറുകളിലോ കൃത്യമായി സ്റ്റോക്ക് എൻട്രി നടത്താറുണ്ടോ? എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) കെ.എം.എസ്.സി.എൽ. വാർഷിക ഇൻഡന്റിൽ വകയിരുത്തിയ തുകയേക്കാൾ ഉയർന്ന തുകയ്ക്ക് മെഡിക്കൽ കോളേജ് ആശുപത്രികൾ സ്വന്തം നിലയിൽ പുറത്തുനിന്ന് മരുന്നുകളും സർജിക്കൽ അനുബന്ധ സാമഗ്രികളും വാങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനും ധനവിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**2026–27 ലെ എം.ബി.ബിഎസ് കോഴ്സ് പ്രവേശനം**

2039 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026–27 അധ്യയനവർഷത്തിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ എം.ബി.ബി.എസ്.-ന് പ്രവേശനം ലഭിച്ചിട്ടുള്ള പൊതു വിഭാഗത്തിലെയും സംവരണ വിഭാഗത്തിലെയും അവസാന വിദ്യാർത്ഥിയുടെ നീറ്റ് -യു.ജി. പരീക്ഷയിലെ റാങ്ക് നില എത്രയാണ് എന്ന് പ്രത്യേകം വ്യക്തമാക്കാമോ;

(ബി) 2026–27 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കാൻ അവസരം ഉണ്ടായിട്ടും ഗവൺമെൻ്റ് മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കാത്തതിനാൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടാത്ത വിദ്യാർഥികളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് നീറ്റ് -യു.ജി. പരീക്ഷയിൽ ഉയർന്ന റാങ്ക് നേടിയിട്ടും സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. പ്രവേശനം ലഭിക്കാത്തതിനാൽ സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഉയർന്ന ഫീസ് താങ്ങാൻ കഴിയാതെ മെഡിക്കൽ വിദ്യാഭ്യാസം എന്ന സ്വപ്നം ഉപേക്ഷിക്കേണ്ടിവരുന്ന വിദ്യാർഥികളുടെ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2026–27 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. സീറ്റുകളുടെ ആകെ എണ്ണം എത്രയാണ് എന്നും സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ആകെ എം.ബി.ബി.എസ്. സീറ്റ് എത്രയാണെന്നും പ്രത്യേകം അറിയിക്കാമോ;

(ഇ) 2026–27 അധ്യയനവർഷത്തിൽ നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സർക്കാർ സീറ്റിലേക്ക് അർഹത നേടിയിട്ടും പ്രവേശനം നേടാത്ത വിദ്യാർഥികളുടെ എണ്ണം എത്രയാണ് എന്ന് ജില്ലതിരിച്ച് അറിയിക്കാമോ;

(എഫ്) സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കാത്തതുംഎന്നാൽ നീറ്റ് -യു.ജി. റാങ്ക് ലിസ്റ്റിൽ ഉയർന്ന റാങ്ക് നേടിയിട്ടുള്ളതുമായ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് സ്വാശ്രയ കോളേജുകളിൽ എം.ബി.ബി.എസ്. പഠനം നടത്തുന്നതിന് പ്രത്യേക സാമ്പത്തിക സഹായപദ്ധതി,

സ്കോളർഷിപ്പ്, പലിശരഹിത വിദ്യാഭ്യാസ വായ്പ എന്നിവ ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ;

(ജി) സർക്കാർ മെഡിക്കൽ കോളേജുകളിൽ അധിക എം.ബി.ബി.എസ്. സീറ്റുകൾ അനുവദിക്കുന്നതിനും നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ വിദ്യാർഥികൾക്ക് പ്രവേശനസൗകര്യം ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പരിശോധനാ ലാബുകൾ ഒരു കെട്ടിടത്തിലേക്ക് മാറ്റുവാൻ നടപടി</u>**

2040 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിവിധ പരിശോധന ലാബുകൾ പല സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുള്ളതിനാൽ രോഗികളും കൂട്ടിരിപ്പുകാരും വളരെയധികം ബുദ്ധിമുട്ടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിശോധനാ ലാബുകൾ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഏറ്റവും സൗകര്യപ്രദമായ രീതിയിൽ ഒരു കെട്ടിടത്തിലേക്ക് മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഇതിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>അന്താരാഷ്ട്ര ആയുർവേദ ഗവേഷണ സ്ഥാപനം</u>**

2041 **ശ്രീ. സേനാപതി വേണു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര ആയുർവേദ ഗവേഷണ സ്ഥാപനത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 2016 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ ഭൂമി ഏറ്റെടുക്കുന്നതിനായി ചെലവഴിച്ച ആകെ തുക എത്രയാണ്; ഏറ്റെടുത്ത ഭൂമിയുടെ വിസ്തീർണ്ണം, ഭൂമി ഏറ്റെടുത്ത വർഷം, ഏറ്റെടുക്കലുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) അന്താരാഷ്ട്ര ആയുർവേദ ഗവേഷണ സ്ഥാപനത്തിന്റെ കെട്ടിടങ്ങളും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതിനായി

അനുവദിച്ച തുക, ഭരണാനുമതി തുക, കരാർ തുക, ഇതുവരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം നൽകാമോ;

(സി) സ്ഥാപനത്തിൽ വിഭാവനം ചെയ്തിട്ടുള്ള മാനുസ്ക്രിപ്റ്റ് യൂണിറ്റ്, റിസർച്ച് യൂണിറ്റ്, മെഡിസിനൽ നഴ്സറി എന്നിവയിൽ ഓരോന്നും നിലവിൽ പൂർണ്ണമായി പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമാക്കാമോ; പ്രവർത്തനക്ഷമമാണെങ്കിൽ, നിലവിലെ പ്രവർത്തനങ്ങൾ, ജീവനക്കാരുടെ എണ്ണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ എന്തൊക്കെയാണെന്നും പ്രവർത്തനക്ഷമമല്ലെങ്കിൽ, അതിന്റെ കാരണം എന്താണെന്നും പ്രവർത്തനക്ഷമമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ട പദ്ധതി പ്രഖ്യാപനം, തറക്കല്ലിടൽ, ഉദ്ഘാടനം, സമീപകാല ഉദ്ഘാടനം, മറ്റ് ഔദ്യോഗിക ചടങ്ങുകൾ/ പരിപാടികൾ എന്നിവയ്ക്കായി 2016 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പരിപാടികളുടെ തീയതി, പരിപാടിയുടെ സ്വഭാവം, ചെലവഴിച്ച തുക, ഇവന്റ് മാനേജ്മെന്റ് ഏജൻസി/കരാറുകാരന്റെ പേര്, ഫണ്ട് അനുവദിച്ച വകുപ്പ്/സ്ഥാപനം, ചെലവിന്റെ പ്രധാന ഇനങ്ങൾ എന്നിവയുടെ വിശദാംശം പ്രത്യേകമായി നൽകാമോ?

## <u>നാഷണൽ ആയുഷ് മിഷൻ പരിധിയിലെ നിർമ്മാണങ്ങൾ</u>

2042 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ആയുഷ് മിഷൻ പരിധിയിൽ 2016 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ നിർമ്മാണം ആരംഭിച്ചിട്ടുള്ള കെട്ടിടങ്ങളിൽ നിർമ്മാണം പൂർത്തിയാകാത്തവ, നിർമ്മാണം പൂർത്തിയായിട്ടും ഉപയോഗിക്കാതെയോ പ്രവർത്തനക്ഷമമാക്കാത്തതോ ആയി കിടക്കുന്നവ, ഭാഗികമായി മാത്രം ഉപയോഗിക്കുന്നവ എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ കെട്ടിടത്തിന്റെയും പേര്, ഉദ്ദേശ്യം, അനുവദിച്ച തുക, കരാർ തുക, ഇതുവരെ ചെലവഴിച്ച തുക, നിർമ്മാണ പുരോഗതി, നിലവിലെ

ഉപയോഗസ്ഥിതി, പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം എന്നിവ വ്യകതമാക്കാമോ;

(സി) മേൽപ്പറഞ്ഞവയുടെ ഭൂമി, കെട്ടിടങ്ങൾ, ഉപകരണങ്ങൾ, വിവിധ യൂണിറ്റുകൾ എന്നിവയ്ക്കായി സർക്കാർ ഇതുവരെ ചെലവഴിച്ച ആകെ തുക എത്രയാണ്; ഇതിൽ എത്ര ശതമാനം ആസ്തികളും സൗകര്യങ്ങളും നിലവിൽ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സ്ഥാപനത്തിലെ പ്രവർത്തനരഹിതമായ/ഉപയോഗിക്കാത്ത കെട്ടിടങ്ങളും ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിനും മാനുസ്ക്രിപ്റ്റ് യൂണിറ്റ്, റിസർച്ച് യൂണിറ്റ്, മെഡിക്കൽ നഴ്സറി തുടങ്ങിയവ പൂർണ്ണമായി പ്രവർത്തിപ്പിക്കുന്നതിനും സമയബന്ധിത പ്രവർത്തനപദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) സ്ഥാപനത്തിനായി ഇതിനകം ചെലവഴിച്ച പൊതുഫണ്ടിന്റെ പരമാവധി പ്രയോജനം ഉറപ്പാക്കുന്നതിനും നിലവിലുള്ള ആസ്തികൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനുമായി പ്രവർത്തനക്ഷമത/വിനിയോഗ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കണ്ടെത്തലുകളും തുടർനടപടികളും വ്യക്തമാക്കാമോ?

<u>**ഔഷധി നൽകിയ പരസ്യങ്ങൾ**</u>

2043 **ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധി കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ ഓരോ വർഷവും ഏകദേശം എട്ട് കോടി രൂപ വീതം ഒരു പ്രത്യേക പത്രത്തിനും ചാനലിനും പരസ്യ ഇനത്തിൽ നൽകിയതായി വാർത്തകൾ വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിൽ ഒരു പ്രത്യേക പത്രത്തിനും ചാനലിനും ഇത്രയും വലിയ തുക പരസ്യ ഇനത്തിൽ അനുവദിച്ചതിന് സ്വീകരിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരസ്യങ്ങൾ അനുവദിച്ചത് നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും മറികടന്നാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ

പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

**ദേശീയ ആയുഷ് മിഷനും ദേശീയ ആരോഗ്യ മിഷനും നൽകിയ പരസ്യങ്ങൾ**

2044 **ശ്രീ. ടോണി ചമ്മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ആയുഷ് മിഷനും ദേശീയ ആരോഗ്യ മിഷനും ഒരു പ്രത്യേക പത്രസ്ഥാപനത്തിന് എല്ലാ മാസവും പരസ്യ ഇനത്തിൽ തുക അനുവദിക്കുന്നതായി വാർത്തകൾ വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിന് ഇത്തരത്തിൽ പരസ്യങ്ങൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണ്; ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിലുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണോ ദേശീയ ആയുഷ് മിഷനും ദേശീയ ആരോഗ്യ മിഷനും പ്രസ്തുത പരസ്യങ്ങൾ അനുവദിച്ചിട്ടുള്ളത്; അല്ലെങ്കിൽ ചട്ടവിരുദ്ധമായി പരസ്യങ്ങൾ അനുവദിച്ചതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സർക്കാർ ഫണ്ട് ഇത്തരത്തിൽ വിനിയോഗിച്ചതിൽ ക്രമക്കേടോ അനാവശ്യ ചെലവോ നടന്നിട്ടുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ചട്ടവിരുദ്ധമായി പരസ്യങ്ങൾ അനുവദിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ നിലവിലെ സ്ഥിതിയും കണ്ടെത്തലുകളും വിശദമാക്കാമോ; സർക്കാർ ഫണ്ട് അനാവശ്യമായി ചെലവഴിച്ചതായി കണ്ടെത്തുന്ന പക്ഷം അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ആയുഷ് വിഭാഗത്തിനായി സ്വതന്ത്ര സർവ്വകലാശാല**

2045 **ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വിഭാഗത്തിനായുള്ള സ്വതന്ത്ര സർവകലാശാല തുടങ്ങുവാനുള്ള സർക്കാർ തല നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന്റെ നിലവിലുള്ള സ്ഥിതിയും അവയുടെ നടപടിക്രമങ്ങളും വ്യക്തമാക്കുമോ;

(ബി) പ്രത്യേക ആയുഷ് സർവകലാശാല കൊണ്ടുവരുന്നത് എതിർത്തുകൊണ്ട് ആയുർവേദ സംഘടനകളുടെ ഭാഗത്തുനിന്നുണ്ടായ പ്രസ്താവനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സംഘടനകളുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ നിന്നും ആയുഷ് വകുപ്പിനെ മാറ്റുന്നതുകൊണ്ട് ഏതുതരത്തിലുള്ള നേട്ടങ്ങളാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കർണാടകം, ഉത്തരാഖണ്ഡ് മുതലായ സംസ്ഥാനങ്ങളിൽ സ്വതന്ത്ര ആയുഷ് സർവകലാശാലകൾ തുടങ്ങിയിട്ട് എവിടെയും എത്താത്ത സ്ഥിതിഗതികൾ മുൻപിൽ നിൽക്കെ, ഈ വിഷയത്തെ സംബന്ധിച്ച് വ്യക്തവും വസ്തുനിഷ്ഠവുമായ പഠനം സർക്കാർ തലത്തിൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദവിവരം നൽകുമോ?

**<u>സർക്കാർ ഹോമിയോ ആശുപത്രികളിലെ മരുന്ന് ക്ഷാമം</u>**

2046 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹോമിയോ ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രമേഹം, രക്തസമ്മർദ്ദം, വന്ധ്യതാ ചികിത്സാ തുടങ്ങിയവയ്ക്കുള്ള മരുന്നുകൾ ലഭ്യമല്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവശ്യ മരുന്നുകളുടെ ക്ഷാമമുണ്ടാവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) മരുന്ന് ക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; എന്നുമുതൽ ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയും; വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ആറ്റിങ്ങൽ ഗവ.ഹോമിയോ ആശുപത്രിയിൽ നാലുവയസ്സുള്ള കുട്ടിക്ക് കാലാവധി കഴിഞ്ഞ മരുന്ന് നല്കിയ

സംഭവത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

**<u>സർക്കാർ ആയുർവേദ ആശുപത്രികളിലെ പഞ്ചകർമ്മ ചികിത്സാ സേവനം</u>**

2047 **ശ്രീ. പി. കെ. ഫിറോസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിടത്തിച്ചികിത്സാ സൗകര്യമുള്ള 133 സർക്കാർ ആയുർവേദ ആശുപത്രികളിൽ നിലവിൽ 15 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ) തസ്തികകൾ മാത്രമാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കിടത്തിച്ചികിത്സയിൽ പഞ്ചകർമ്മ ചികിത്സയുടെ പ്രാധാന്യം പരിഗണിച്ച് അത്തരം ആശുപത്രികളിൽ ആവശ്യാനുസരണം കുറഞ്ഞത് ഒരു പഞ്ചകർമ്മ സ്പെഷ്യലിസ്റ്റിന്റെ സേവനം ഉറപ്പാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കേരള പബ്ലിക് സർവീസ് കമ്മീഷൻ വിജ്ഞാപനപ്രകാരം മെഡിക്കൽ ഓഫീസർ (ആയുർവേദ), സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ (പഞ്ചകർമ്മ) എന്നീ തസ്തികകൾക്ക് ഒരേ അടിസ്ഥാന ശമ്പള സ്കെയിൽ (₹55,200–1,15,300) ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയുർവേദ ആശുപത്രികളിലെ പഞ്ചകർമ്മ ചികിത്സാ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള തസ്തികകളുടെ ലഭ്യതയും ആവശ്യകതയും സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഒന്നിലധികം മെഡിക്കൽ ഓഫീസർമാരുള്ള കിടത്തിച്ചികിത്സാ സൗകര്യമുള്ള സർക്കാർ ആയുർവേദ ആശുപത്രികളിൽ സേവനാവശ്യകതയും ജീവനക്കാരുടെ ലഭ്യതയും പരിഗണിച്ച് നിലവിലുള്ള മെഡിക്കൽ ഓഫീസർ തസ്തികകളിൽ ആവശ്യമായവ, പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ തസ്തികകളായി പുനഃക്രമീകരിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; അധിക സാമ്പത്തിക ബാധ്യത പരമാവധി കുറച്ചുകൊണ്ട് പഞ്ചകർമ്മ ചികിത്സാ സേവനം വ്യാപിപ്പിക്കാൻ ഇത്തരത്തിലുള്ള പുനഃക്രമീകരണം പ്രായോഗികമാണെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിലെ പന്നിക്കോട്ടൂർ ഗവ. ആയുർവേദ ആശുപത്രി പോലുള്ള ആശുപത്രികളിൽ പഞ്ചകർമ്മ ചികിത്സ ആവശ്യമായ രോഗികൾക്ക് നിലവിൽ പഞ്ചകർമ്മ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയിലെ രോഗികളുടെ ചികിത്സാ ആവശ്യകതയും കിടത്തിച്ചികിത്സാ സൗകര്യവും പരിഗണിച്ച് പഞ്ചകർമ്മ സ്പെഷ്യലിസ്റ്റിന്റെ സേവനം ഉറപ്പാക്കുന്നതിനായി തസ്തിക അനുവദിക്കുകയോ നിലവിലുള്ള തസ്തിക പുനഃക്രമീകരിക്കുകയോ ചെയ്യുമോയെന്നും വ്യക്തമാക്കാമോ;

(ഇ) പന്നിക്കോട്ടൂർ ഗവ. ആയുർവേദ ആശുപത്രിയിൽ മെയിൽ/ഫീമെയിൽ തെറാപ്പിസ്റ്റുകളുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

## <u>തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ ഒഴിവുകൾ നികത്താൻ നടപടി</u>

2048 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിൽ സ്റ്റാഫിന്റെ കുറവ് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിൽ ഏതൊക്കെ തസ്തികകളിൽ എത്ര വീതം ഒഴിവുകൾ നിലവിൽ നികത്താനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുള്ള സ്ഥിരം തസ്തികകളിൽ പി.എസ്.സി വഴിയോ താത്കാലിക വ്യവസ്ഥയിലോ അടിയന്തിരമായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ആയുർവേദ ആശുപത്രികളിൽ അഡീഷണൽ മെഡിക്കൽ ഓഫീസർ തസ്തിക</u>

2049 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സ വകുപ്പിൽ പത്ത്, ആറ്, നാല് കിടക്കകളുള്ള ആയുർവേദ ആശുപത്രികളിൽ അഡീഷണൽ മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാമോ?

**കോതമംഗലം മണ്ഡലത്തിലെ ആയുർവേദ ആശുപത്രികൾ**

2050 **ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ആയുർവേദ ആശുപത്രികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കിടത്തിച്ചികിത്സ സൗകര്യം ഏതെല്ലാം ആയുർവേദ ആശുപത്രികളിലാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ കിടത്തിച്ചികിത്സ സൗകര്യം ലഭ്യമല്ലാത്ത ആശുപത്രികളിൽ പ്രസ്തുത സൗകര്യം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാമോ?

**ഹോമിയോ മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകൾ**

2051 **ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലെ അധ്യാപക ഒഴിവുകൾ പൂർണ്ണമായും നികത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഹോമിയോ കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്നത് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അടുത്ത 15-20 വർഷക്കാലത്തേക്ക് ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളെ പ്രതികൂലമായി ബാധിക്കുമെന്നും ഇത് P.G. പഠിച്ചിറങ്ങുന്ന കുട്ടികളുടെ അവസരം നഷ്ടപ്പെടുത്തുമെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച തീരുമാനം അറിയിക്കാമോ;

(സി) N.C.H-ന്റെ നിർദ്ദേശപ്രകാരം P.G.യുള്ള ഹോമിയോ കോളേജുകളിൽ പുതുതായി Research Methodology and Biostatistics Dept. തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിലേക്കുള്ള അധ്യാപകരെ

കമ്മ്യൂണിറ്റി മെഡിസിൻ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുമോ?

**വ്യാജ മരുന്നുകളുടെ ഉൽപാദനവും വിതരണവും തടയാൻ നടപടി**

2052 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഉത്തരവുകൾ പൂർണ്ണമായും പാലിക്കാതെ പ്രവർത്തിക്കുന്ന മെഡിക്കൽ ഷോപ്പുകളിലെ വ്യാജ, ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ കടന്നുകയറ്റവും കച്ചവടവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ ഉൽപാദനവും വിതരണവും അവസാനിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ഇടനിലക്കാരെ ഒഴിവാക്കി മരുന്ന് വാങ്ങൽ**

2053 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ജയന്ത്**
**ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് വേണ്ടി മരുന്നുകൾ സംഭരിക്കുന്ന കെ.എം.എസ്.സി.എൽ. ഇൻസുലിൻ, എറിത്രോപോയിറ്റിൻ ഇഞ്ചക്ഷൻ, റിസ്ഡിപ്ലാം എന്നീ മരുന്നുകൾ ഇടനിലക്കാരെ ഒഴിവാക്കി മരുന്ന് കമ്പനികളിൽ നിന്നും നേരിട്ട് സംഭരിക്കാൻ നടപടി സ്വീകരിച്ചോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം കമ്പനികളിൽ നിന്ന് നേരിട്ട് മരുന്ന് സംഭരിച്ചപ്പോൾ വിലയിൽ കാര്യമായ വ്യത്യാസമുണ്ടായോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന് ആവശ്യമായ മരുന്ന് വാങ്ങാൻ കെ.എം.എസ്.സി.എൽ. 2026 മാർച്ചിൽ ഒപ്പുവച്ച ഒരു വർഷം കാലാവധിയുള്ള കരാർ അവസാനിക്കുമ്പോൾ എല്ലാ മരുന്നുകളും കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങുന്ന കരാറിൽ ഏർപ്പെടാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

**മരുന്ന് ലഭ്യത ഉറപ്പാക്കാൻ നടപടി**

2054 **ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. കെ. പ്രവീൺ കുമാർ**

**ശ്രീ. സിറിയക് തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പാക്കാൻ ജില്ലാതല നിരീക്ഷണ സമിതി രൂപീകരിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) മരുന്ന് സ്റ്റോക്കുണ്ട് എന്ന രേഖയിലെ കണക്കിനപ്പുറം രോഗിക്ക് മരുന്ന് ലഭിക്കുന്നുണ്ടോ എന്ന മാനദണ്ഡത്തിൽ ആശുപത്രി രേഖകൾക്ക് പുറമെ, ഫാർമസിയിലും സ്റ്റോറിലും നേരിട്ട് പരിശോധിച്ച് മരുന്ന് ലഭ്യത വിലയിരുത്തി ഓരോ ആഴ്ചയും സമിതി റിപ്പോർട്ട് നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഏതെങ്കിലും മരുന്ന് അധികമായുണ്ടെങ്കിൽ ആവശ്യമുള്ള മറ്റ് ആശുപത്രിയിലേക്ക് എത്തിക്കാനും ഗുരുതരമായ മരുന്ന് ക്ഷാമം കണ്ടെത്തിയാൽ ഉടൻ ബന്ധപ്പെട്ട അധികൃതരെ അറിയിച്ച് അടിയന്തരമായി ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങാനുള്ള കരാർ</u>**

2055 **ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. കെ. എം. അഭിജിത്ത്**

**ശ്രീമതി കെ. കെ. രമ**

**ശ്രീ. രമേഷ് പിഷാരടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങാനുള്ള കരാർ നടപടികൾ മാർച്ച് അവസാനത്തോടെ കെ.എം.എസ്.സി.എൽ. പൂർത്തിയാക്കാറുണ്ടെങ്കിലും 2026-ൽ കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്താണോ നടപടികൾ അന്തിമഘട്ടത്തിൽ എത്തിയതെന്ന് അറിയിക്കുമോ;

(ബി) മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങാൻ മുൻ സർക്കാർ പർച്ചേസ് ഓർഡർ നൽകിയിരുന്നില്ലെന്നും മുഴുവൻ മരുന്നിനും കരാർ നൽകിയിരുന്നില്ലെന്നുമുള്ള ആക്ഷേപത്തെ കുറിച്ച് വിശദമാക്കുമോ; ഇതുമൂലമാണ് ഇപ്പോഴുള്ള മരുന്ന് ക്ഷാമമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അടുത്തവർഷം മുതൽ ഗുണമേന്മയുള്ള മരുന്നുകൾ മാത്രം വാങ്ങാൻ കെ.എം.എസ്.സി.എൽ.-ന്റെ കരാർ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ?

<u>പാലിലെ അഫ്ലാട്ടോക്സിൻ സാന്നിദ്ധ്യം</u>

2056 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിൽ ക്യാൻസറിന് വരെ കാരണമാകാവുന്ന അഫ്ലാട്ടോക്സിൻ-ന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടോ, ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് അടുത്തകാലത്ത് നടത്തിയ പരിശോധനകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പൂപ്പൽ ബാധിച്ച കാലിത്തീറ്റ വഴി ഇത് കന്നുകാലികളിലേയ്ക്കും അവയുടെ പാൽ ഉപയോഗിക്കുക വഴി മനുഷ്യരിലേക്കും എത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) അഫ്ലാട്ടോക്സിൻ-ന്റെ സാന്നിധ്യം ഉള്ള പാൽ വിതരണം ചെയ്ത നിർമ്മാതാക്കൾക്കും വിതരണക്കാർക്കും എതിരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പാലിൽ അഫ്ലാട്ടോക്സിൻ-ന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞശേഷം ഈ വിഷയത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>കണ്ണൂർ ജില്ലയിലെ ഭക്ഷ്യസുരക്ഷാ പരിശോധനാ സംവിധാനങ്ങൾ</u>

2057 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴകിയതും മായം ചേർത്തതുമായ ഭക്ഷണം, വൃത്തിഹീനമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ/ കൂൾബാറുകൾ, ഗുണനിലവാരമില്ലാത്ത കുടിവെള്ളത്തിന്റെ ഉപയോഗം എന്നിവ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പ്രധാന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സംസ്ഥാനത്തൊട്ടാകെയും പ്രത്യേകിച്ച് കണ്ണൂർ ജില്ലയിലും ഇത്തരം ലംഘനങ്ങൾക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ പിഴയടക്കമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്താനും ഗുണനിലവാരം ഉറപ്പുവരുത്താനുമുള്ള അത്യാധുനിക ലാബ് പരിശോധനാ സംവിധാനങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിലവിലുണ്ട്; കണ്ണൂർ ജില്ലയിൽ നിലവിൽ ഇത്തരത്തിലുള്ള ഭക്ഷ്യപരിശോധനാ ലാബ് പ്രവർത്തിക്കുന്നുണ്ടോ;

(ഡി) കണ്ണൂർ ജില്ലയിൽ ലാബ് സൗകര്യമുണ്ടെങ്കിൽ, കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര സാമ്പിളുകൾ അവിടെ പരിശോധനയ്ക്കായി എത്തിച്ചിട്ടുണ്ട്; ഇതിൽ എത്രയെണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) ജില്ലകളിൽ ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>പാൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളും</u>**

2058 **ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാര പരിശോധനകളിൽ എത്ര സാമ്പിളുകൾ നിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ എത്ര ജില്ലകളിൽ പ്രവർത്തിക്കുന്നുവെന്നും ഇവ കഴിഞ്ഞ മൂന്ന് വർഷം നടത്തിയ പരിശോധനകളുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഭക്ഷ്യസുരക്ഷാ നിയമലംഘനവുമായി ബന്ധപ്പെട്ട പരിശോധന നടത്തുന്നതിനുള്ള ഉദ്യോഗസ്ഥരുടെ കുറവ് പരിശോധനയെ ബാധിക്കുന്നുണ്ടോ; എങ്കിൽ പരിശോധന ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ബേക്കറി ഉല്പന്നങ്ങളുടെ ഭക്ഷ്യസുരക്ഷാ പരിശോധന**

2059 **ശ്രീ. വി. കെ. സനോജ്**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീ. ജി. സ്റ്റീഫൻ**

**ശ്രീ. കെ. പ്രേമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കറി ഉല്പന്നങ്ങളുടെ നിർമ്മാണത്തിലും വിതരണത്തിലും ഭക്ഷ്യസുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദമാക്കാമോ;

(ബി) മിക്ക ബേക്കറികളും മറ്റിടങ്ങളിൽ തയ്യാറാക്കുന്ന ഉല്പന്നങ്ങളാണ് വിൽപ്പന നടത്തുന്നതെന്നതിനാൽ, ഇവ നിർമ്മിക്കുന്ന ഇടങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ബേക്കറി ഉല്പന്നങ്ങളിൽ രാസവസ്തുക്കളും കൃത്രിമ നിറങ്ങളും നിയമവിരുദ്ധമായ അളവിൽ ചേർക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികൾ**

2060 **ശ്രീ. കെ. ജയന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും വിശദമാക്കാമോ?

**<u>റേഷൻ വാങ്ങാത്തവരുടെ കാർഡുകൾ മരവിപ്പിക്കൽ നടപടി</u>**

2061 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറു മാസം തുടർച്ചയായി റേഷൻ വാങ്ങാത്തവരുടെ റേഷൻ കാർഡുകൾ മരവിപ്പിക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം കേരളത്തിലെ സാർവത്രികവും ശക്തവുമായ പൊതുവിതരണ സംവിധാനത്തെയും ഭക്ഷ്യസുരക്ഷയെയും എങ്ങനെയാണ് ബാധിക്കുന്നതെന്ന് വിശദമാക്കുമോ; ആയത് സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവ് ഉണ്ടാകുവാൻ ഇടയാക്കുമോ;

(ബി) കിടപ്പുരോഗികൾ, ദീർഘകാല ചികിത്സയിലുള്ളവർ, ഒറ്റയ്ക്ക് താമസിക്കുന്ന വയോധികർ, സംസ്ഥാനത്തിന് പുറത്ത് താൽക്കാലികമായി ജോലിക്കോ ചികിത്സാ ആവശ്യാർത്ഥമോ പോയവർ എന്നിവർക്ക് ആറു മാസം തുടർച്ചയായി റേഷൻ കടകളിൽ നേരിട്ടെത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നപക്ഷം അവരുടെ കാർഡുകൾ സംരക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഭക്ഷ്യവകുപ്പ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

**<u>ദേശീയ ഭക്ഷ്യ ഭദ്രത നിയമം</u>**

2062 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രത നിയമപ്രകാരം എത്ര ഗോഡൗണുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ എത്രയെണ്ണം സയന്റിഫിക് ഗോഡൗണുകളാണെന്നും അറിയിക്കാമോ;

(ബി) കേന്ദ്ര നിയമ പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ സംഭരണം സയന്റിഫിക് ഗോഡൗണുകളിൽ ആകണമെന്നിരിക്കെ അൺ സയന്റിഫിക് സംവിധാനങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നത് നിയമവിരുദ്ധമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇ അൺ സയന്റിഫിക്കായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഏത് വിധത്തിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ ഭക്ഷ്യ ഭദ്രത നിയമം 2013 നടപ്പിലാക്കേണ്ടത് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തകാര്യ വകുപ്പ് ആയിരിക്കേ നിലവിലും സപ്ലൈകോയെ നോഡൽ ഏജൻസിയായി നിലനിർത്തേണ്ടതുണ്ടോ; ഉണ്ടെങ്കിൽ സാഹചര്യം വിശദമാക്കാമോ;

(ഡി) നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (NFSA) ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് നടപ്പാക്കിയാൽ സർക്കാരിനുണ്ടാകുന്ന ലാഭ - നഷ്ട കണക്കുകൾ കണക്കാക്കിയിട്ടുണ്ടോ; കണക്കാക്കിയിട്ടുണ്ടെങ്കിൽ വിശദമാക്കാമോ;

(ഇ) ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃ കാര്യ വകുപ്പിൽ 2016 മെയ് മുതൽ 2025 മെയ് വരെയുള്ള കാലയളവിൽ ക്ലർക്ക് തസ്തികയിൽ എത്ര ജീവനക്കാരെ പുതിയതായി നിയമിച്ചുവെന്ന് അറിയിക്കാമോ; ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ ഉണ്ടായിട്ടുള്ളതായി ആരോപിക്കപ്പെടുന്ന നിയമന മുരടിപ്പ്, സ്ഥാനക്കയറ്റത്തിലെ മുരടിപ്പ് എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ തുടർനടപടികൾ വിശദമാക്കാമോ;

(എഫ്) ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും സപ്ലൈകോയിലേക്കുള്ള ഡെപ്യൂട്ടേഷൻ 10% വീതം വർഷാവർഷം കുറവ് ചെയ്ത സർക്കാർ ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതാണോ; ഇത് വിശദമാക്കാമോ;

(ജി) നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ടിന്റെ (NFSA) നോഡൽ ഏജൻസിയായി സപ്ലൈകോയെ ചുമതല ഏൽപ്പിച്ചപ്പോൾ ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ 42 തസ്തികകളും സപ്ലൈകോയിൽ 318 തസ്തികകളും അനുവദിച്ചത് നിയമപരമായി ശരിയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; നിയമപരമായി ശരിയല്ലെങ്കിൽ ഇക്കാര്യത്തിൽ തുടർനടപടികൾ വിശദമാക്കാമോ?

**<u>ഗുണനിലവാരമില്ലാത്ത അരിയുടെ കടത്ത് തടയാൻ നടപടി</u>**

2063 **ശ്രീ. തോമസ് ഉണ്ണിയാടൻ**

**ശ്രീ. റെജി ചെറിയാൻ**

**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള അരിയുൾപ്പടെയുള്ള ഭക്ഷ്യവസ്തുക്കൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) സുരക്ഷിതമായ ഭക്ഷണത്തിനുള്ള ജനങ്ങളുടെ അവകാശത്തെ ഹനിച്ചുകൊണ്ട്, പഴയ റേഷൻ അരി സംഭരിച്ച് പുതിയ പേരിലും പാക്കിങ്ങിലും ഉയർന്ന വിലയ്ക്ക് വിതരണം ചെയ്യുന്ന അരികടത്തിന് ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പഴയ അരിയുടെ സ്വാഭാവിക നിറവും തിളക്കവും മാറ്റാൻ ഭക്ഷ്യയോഗ്യമോ അനുവദനീയമോ അല്ലാത്ത വസ്തുക്കൾ അരിയിൽ ചേർക്കുന്നത് തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ?

<u>സ്റ്റാറ്റ്യൂട്ടറി റേഷനിംഗ്</u>

2064 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ കമ്മി സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് പ്രത്യേകമായി അനുവദിച്ച് കിട്ടിയ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് (ആളോഹരി റേഷൻ) എന്നതിന്റെ ഇന്നത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ; ഇത് പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ ഇടപെടൽ ഉണ്ടാകുമോ?

<u>മുൻഗണനാ റേഷൻ കാർഡും വീടിന്റെ വിസ്തീർണവും</u>

2065 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമാവധി എത്ര ചതുരശ്ര അടി വരെ വിസ്തീർണ്ണം ഉള്ള വീടുകളിൽ താമസിക്കുന്നവർ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുമെന്ന് അറിയിക്കാമോ;വിശദമാക്കാമോ;

(ബി) വരുമാനവും സമ്പത്തും ഉണ്ടായിരുന്ന കാലഘട്ടത്തിൽ വലിയ വീടുകൾ നിർമ്മിക്കുകയും പിന്നീട് വരുമാനം നിലയ്ക്കുകയോ വലിയ സാമ്പത്തിക ബാധ്യതയുണ്ടാകുകയോ ചെയ്ത വ്യക്തികൾക്ക് വീടിന്റെ വിസ്തീർണം പരിഗണിക്കാതെ മുൻഗണനാ റേഷൻ കാർഡ് വിഭാഗത്തിൽ ഉൾപ്പെടുത്തുമോ; വ്യക്തമാക്കാമോ;

(സി) അസുഖ ബാധിതർ,മാനസിക വെല്ലുവിളികൾ നേരിടുന്നവർ,ഭിന്നശേഷിക്കാർ,സംരക്ഷിക്കാൻ ആളില്ലാത്ത മുതിർന്ന പൗരന്മാർ എന്നിവർക്ക് വീടിന്റെ വിസ്തീർണ്ണം കണക്കാക്കാതെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് നൽകുമോ; വിശദമാക്കാമോ?

**മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ**

2066 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. പി .എം. എ. സമീർ**

**ശ്രീ. ടി. പി. അഷ്റഫലി**

**ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മുൻഗണനാ കാർഡിനുള്ള മാനദണ്ഡങ്ങൾ പുതുക്കുന്നതിനായി റിപ്പോർട്ട് സമർപ്പിക്കാൻ സിവിൽ സപ്ലൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭിക്കുമെന്നാണ് കരുതുന്നതെന്ന് അറിയിക്കാമോ;

(സി) മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

**പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നടപടികൾ**

2067 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയ റേഷൻ കടകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മടിക്കൈ പഞ്ചായത്തിലെ മലപ്പച്ചേരിയിൽ റേഷൻ കട അനുവദിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**റേഷൻ കാർഡുകളുടെ എണ്ണം**

2068 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കാർഡുകളുണ്ട്; എ.എ.വൈ, പി.എച്ച്.എച്ച്, എൻ.പി.എച്ച്.എച്ച്, എൻ.പി.എസ് വിഭാഗങ്ങളായി തിരിച്ച്, ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) മുൻഗണനാ റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകളിൽ നിലവിൽ എത്രയെണ്ണമാണ് പരിഗണനയിലുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**പുതിയ റേഷൻ കാർഡിനായുള്ള അപേക്ഷകൾ**

2069 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ മുൻഗണനാ, അന്ത്യോദയ അന്നയോജന വിഭാഗങ്ങളിലായി പുതിയ റേഷൻ കാർഡിനായുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട് എന്നത് അറിയിക്കാമോ;

(ബി) കാർഡ് അനുവദിക്കുന്നതിലുള്ള ശരാശരി കാലതാമസം എത്രയാണ്;

(സി) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് നല്കുന്നതിന് പ്രത്യേക പരിഗണന നല്കുമോ?

**റേഷൻ കാർഡുകൾ മുൻഗണനായിനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി**

2070 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങളും യോഗ്യതകളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മാരക രോഗം ബാധിച്ച് നിർധനരാകുന്നവരുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിന് എന്തൊക്കെ രേഖകളാണ്

ആവശ്യമുള്ളത്; എത്ര ദിവസത്തിനകം കാർഡുകളുടെ തരം മാറ്റാൻ സാധിക്കും; വിശദമാക്കുമോ;

(സി) മാരകരോഗ ബാധിതരായി ചികിത്സയിൽ കഴിയുന്നതിനാൽ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ നിന്നും തിരൂരങ്ങാടി താലൂക്ക് സപ്ലൈ ഓഫീസിൽ സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ തീർപ്പാക്കാതെ നിലവിലുണ്ട് എന്ന് അറിയിക്കാമോ;

(ഡി) മാരകരോഗ ബാധിതരായി ചികിത്സയിൽ കഴിയുന്നതിനാൽ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനായി വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ നിന്നും കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസിൽ സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ തീർപ്പാക്കാതെ നിലവിലുണ്ട് എന്ന് അറിയിക്കാമോ?

## റേഷൻ വാങ്ങാത്തവരുടെ റേഷൻ കാർഡ് മരവിപ്പിക്കൽ

2071 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ് മാസം തുടർച്ചയായി റേഷൻ വാങ്ങാത്തവരുടെ റേഷൻ കാർഡ് മരവിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) റേഷൻ കാർഡ് മരവിപ്പിക്കുന്നത് റേഷന് പുറമെയുള്ള ആനുകൂല്യങ്ങൾ നഷ്ടമാകുന്നതിന് കാരണമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം കാർഡ് ഉടമകൾക്ക് ഉണ്ടാകുന്ന കഷ്ടതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

## സ്മാർട്ട് പി.ഡി.എസ്. നടപ്പാക്കലും ഭവിഷ്യത്തുകളും

2072 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പദ്ധതിയായ സ്മാർട്ട് പി.ഡി.എസ്. സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ഏതാനും റേഷൻ കാർഡുകൾ മരവിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എത്ര കാർഡുകളാണ് ഈ വിധം മരവിപ്പിക്കുക; കാർഡുകൾ പുനസ്ഥാപിക്കാൻ നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം

നല്കാമോ;

(സി) മുൻഗണനാ കാർഡുകളായ മഞ്ഞയും പിങ്കും കാർഡുകൾ റദ്ദാക്കപ്പെടുന്ന സാഹചര്യമുണ്ടാകുക വഴി കേന്ദ്ര വിഹിതത്തിലും ആനുപാതികമായ കുറവുണ്ടാകുമെന്ന ആശങ്ക സർക്കാരിനുണ്ടോ; എങ്കിൽ അത് മറികടക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കുമോ?

**<u>പുനലൂർ താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലെ റേഷൻ കടകളിലെയും പൊതുവിപണിയിലെയും പരിശോധനകൾ</u>**

2073 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ പുനലൂർ താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിലെ എത്ര റേഷൻ കടകളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയെന്നും ആയതിനു എത്ര രൂപ പിഴയായി ഈടാക്കിയെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ പുനലൂർ താലൂക്ക് സപ്ലൈ ഓഫീസ് പരിധിയിൽ പൊതു വിപണിയിലെ പരിശോധനകൾ ശക്തമാക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്നും പൊതു വിപണി പരിശോധന വഴി മേല്പറഞ്ഞ കാലയളവിൽ ക്രമക്കേടുകൾക്ക് എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

**<u>കോഴിക്കോട് ജില്ലയിൽ പുതിയ റേഷൻകട</u>**

2074 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് പതിനൊന്നാം വാർഡിൽ മൂന്ന് പട്ടികജാതി ഉന്നതികൾ ഉള്ള കാരാളിപറമ്പ് പ്രദേശത്ത് പുതിയ റേഷൻകട അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പ്രദേശത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് റേഷൻകട അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ മുക്കം ചേന്ദമംഗലൂർ പ്രദേശത്ത് സപ്ലൈകോ സ്റ്റോർ അനുവദിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

ഇല്ലെങ്കിൽ ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(സി) കോഴിക്കോട് ജില്ലയിലെ മുക്കം തൊണ്ടിമ്മൽ പ്രദേശത്ത് പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ച റേഷൻകട ആ വിഭാഗത്തിൽപ്പെട്ടവർ ഇല്ലാത്തതിനാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>**മുൻഗണനാ റേഷൻ കാർഡുകൾ**</u>

2075 **ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുകളിൽ എത്ര കാർഡുകളാണ് അയോഗ്യത കണ്ടെത്തി പിഴ ഈടാക്കിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റേഷൻ കാർഡുകളാണ് മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

<u>**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ റേഷൻ കടകൾ**</u>

2076 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്; ജനസംഖ്യാനുപാതികമായും ദൂരപരിധി കണക്കാക്കിയും മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുമോ;

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും ലഭ്യമായ അപേക്ഷകളിന്മേൽ എന്ത് തീരുമാനം ഉണ്ടാകുമെന്നും വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ഏതെങ്കിലും വിദൂര പ്രദേശങ്ങളിലോ പട്ടികജാതി / പട്ടികവർഗ്ഗ ഉന്നതികളിലോ റേഷൻ കടകളുടെ ദൂരം മൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരം പ്രദേശങ്ങളിൽ പുതിയ റേഷൻ കടകൾ ആരംഭിക്കുന്നത് പരിഗണിക്കുമോ?

**ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധനാ സംവിധാനം**

2077 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരി ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**കെ-സ്റ്റോർ (K-store) മുഖേന സബ്സിഡി നിരക്കിൽ പലവ്യഞ്ജനങ്ങൾ**

2078 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാർ പൊതുവിതരണ കേന്ദ്രത്തോട് ചേർന്ന് നടപ്പിലാക്കിയ കെ സ്റ്റോർ (K-store) പദ്ധതി നിലവിൽ എത്ര പൊതുവിതരണ കേന്ദ്രത്തിൽ ഉണ്ട്; ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(ബി) മാവേലിസ്റ്റോർ മുഖേന വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങൾ കെ സ്റ്റോർ (K-store) മുഖേന നല്കി വരുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ പ്രായോഗിക തടസ്സങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) ജനങ്ങൾക്ക് അവരുടെ വീടിനടുത്തുള്ള പൊതുവിതരണ കേന്ദ്രത്തിൽ നിന്നും സബ്സിഡി നിരക്കിൽ പലവ്യഞ്ജനങ്ങൾ ലഭ്യമാക്കുന്നതിന് കെ സ്റ്റോർ (K-store) വഴി സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

**ഇ വാലറ്റ് റേഷൻ വിതരണ സംവിധാനം**

2079 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോണും അതുമായി ബന്ധിപ്പിച്ച ഇ വാലറ്റ് സേവനവും ഉൾപ്പെടുത്തിയുള്ള റേഷൻ വിതരണ സംവിധാനം സംസ്ഥാനത്ത് നടപ്പാക്കുമോ; വ്യക്തമാക്കുമോ;

(ബി) റിസർവ് ബാങ്ക് പുറത്തിറക്കിയ ഡിജിറ്റൽ കറൻസിയായ ഇ-റുപ്പി, കേന്ദ്രം സൗജന്യമായി റേഷൻ നൽകുന്ന മുൻഗണനാ വിഭാഗത്തിലെ മഞ്ഞ, പിങ്ക് കാർഡ് ഉടമകൾക്ക് ലഭിക്കുന്ന തരത്തിലാകുമോ പദ്ധതി നടപ്പാക്കുക എന്ന് അറിയിക്കുമോ;

(സി) റേഷൻ സബ്സിഡി അല്ലെങ്കിൽ സൗജന്യ ധാന്യങ്ങൾക്കുള്ള പണം ഇ-റുപ്പി ടോക്കണുകളായി ഉപയോക്താക്കളുടെ ഫോണിലെ ഇ-റുപ്പി വാലറ്റിലെത്തുന്ന രീതിയിലാണോ പദ്ധതി ആവിഷ്കരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) റേഷൻ വിതരണത്തിലെ തട്ടിപ്പുകളും ക്രമക്കേടുകളും ഈ സംവിധാനത്തിലൂടെ കുറയ്ക്കാൻ കഴിയുമോ എന്നും സംസ്ഥാനത്ത് തുടക്കത്തിൽ എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

**ചാലക്കുടി എഫ്.സി.ഐ. ഗോഡൗണിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പ്**

2080 **ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി എഫ്.സി.ഐ. ഗോഡൗണിൽനിന്ന് ദിവസങ്ങളായി ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ;

(സി) കയറ്റിറക്ക് തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ച പരാതികൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ആദിവാസി, തോട്ടം മേഖലകളിൽ റേഷൻ സാധനങ്ങൾ കാലതാമസമില്ലാതെ എത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ;വ്യക്തമാക്കാമോ?

**അവശ്യസാധനങ്ങളുടെ വിലവർധന**

2081 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തിരം വിതരണം ചെയ്യുന്ന അവശ്യസാധനങ്ങൾക്ക് ഈ സർക്കാർ വന്നതിനുശേഷം വില വർധിപ്പിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ഉൽപ്പന്നങ്ങൾക്കാണ് വില വർധിപ്പിച്ചിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കാമോ;

(സി) ശബരി സ്റ്റോറുകൾ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

**മാവേലി സ്റ്റോറുകൾ**

2082 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ്യസാധനങ്ങളുടെ വിലനിലവാരം സുസ്ഥിരമായി നിലനിർത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ വിപണി ഇടപെടലുകൾ അപര്യാപ്തമാണെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടുതൽ ഫലപ്രദമായ വിപണി ഇടപെടലുകൾ നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വിതരണത്തിൽ തടസ്സങ്ങളോ ക്രമക്കേടുകളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഈ പരാതികളിലും കണ്ടെത്തലുകളിലും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) മാവേലി സ്റ്റോറുകളിലെ സബ്സിഡി സാധനങ്ങളും ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് വിഭാഗത്തിലെ സാധനങ്ങളും ഉപഭോക്താക്കൾക്ക് വർഷം മുഴുവൻ തടസ്സമില്ലാതെ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>**സബ്സിഡി അരി കുറച്ചതും അരിവണ്ടി പുന:സ്ഥാപിക്കലും**</u>

2083 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി പ്രതിമാസം 10 കിലോഗ്രാം സബ്സിഡി അരി വിതരണം ചെയ്തിരുന്നത് 8 കിലോഗ്രാം ആയി കുറച്ചത് പുന:സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സപ്ലൈകോയുടെ മാവേലി സ്റ്റോറുകളും തത്തുല്യമായ സ്ഥാപനങ്ങളും ഇല്ലാത്ത ഗ്രാമ പ്രദേശങ്ങളിലേക്ക് സബ്സിഡി നിരക്കിൽ ഉള്ള അരിയും പലവ്യഞ്ജനങ്ങളും സപ്ലൈകോയുടെ വാഹനങ്ങൾ ഉപയോഗിച്ച് അരിവണ്ടി എന്ന പേരിൽ വിതരണം ചെയ്തിരുന്നത് പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) കരിഞ്ചന്തയും വിലക്കയറ്റവും നിയന്ത്രിക്കുന്നതിന് സപ്ലൈകോ വഴി കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്ന ഓൺലൈൻ സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ വിവിധ സപ്ലൈകോ സ്ഥാപനങ്ങളിൽ ആവശ്യത്തിന് അരിയും പലവ്യഞ്ജനങ്ങളും മറ്റു സാധനങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>**സപ്ലൈകോയ്ക്കുള്ള കുടിശ്ശിക**</u>

2084 **ശ്രീമതി ഉഷ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ കടബാധ്യത എത്ര രൂപയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സർക്കാർ സപ്ലൈകോയ്ക്ക് നൽകിയത് എത്ര രൂപയായിരുന്നു എന്ന് ഓരോ വർഷത്തെയും കണക്ക് സഹിതം

വ്യക്തമാക്കുമോ?

**മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

2085 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയമസഭാമണ്ഡലത്തിന്റെ പരിധിയിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ സ്ഥിതിചെയ്യുന്നത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മാവേലിസ്റ്റോറുകൾ അനുവദിക്കാൻ അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്നും ആർക്കൊക്കെ അപേക്ഷ സമർപ്പിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ഭക്ഷ്യ ഭദ്രതയിൽ നിന്നും പോഷക ഭദ്രതയിലേക്ക്**

2086 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പുകൾ 2025 ഒക്ടോബറിൽ മിഷൻ 2031 എന്ന പേരിൽ സംഘടിപ്പിച്ച സംസ്ഥാനതല സെമിനാറിൽ ഭക്ഷ്യ ഭദ്രതയിൽ നിന്നും പോഷക ഭദ്രതയിലേക്ക് എന്ന വിഷയത്തിലെ ചർച്ചയിൽ നിന്നും ഉയർന്നു വന്ന പുതിയ പദ്ധതികളും ആശയങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ; ഈ പദ്ധതികളിൽ തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിവരങ്ങൾ വ്യക്തമാക്കാമോ?

**സപ്ലൈകോയിലെ ദിവസവേതനജീവനക്കാരുടെ വേതന വർദ്ധനവ്**

2087 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ നൽകുന്ന പ്രതിദിന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ദിവസവേതന തുകയിൽ നിന്ന് തന്നെയാണ് ജീവനക്കാരുടെ വിഹിതമായ പി.എഫ്, ഇ.എസ്.ഐ തുടങ്ങിയവ പിടിക്കുന്നത് എന്നത് ശരിയാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുശേഷമുള്ള അറ്റവേതനം (നെറ്റ് പേ) എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) ജീവനക്കാരുടെ ജീവിതച്ചെലവ് കണക്കിലെടുത്ത് ദിവസവേതനം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>പന്തീരങ്കാവ്, കെട്ടാങ്ങൽ എന്നിവിടങ്ങളിലെ സപ്ലൈകോ വിതരണ കേന്ദ്രം</u>

2088 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഒളവണ്ണ പഞ്ചായത്തിലെ പന്തീരങ്കാവ്, ചാത്തമൂല പഞ്ചായത്തിലെ കെട്ടാങ്ങൽ എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്ന സപ്ലൈകോ പൊതുവിതരണ കേന്ദ്രം കഴിഞ്ഞ സർക്കാറിന്റെ കാലത്ത് പൂട്ടിയിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാധാരണക്കാരും പാവപ്പെട്ടവരുമായ നിരവധി കുടുംബങ്ങൾ നിത്യോപയോഗ സാധനങ്ങൾക്കായി ആശ്രയിച്ചിരുന്ന പ്രസ്തുത വിതരണ കേന്ദ്രങ്ങൾ അടച്ചു പൂട്ടിയത് മൂലം പ്രദേശവാസികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത സപ്ലൈകോ വിതരണ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തനം പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പൊതുജനങ്ങൾക്ക് അടിയന്തര ആശ്വാസം ലഭ്യമാക്കുന്നതിനായി പ്രസ്ത്ുത വിതരണ കേന്ദ്രങ്ങൾ വീണ്ടും പ്രവർത്തനക്ഷമമാക്കാൻ വേഗത്തിൽ അനുമതി നൽകുമോ എന്ന് വിശദമാക്കാമോ?

<u>സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ ലഭ്യത</u>

2089 **ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഔട്ട്ലെറ്റുകൾ മുഖേന സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ?

**എൽ.ഡി. ക്ലർക്ക് തസ്തികയിലേയ്ക്ക് പുതിയ നിയമനങ്ങൾ**

2090 **ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ന് ശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എൽ.ഡി. ക്ലർക്ക് തസ്തികയിലേയ്ക്ക് പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിയമനം നടന്നിട്ടില്ലെങ്കിൽ അതിനുള്ള തടസ്സങ്ങളും കാരണങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഈ തടസ്സങ്ങൾ പരിഹരിച്ച് നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പുതിയ നിയമനങ്ങൾ വേഗത്തിലാക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2017 ന് ശേഷം സിവിൽ സപ്ലൈസ് വകുപ്പിൽ എൽ.ഡി. ക്ലർക്കായി സർവ്വീസിൽ പ്രവേശിച്ച ജീവനക്കാർക്ക് സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ഇതുവരെ സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത ജീവനക്കാർക്ക് അർഹമായ സ്ഥാനക്കയറ്റം ലഭിച്ചിട്ടില്ലെങ്കിൽ അതിന്റെ തടസ്സങ്ങളും കാരണങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിനും അർഹമായ സ്ഥാനക്കയറ്റം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വകുപ്പ് എന്ത് പരിഹാര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**നെല്ല് സംഭരണത്തിലെ കാലതാമസം**

2091 **ശ്രീ. നാട്ടകം സുരേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നെല്ല് സംഭരണം വൈകിയതുമൂലം കർഷകർക്ക് വലിയ നാശനഷ്ടങ്ങൾ ഉണ്ടായതും തുടർന്ന് ധാരാളം കർഷകർ നെൽകൃഷിയിൽ നിന്നും പിൻവാങ്ങിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറ്റുമാനൂർ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഒന്നാം കൃഷി ഇറക്കിക്കഴിഞ്ഞിട്ടുള്ളതിനാൽ ഇത്തവണ വിളവെടുപ്പ് സമയത്തുതന്നെ നെല്ല് സംഭരിക്കാനും കർഷകർക്ക് കൃത്യസമയത്ത് പണം ലഭ്യമാക്കാനും എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) നെല്ലിന് വില വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>നെല്ല് സംഭരണവില യഥാസമയം വിതരണം ചെയ്യാൻ നടപടി</u>

2092 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും അവർക്ക് നെല്ലിന്റെ വില യഥാസമയം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>നെല്ലിന്റെ സംഭരണവില</u>

2093 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന് കിലോഗ്രാമിന് 35രൂപ സംഭരണവില ഏർപ്പെടുത്തുമെന്ന് യു.ഡി.എഫ് വാഗ്ദാനം നല്കിയിരുന്നോ; എങ്കിൽ ഈ വാഗ്ദാനം എപ്പോൾ നടപ്പാക്കുമെന്ന് അറിയിക്കാമോ;

(ബി) നെല്ല് സംഭരണം അനിശ്ചിതമായി നീട്ടിയതുമൂലം കർഷകർ ദുരിതത്തിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉയർന്ന സംഭരണ വില പ്രഖ്യാപിച്ച് നെല്ല് സംഭരണം അടിയന്തരമായി നടത്താൻ നടപടി സ്വീകരിക്കുമോ?

<u>നെല്ല് സംഭരണം</u>

2094 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലൂടെയും മറ്റ് സർക്കാർ സംവിധാനങ്ങളിലൂടെയും സംഭരിക്കപ്പെട്ട നെല്ലിന് 2026 മാർച്ച് 31 ലെ സ്ഥിതിവിവര കണക്ക് പ്രകാരം കർഷകർക്ക് നൽകാൻ ഉണ്ടായിരുന്ന തുക എത്രയാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക നൽകാൻ ബാക്കിയുണ്ടെങ്കിൽ അത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പാഡി രസീത് ഷീറ്റ് ലഭ്യമാക്കിയിട്ടും ബാങ്കുകൾക്ക് സപ്ലൈകോ പണം നൽകാത്തതിനാൽ കർഷകർക്ക് നെല്ലിന്റെ വില കിട്ടാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്ത് നെല്ലിന്റെ സംഭരണ വില എത്രയാണെന്ന് അറിയിക്കാമോ?

<u>**മുൻഗണനാ റേഷൻ കാർഡിന്റെ അർഹത**</u>

2095 **ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻഗണനാ റേഷൻ കാർഡിന് അർഹതയുണ്ടായിട്ടും നിലവിൽ പൊതുവിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവരെ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>**ക്യാന്റീനുകളിലും മിനി ഫുഡ് സ്റ്റോറുകളിലും ഭക്ഷ്യവസ്തുക്കൾക്ക് അമിതവില ഈടാക്കൽ**</u>

2096 **ശ്രീ. കെ. കെ. വത്സരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമ തീയറ്ററുകളോട് ചേർന്ന കാന്റീനുകളിലും മിനി ഫുഡ് സ്റ്റോറുകളിലും ഫുഡ് കോർട്ടുകളിലും ഭക്ഷ്യവസ്തുക്കൾക്ക് അമിതവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) സിനിമാ തിയേറ്ററുകളോടും മൾട്ടിപ്ലക്സ് തിയറ്ററുകളോടും ചേർന്നു നിൽക്കുന്ന ഫുഡ് കോർട്ടുകളിലും കാന്റീനുകളിലും മിനി ഫുഡ് സ്റ്റോറുകളിലും വിൽക്കുന്ന ഭക്ഷ്യവസ്തുക്കളുടെ പാക്കറ്റുകളിൽ അതിന്റെ അളവും വിലയും അതിൽ അടങ്ങിയിരിക്കുന്ന ഇൻഗ്രീഡിയൻസും ഉൾക്കൊള്ളുന്ന ലേബലുകൾ പ്രദർശിപ്പിക്കാത്തതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ കടകളിൽ പോപ്കോണുകൾ വിൽക്കുമ്പോൾ ബില്ലുകൾ നൽകാത്തതിനും സാധനത്തിന്റെ അളവുകൾ രേഖപ്പെടുത്താത്തതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ കുറ്റകൃത്യങ്ങൾ നടക്കുമ്പോൾ സാധാരണ ജനങ്ങൾ ഏത് ഉദ്യോഗസ്ഥനെയാണ് ബന്ധപ്പെടേണ്ടത് എന്ന് വ്യക്തമാക്കാമോ; തൃശ്ശൂർ ജില്ലയിലെ ഇക്കാര്യങ്ങൾക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ തസ്തികയും ഫോൺ നമ്പറും നൽകാമോ; മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ നടപടി എടുക്കുന്നില്ലെങ്കിൽ അപ്പീൽ അധികാരികൾ ആരൊക്കെയാണെന്ന് ഇവരുടെ തസ്തികയും ഫോൺ നമ്പറും ഉൾപ്പെടെ നൽകാമോ?

<u>**സപ്ലൈകോ ഡിപ്പോകളിലെ ക്രമക്കേടുകൾ**</u>

2097 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുമുള്ള കാലയളവിൽ എൻ.എഫ്.എസ്.എ ഗോഡൗണുകളിലും റേഷൻ കടകളിലും സപ്ലൈകോ ഡിപ്പോകളിലും ഔട്ട്ലെറ്റുകളിലും നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ ഔട്ട്ലെറ്റുകളിലും ഡിപ്പോകളിലും എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും ഉണ്ടായ ധാന്യനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) ഇത്തരം ക്രമക്കേടുകൾ മൂലം സർക്കാരിനും സപ്ലൈകോയ്ക്കും എത്ര രൂപയുടെ സാമ്പത്തിക നഷ്ടമാണ് ഉണ്ടായതെന്ന് കണക്കാക്കിയിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ക്രമക്കേടുകളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കാമോ?

## കണ്ണൂർ കന്റോൺമെന്റ് ബോർഡ് ലയനം

2098 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ കന്റോൺമെന്റ് ബോർഡുകളുടെ സിവിൽ പ്രദേശങ്ങൾ മുൻസിപ്പൽ കോർപ്പറേഷനുകളുമായി ലയിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായി കണ്ണൂർ കന്റോൺമെന്റ് പ്രദേശം കണ്ണൂർ കോർപ്പറേഷനുമായി ലയിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ലഭിച്ച നിർദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ലയന പ്രക്രിയ സുഗമമാക്കുന്നതിനും കന്റോൺമെന്റ് പരിധിയിലെ പ്രദേശവാസികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ലയനം പൂർത്തിയാകുന്നതുവരെ കന്റോൺമെന്റ് പരിധിയിലെ ജനങ്ങളുടെ കുടിവെള്ളം, റോഡ് വികസനം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കാൻ പ്രത്യേക ഫണ്ട് അനുവദിക്കുമോ?

## കാളംതുരുത്തിയിൽ തോട് പൂർവ്വസ്ഥിതിയിലാക്കാൻ നടപടി

2099 **ശ്രീ. പി .എം. എ. സമീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട കാളംതുരുത്തിയിൽ പൊതുതോട് മണ്ണിട്ട് നികത്തിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്മേലുള്ള ആർ.ഇ.-3/66/2026/എൽ.എസ്.ജി.ഡി. നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ആർ.ഇ.-3/66/2026/എൽ.എസ്.ജി.ഡി. നമ്പർ കത്ത് പ്രകാരം അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി, പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**ഹോസ്പിറ്റൽ കിയോസ്കുകളിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ വിവരം**

2100 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ മുഖേന ഹോസ്പിറ്റൽ കിയോസ്കുകളിൽ നിയമിക്കപ്പെട്ട എത്ര എക്സിക്യൂട്ടീവുമാർ/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ നിലവിൽ സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചും തദ്ദേശസ്ഥാപനം തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരിൽ 2005 മുതൽ തുടർച്ചയായി ജോലി ചെയ്യുന്നവർ എത്ര പേരുണ്ട്; ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയാണ്;

(സി) പ്രസ്തുത ജീവനക്കാരുടെ നിയമനരീതി, സേവനവ്യവസ്ഥകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് നിലവിൽ നൽകിവരുന്ന ദിവസവേതനത്തിന് പകരം കൺസോളിഡേറ്റഡ് പേ അടിസ്ഥാനത്തിൽ പ്രതിഫലം അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതുസംബന്ധിച്ച നിർദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണ്; പ്രസ്തുത ജീവനക്കാർക്ക് കൺസോളിഡേറ്റഡ് പേ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പരിപാടികളിൽ പാലിക്കേണ്ട പ്രോട്ടോകോൾ**

2101 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ ക്ഷണിക്കേണ്ടതായ അതിഥികളെ സംബന്ധിച്ചും പാലിക്കേണ്ടതായ പ്രോട്ടോകോൾ സംബന്ധിച്ചും പുറപ്പെടുവിച്ചിട്ടുള്ള മുഴുവൻ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരിപാടികളിൽ ടി പ്രോട്ടോക്കോളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോട്ടോകോൾ പാലിക്കുന്നതിൽ ചുമതലയുള്ളവർ വീഴ്ച വരുത്തുന്നത് സംബന്ധിച്ച പരാതികളും ആക്ഷേപങ്ങളും ആർക്കാണ് സമർപ്പിക്കേണ്ടതെന്നും സമർപ്പിക്കേണ്ട വിധവും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പരിപാടികളിൽ ടി പ്രോട്ടോകോളുകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>വാഹനങ്ങൾ വാങ്ങുന്നതിലുണ്ടായിട്ടുള്ള പ്രതിസന്ധി</u>

2102 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് ജെം - സോഫ്റ്റ്വെയർ മുഖേന മാരുതി കമ്പനിയുടെ വാഹനങ്ങൾ വാങ്ങാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ വാങ്ങിയിരുന്ന വാഹനങ്ങളുടെ പണം നൽകാത്തത് കൊണ്ട് കമ്പനികൾ ഓർഡർ എടുക്കാത്തതും മുൻകൂർ പണമടക്കാതെ വാഹനം നൽകാനാവില്ല എന്ന നിലപാട് സ്വീകരിച്ചതും നിലവിലെ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ ;

(സി) എങ്കിൽ എം.എൽ.എ. ഫണ്ട് ഉൾപ്പെടെയുള്ള വിവിധ ഫണ്ടുകൾ ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങുന്നതിനായി നീക്കി വെച്ചിട്ടുള്ള പണം ചെലവഴിക്കപ്പെടാതെയും വാഹനം വാങ്ങാൻ കഴിയാതെയുമുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;വ്യക്തമാക്കുമോ;

(ഇ) എത്ര രൂപയാണ് തദ്ദേശസ്വയംഭരണ വകുപ്പ് വിവിധ വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ വിവിധ കമ്പനികൾക്ക് നൽകാനുള്ളത്; വ്യക്തമാക്കുമോ?

<u>ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ നടപടി</u>

2103 **ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പലതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തതിനാൽ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>**കെട്ടിട നിർമ്മാണ അനുമതി വേഗത്തിൽ ലഭിക്കുന്നതിന് നടപടി**</u>

2104 **ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പത്ത് പ്ലോട്ടുകളിൽ കൂടുതൽ ലാൻഡ് ഡെവലപ്മെന്റ് നടത്തിയ സ്ഥലങ്ങളിൽ പത്ത് മുതൽ ഇരുപത് വരെ പ്ലോട്ടുകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയിൽ നിന്നും, ഇരുപതിൽ കൂടുതൽ പ്ലോട്ടുകൾക്ക് ജില്ലാ ടൗൺ പ്ലാനറിൽ നിന്നും ഡെവലപ്പർമാർ അനുമതി വാങ്ങണമെന്ന നിബന്ധന മൂലം, അപ്രകാരം പെർമിറ്റില്ലാതെ വിഭജിക്കപ്പെട്ട ഭൂമി വാങ്ങിയവർക്ക് കെട്ടിട നിർമ്മാണ പെർമിറ്റും പൂർത്തിയായ വീടുകൾക്ക് വീട്ടുനമ്പറും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡെവലപ്പർമാരുടെ വീഴ്ച കാരണം പെർമിറ്റോ നമ്പറോ ലഭിക്കാതെ ബുദ്ധിമുട്ടുന്ന സ്ഥലം ഉടമകളുടെ പ്രശ്നം പരിഹരിക്കുന്നതിനായി ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റ് വേണമെന്ന നിബന്ധന ഒഴിവാക്കുന്നതിനോ ഇളവുകൾ നൽകുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ;

(സി) ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റിന്റെ അഭാവത്തിലും, പഞ്ചായത്തിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടാത്തതും എന്നാൽ പതിറ്റാണ്ടുകളായി പൊതുജനങ്ങൾ ഉപയോഗിക്കുന്നതുമായ കോളനി റോഡുകൾ, പൊതുവഴികൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൗൺസിൽ /കമ്മിറ്റി തീരുമാനപ്രകാരം അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി പുനരുദ്ധാരണത്തിന് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് ഫണ്ട് വകയിരുത്തുന്നതിനും റോഡ് വികസനം നടത്തുന്നതിനും നിയമതടസ്സങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അനന്തരാവകാശികൾ ജീവിച്ചിരിപ്പില്ലാത്തതിനാൽ കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെയും, ആധാരം രജിസ്റ്റർ ചെയ്തു നൽകുന്നതിലെയും സാങ്കേതിക തടസ്സങ്ങൾ കൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ അസറ്റ് രജിസ്റ്ററിൽ പൊതുവഴി ഉൾപ്പെടുത്താൻ സാധിക്കാത്ത സാഹചര്യം കണക്കിലെടുത്ത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നിയമ നിർമ്മാണമോ സർക്കുലറോ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>അംഗപരിമിതർക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കാൻ നടപടി</u>**

2105 **ശ്രീ. മനോജ് മൂത്തേടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് ആവശ്യമായ പരിശോധനകൾ നടത്തി യഥാസമയം സാക്ഷ്യപത്രങ്ങൾ നൽകാൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന അനാസ്ഥയും കാലതാമസവും കാരണം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അംഗപരിമിതർക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>വില്ലേജ് നോളജ് സെന്ററുകൾ</u>**

2106 **ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷന്റെ ഭാഗമായി, നബാർഡിന്റെയോ മറ്റ് ഏജൻസികളുടെയോ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് വില്ലേജ് നോളജ് സെന്ററുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ ഏതൊക്കെ കേന്ദ്രങ്ങളിലാണ് വില്ലേജ് നോളജ് സെന്ററുകൾ സ്ഥാപിക്കാൻ അനുമതി

നൽകിയിരുന്നതെന്നും ഇതിൽ ഏതൊക്കെ കേന്ദ്രങ്ങളാണ് നിലവിൽ പൂർണ്ണമായി പ്രവർത്തിക്കുന്നതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഓരോ കേന്ദ്രത്തിനുമായി ഇതുവരെ ചെലവഴിച്ച തുക, കെട്ടിടത്തിന്റെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും നിലവിലെ അവസ്ഥ, ഇവയുടെ നടത്തിപ്പും പരിപാലനവും നിർവഹിക്കുന്ന ഏജൻസി അല്ലെങ്കിൽ സ്ഥാപനം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) തളിപ്പറമ്പ് മണ്ഡലത്തിന് പുറമെ സംസ്ഥാനത്ത് മറ്റ് ഏതൊക്കെ നിയോജകമണ്ഡലങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും ആകെ എത്ര സെന്ററുകൾ നിലവിൽ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) വിഭാവനം ചെയ്ത ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്ന രീതിയിലാണോ ഈ സെന്ററുകൾ പ്രവർത്തിക്കുന്നതെന്നും പ്രവർത്തനം മന്ദഗതിയിലായതോ നിഷ്ക്രിയമായതോ ആയ സെന്ററുകൾ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ?

**<u>കെ - സ്മാർട്ട് നടത്തിപ്പിൽ ക്രമക്കേട്</u>**

2107 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾക്കായി തയ്യാറാക്കിയ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിനായി മുൻസർക്കാരിന്റെ കാലത്ത് പണം ചെലവിട്ടതിലും പദ്ധതിയുടെ നടത്തിപ്പിലും ക്രമക്കേടുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എം - പാനൽ കമ്പനികൾക്ക് പുറംകരാർ നൽകി പണം അനുവദിച്ചതിൽ ക്രമക്കേട് ഉണ്ടെന്നും 2025- 26 സാമ്പത്തിക വർഷം മാത്രം എം-പാനൽ കമ്പനികൾക്ക് 16.68 കോടി രൂപ നൽകിയത് ഔദ്യോഗിക ആവശ്യകതാരേഖ ഇല്ലാതെയാണെന്നുമുള്ള ആക്ഷേപം അന്വേഷിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത കമ്പനികളിലെ ചിലർ കെ-സ്മാർട്ട് പ്രോജക്ടിൽ ഉദ്യോഗസ്ഥരായി ഫുൾടൈം ശമ്പളം (ഇരട്ട ശമ്പളം) കൈപ്പറ്റുന്നുണ്ടെന്ന പരാതിയെ കുറിച്ച് അന്വേഷിക്കുമോ?

**തദ്ദേശ സ്വയംഭരണ വകുപ്പിലെ തസ്തികകൾ**

2108 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഏകീകരണത്തിന് മുമ്പ് പഞ്ചായത്ത് വകുപ്പിൽ ഉണ്ടായിരുന്ന ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തികകൾ എത്രയാണെന്നും പഞ്ചായത്ത് സെക്രട്ടറിമാരിൽ എത്രപേർ നേരിട്ട് നിയമനം ലഭിച്ചവരാണെന്നും എത്രപേർ പ്രൊമോഷൻ വഴി നിയമനം ലഭിച്ചവരാണെന്നും പട്ടിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) നിലവിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ടെന്നും അവയേതൊക്കെയാണെന്നും അറിയിക്കാമോ; പ്രസ്തുത പഞ്ചായത്തുകളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 2026 വർഷം സെപ്റ്റംബർ വരെ വിരമിച്ചതും 2026 ഒക്ടോബർ മുതൽ 2031 ഡിസംബർ വരെയുള്ള കാലയളവിൽ വിരമിക്കുന്നതുമായ ജൂനിയർ സൂപ്രണ്ട് /അസിസ്റ്റന്റ് സെക്രട്ടറി, സീനിയർ സൂപ്രണ്ട് /സെക്രട്ടറിമാരുടെ എണ്ണം എത്രയെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

**തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവു നികത്താൻ നടപടി**

2109 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ, വളാഞ്ചേരി നഗരസഭകളിലും മാറാക്കര, പൊന്മള, എടയൂർ, കുറ്റിപ്പുറം, ഇരിമ്പിളിയം എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സാങ്കേതിക വിഭാഗം ഉൾപ്പടെ വിവിധ തസ്തികകളിലേക്ക് അനുവദിക്കപ്പെട്ട ജീവനക്കാരുടെ എണ്ണവും നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണവും തസ്തിക തിരിച്ച് വിശദമാക്കുമോ;

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ വികസന പ്രവർത്തനങ്ങളും പൊതുജന സേവനങ്ങളും വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ

നികത്തുന്നതിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഹോണറേറിയം**

2110 **ശ്രീ. എം. എ. റസാഖ് മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഹോണറേറിയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പഠനത്തിനായി ഏതെങ്കിലും കമ്മീഷനെയോ കമ്മിറ്റിയെയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഹോണറേറിയം പുതുക്കി നിശ്ചയിച്ച് എന്ന് മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**കെട്ടിട നിർമാണ പെർമിറ്റ് ഫീസ് അധികമായി ഒടുക്കിയ തുക തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ**

2111 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ 10.04.2023 മുതൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന നിരക്ക് പ്രകാരം ഒടുക്കിയവർക്ക് അധികമായി ഒടുക്കിയ തുക തിരികെ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 03.07.2025 -തീയതിയിലെ സ.ഉ.(സാധാ )നം .1653/25/എൽ.എസ്.ജി.ഡി. ഉത്തരവനുസരിച്ച് ഫീസ് തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ നൽകുന്നതിനുള്ള കാലാവധി 30.09.2025 ആയി നിജപ്പെടുത്തിയിരുന്നു. എന്നാൽ അസുഖങ്ങളാലും മറ്റു കാരണങ്ങളാലും പലർക്കും അപേക്ഷ നൽകാൻ സാധിച്ചിട്ടില്ലെന്നത് പരിഗണിച്ചു ഒരു തവണ കൂടി അപേക്ഷ നൽകുന്ന തീയതി നീട്ടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**പിരിച്ചുവിടപ്പെട്ട താൽക്കാലിക ജീവനക്കാരുടെ വിവരം**

2112 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിന് കീഴിൽ താൽക്കാലിക/ കരാറടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിൽ ജോലി ചെയ്ത് വന്നിരുന്ന എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ട്; തസ്തിക, വിഭാഗം, ജോലിചെയ്ത വർഷങ്ങൾ എന്നിവ സഹിതമുള്ള വിശദാംശങ്ങൾ നൽകാമോ?

**ത്രിതല പഞ്ചായത്തുകളിൽ നിന്നും സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടി**

2113 **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നമ്പർ ഉൾപ്പെടെ വിവിധ സേവനങ്ങൾ ത്രിതല പഞ്ചായത്തുകളിൽ നിന്നും കാലതാമസം കൂടാതെ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സേവനങ്ങൾ മനഃപൂർവ്വം താമസിപ്പിക്കുന്ന സാഹചര്യങ്ങളിൽ ജില്ലാതലത്തിൽ വേഗം തീർപ്പുകല്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ പ്രസ്തുത സംവിധാനത്തിൽ പരാതികൾ സ്വീകരിച്ച് പരിശോധിക്കാൻ മൊബൈൽ ടീമിനെ ജില്ലാതലങ്ങളിൽ നിയമിക്കാൻ നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ ക്ഷാമവും കെ-സ്മാർട്ടിലെ സാങ്കേതിക തടസ്സങ്ങളും**

2114 **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ നഗരസഭയിലും വിവിധ ഗ്രാമപഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ അനുവദിച്ചിട്ടുള്ള ആകെ സ്റ്റാഫ് പാറ്റേൺ എത്രയാണെന്നും നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ (എ.ഇ.), ഓവർസിയർ ഉൾപ്പെടെയുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൽ എത്ര തസ്തികകൾ ഒഴിവുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ കുറവ് മൂലം വികസന പദ്ധതികളുടെ പ്രൊപ്പോസലുകൾ

തയ്യാറാക്കുന്നതിലും സർവേ/മെഷർമെന്റ് പ്രവൃത്തികളിലും ഉണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിലെ സാങ്കേതിക തടസ്സങ്ങൾ കാരണം പദ്ധതി അംഗീകാരം, ബിൽ പാസാക്കൽ, പ്ലാൻ ഫണ്ട് വിനിയോഗം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുന്നില്ലെന്ന പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത സോഫ്റ്റ്‌വെയറിലെ അപാകതകളും സാങ്കേതിക തടസ്സങ്ങളും പരിഹരിച്ച് പദ്ധതി നിർവ്വഹണം വേഗത്തിലാക്കാൻ എന്തൊക്കെ അടിയന്തര തിരുത്തൽ നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ഡലത്തിലെ വികസന പദ്ധതികൾ തടസ്സമില്ലാതെ പൂർത്തിയാക്കുന്നതിനായി ജീവനക്കാരുടെ പുനർവിന്യാസത്തിനും സോഫ്റ്റ്‌വെയർ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ഇറക്കിയിട്ടുള്ള ഉത്തരവുകളുടെയും നിരീക്ഷണ സംവിധാനങ്ങളുടെയും പൂർണ്ണ വിവരങ്ങൾ നൽകാമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റികൾ</u>**

2115 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരെയുള്ള ജോലി സ്ഥലത്തെ ലൈംഗിക പീഡനം (തടയലും, നിരോധനവും, പരിഹാരവും) നിയമം 2013-ന്റെ അടിസ്ഥാനത്തിലുള്ള ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റികൾ (ഐ.സി.സി.) രൂപീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിനുള്ള മാനദണ്ഡങ്ങൾ</u>**

2116 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് ഇനം തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ വലിയ പഞ്ചായത്തുകളായ പള്ളിക്കൽ, മൂന്നിയൂർ എന്നിവ വിഭജിക്കണമെന്ന നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രായോഗികമായ വിഭജനം ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് വിദഗ്ധ സമിതിയെ നിയോഗിക്കുമോ?

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഐ.കെ.എം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവന വേതന വ്യവസ്ഥകൾ

2117 **ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ൽ ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) മുഖേന സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനസേവനകേന്ദ്രങ്ങളിൽ നിയമിക്കപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം നിലവിൽ ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) 18.05.2012 ലെ സ.ഉ(ആർ.ടി) 1385/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ടി ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതിന് അനുമതി നൽകിയതിനെ തുടർന്ന്, കഴിഞ്ഞ 14 മുതൽ 20 വർഷക്കാലമായി ദിവസവേതന നിരക്കിൽ ജോലി ചെയ്തുവരുന്ന ഇവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒപ്പം നിയമിക്കപ്പെട്ട ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് വേതന വർദ്ധനവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുമ്പോൾ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും എൽ.എസ്.ജി.ഡി/പി.ഡി./58943/2023-ഡി.ഇ.എഫ്.6 പ്രകാരം

നഗരസഭകളിൽ നിന്നും റിപ്പോർട്ട് തേടിയിട്ടുള്ള വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഐ.കെ.എം ജീവനക്കാർക്ക് സമാനമായ വേതന വർദ്ധനവും മാറ്റാനുകൂല്യങ്ങളും ഇവർക്ക് അനുവദിക്കുന്നതിനോ അല്ലെങ്കിൽ ഇൻഫർമേഷൻ കേരള മിഷനിലേക്ക് ഇവരെ അബ്സോർബ് ചെയ്യുന്നതിനോ അടിയന്തരമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതുമൂലമുള്ള പ്രയാസങ്ങൾ

2118 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എൻജിനീയറിങ് വിഭാഗത്തിൽ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ശ്രേണിയിലെ ഉയർന്ന ഉദ്യോഗസ്ഥർ കൃത്യമായി പരിശോധിക്കാതെ അംഗീകാരം നൽകുന്നതു കാരണം പ്രവൃത്തികൾ നിർമ്മാണം ആരംഭിച്ച ശേഷം നിർത്തിവെച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് എടുക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകാറുണ്ടോ;

(ബി) ഭരണാനുമതിയും ടെക്നിക്കൽ സാങ്ഷനും നൽകി ടെൻഡർ ചെയ്ത ശേഷം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി നിർത്തിവയ്ക്കുന്ന സാഹചര്യം ഉണ്ടാകുന്നത് പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് പരിശോധിക്കുമോ;

(സി) എങ്കിൽ പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്ന അവസരത്തിൽ തന്നെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് അനുമതി നൽകുന്നതിനും ഒഴിച്ചു കൂടാനാവാത്ത ഘട്ടങ്ങളിലല്ലാതെ പ്രവൃത്തി ആരംഭിച്ച ശേഷം നിർത്തി വയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കാട്ടാക്കട മാർക്കറ്റ് നവീകരണം

2119 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാട്ടാക്കട മാർക്കറ്റ് കാലങ്ങളായി നവീകരണം നടത്താതെ ശോചനീയാവസ്ഥയിൽ ആണെന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നവീകരിക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**അംഗപരിമിതർക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതി**

2120 **ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല**

**ശ്രീ. സുമേഷ് അച്ചുതൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മുച്ചക്രവാഹനം നൽകുന്ന പദ്ധതിയുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) യഥാസമയം ആവശ്യമായ പരിശോധനകൾ നടത്തി സാക്ഷ്യപത്രങ്ങൾ നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അനാസ്ഥയും കാലതാമസവും പ്രസ്തുത പദ്ധതി നിർവഹണം നടത്തുന്നതിന് പ്രയാസം നേരിടുന്നുണ്ടോ ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**ആറ്റുകാൽ ടൗൺഷിപ്പ് പദ്ധതി**

2121 **ശ്രീ. രാജീവ് ചന്ദ്രശേഖർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റുകാൽ ക്ഷേത്രപരിസരത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി പ്രഖ്യാപിച്ച ആറ്റുകാൽ ടൗൺഷിപ്പ് പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; പദ്ധതിയുടെ നിർവഹണത്തിനായി ഇതുവരെ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രദേശവാസികൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളും ഭൂമി ഏറ്റെടുക്കുന്നതിലെ ആശങ്കകളും

പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**നെടുമാവ് -അരുവിക്കുഴി റോഡ് നിർമ്മാണം**

2122 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ നെടുമാവ് - അരുവിക്കുഴി റോഡ് പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ പുത്തൂർക്കടവ് പാലം നിർമ്മാണം**

2123 **ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പുത്തൂർക്കടവ് പാലം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിൽ അനാവശ്യ കാലതാമസം നേരിടുന്നതായുള്ള പ്രദേശവാസികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

**ദേവികുളം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

2124 **ശ്രീ. എ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ ദേവികുളം മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ;

**പി.എം.എ.വൈ. പ്രകാരമുള്ള തുക വിതരണം ചെയ്യാൻ നടപടി**

2125 **ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ൽ പി.എം.എ.വൈ. പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് ജില്ല, പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഒരു വീടിനു നൽകുന്ന ധനസഹായം എത്രയാണെന്നും കേന്ദ്ര സർക്കാർ വിഹിതം സംസ്ഥാന സർക്കാരിന്റെ ഓരോ സ്ഥാപനങ്ങളുടെയും വിഹിതം എന്നിവ എത്രവീതമാണെന്നും അറിയിക്കാമോ;

(സി) 2025-ൽ വീടുകൾ അനുവദിച്ചുകിട്ടിയ ഗുണഭോക്താക്കൾക്ക് തുക നാളിതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ വിഹിതമാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നിരവധി ഗുണഭോക്താക്കൾക്ക് പഞ്ചായത്തുകളുടെ വിഹിതം ഉൾപ്പെടെ നൽകാത്തത് എന്തുകൊണ്ടാണെന്നും തുക എപ്പോൾ നൽകുമെന്നും അറിയിക്കാമോ; ഇതുസംബന്ധിച്ച് ലഭിച്ച പരാതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

**കൊച്ചി കോർപ്പറേഷൻ പരിധിയിലെ പാൻ-സിറ്റി എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് പദ്ധതി**

2126 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് (സി.എസ്.എം.എൽ.) മുഖേനയുള്ള പാൻ-സിറ്റി എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകൾക്ക് തകരാർ സംഭവിച്ചാൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും ഉത്തരവാദിത്തപ്പെട്ട ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി കരാർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കരാർ കാലാവധി എത്ര വർഷമാണെന്നും കരാർ പ്രകാരം തകരാറിലാകുന്ന വിളക്കുകൾ എത്ര സമയത്തിനകം നന്നാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) നിരവധി സ്ഥലങ്ങളിൽ പ്രസ്തുത വിളക്കുകൾ പ്രവർത്തനരഹിതമാകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും അറ്റകുറ്റപ്പണികളിലെ കാലതാമസം ഒഴിവാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## പത്തനാപുരം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികൾ .

2127 **ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലും മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കിയ വിവിധ വികസന പദ്ധതികൾ ഏതൊക്കെ, അവയ്ക്കായി അനുവദിച്ച തുക, ചെലവഴിച്ച തുക, ചെലവഴിക്കാതെ അവശേഷിക്കുന്ന തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ റോഡുകളുടെ പുനരുദ്ധാരണം, കുടിവെള്ള വിതരണം, തെരുവുവിളക്കുകൾ സ്ഥാപിക്കൽ, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം തുടങ്ങിയ മേഖലകളിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി

2128 **ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീ. എം. എസ്. അരുൺ കുമാർ**
**ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അതിദാരിദ്ര്യമുക്തമായി തുടരുന്നുവെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) അതിദാരിദ്ര്യത്തിൽ നിന്ന് നേരത്തെ മുക്തമാക്കിയ 64,006 കുടുംബങ്ങൾക്ക് അവരുടെ ക്ലേശ ഘടകങ്ങൾക്ക് അനുസൃതമായി നൽകി വന്നിരുന്ന ചികിത്സ, ഭക്ഷണം തുടങ്ങിയ സഹായങ്ങൾ തുടർന്ന് നൽകുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ വിശദമാക്കാമോ?

## <u>പ്ലാൻ ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം</u>

2129 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്ലാൻ ഫണ്ട് അനുവദിക്കുന്നതിൽ ഉണ്ടായ കാലതാമസം പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ;

(ബി) തദ്ദേശ സ്ഥാപനങ്ങൾക്ക് എത്ര തുക ഏതെല്ലാം ഇനങ്ങളിൽ ലഭ്യമാക്കി എന്ന വിവരം നൽകുമോ ;

(സി) പുതുക്കിയ ബഡ്ജറ്റിലൂടെ പദ്ധതിവിഹിതം വെട്ടിക്കുറച്ചതിനെത്തുടർന്ന് പദ്ധതി രൂപീകരണം താളം തെറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതിപണം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## <u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം</u>

2130 **ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം എത്രയാണെന്നും ഇതുവരെ അനുവദിച്ച തുകയിൽ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ടെന്നും ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പദ്ധതി വിഹിതം സമയബന്ധിതമായി വിനിയോഗിക്കുന്നതിൽ പിന്നാക്കം നിൽക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ഏതൊക്കെയാണെന്നും, അവയുടെ പദ്ധതി നിർവഹണം വേഗത്തിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ പ്രത്യേക ഡിസൈൻ വിംഗ്**

2131 **ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് സമാനമായ രീതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിനും പ്രത്യേക ഡിസൈൻ വിംഗ് രൂപീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**മാവേലിക്കര പുതിയകാവ് ക്ഷേത്രക്കുളം നിർമ്മാണം**

2132 **ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പുതിയകാവ് ക്ഷേത്രക്കുളം നിർമ്മാണത്തിന് 2024-25 ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്ക് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എസ്റ്റിമേറ്റ് സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**പാറാലിലെ ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മാണം**

2133 **ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ മണ്ഡലത്തിലെ കൂത്തുപറമ്പിൽ ആധുനിക രീതിയിലുള്ള ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മിക്കാൻ നഗരത്തിന്റെ കണ്ണായ സ്ഥലമായ പാറാലിൽ ഏറെ നീണ്ട നിയമ പോരാട്ടങ്ങൾക്ക് ശേഷം നഗരസഭ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കണ്ണൂർ വിമാനത്താവളം, വലിയവെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രം, മൾട്ടി സ്പെഷ്യാലിറ്റി ഗവൺമെന്റ് താലൂക്ക് ആശുപത്രി എന്നിവയോട് അടുത്ത് കിടക്കുകയും മൈസൂരു, ബംഗളൂരു, ഊട്ടി ഉൾപ്പെടെ അന്തർ സംസ്ഥാന ബസ് റൂട്ടുകളുമുള്ള കൂത്തുപറമ്പിൽ അത്യാധുനിക സൗകര്യത്തോടെയുള്ള ബസ് ടെർമിനൽ നിർമ്മിക്കുന്നത് ഈ മേഖലയുടെ വികസന വളർച്ചയ്ക്ക് കുതിപ്പേകുമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി ഉപയോഗപ്പെടുത്തിയോ, സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് പ്രത്യേക ഫണ്ട് ഉപയോഗിച്ചോ അല്ലെങ്കിൽ സർക്കാർ നിയന്ത്രണത്തിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കിയോ പ്രസ്തുത ബസ് ടെർമിനൽ യാഥാർത്ഥ്യമാക്കാൻ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പുരോഗതി വിശദമാക്കുമോ?

<u>**സുഭിക്ഷ കേരളം പദ്ധതി**</u>

2134 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിലെ ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കിയ കാർഷിക പദ്ധതികൾ, ഓരോ തദ്ദേശസ്ഥാപനത്തിനും അനുവദിച്ച തുക, ചെലവഴിച്ച തുക, കൃഷിയോഗ്യമാക്കിയ തരിശുഭൂമിയുടെ വിസ്തീർണ്ണം, ഗുണഭോക്താക്കളുടെ വിവരം എന്നിവ പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(ബി) പദ്ധതിയുടെ നിർവഹണ ചുമതല ഏതെങ്കിലും സ്വകാര്യ കമ്പനികളെയോ ഏജൻസികളെയോ ഏൽപ്പിച്ചിട്ടുണ്ടോ; കമ്പനികളെ/ ഏജൻസികളെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത കമ്പനികൾക്കും ഏജൻസികൾക്കും പ്രതിഫലമായോ മറ്റ് ചെലവുകളായോ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചെയർമാൻ, മെമ്പർ എന്നീ പദവികളിൽ സംസ്ഥാന തലത്തിലോ അല്ലാതെയോ അംഗങ്ങൾ പ്രവൃത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണെന്ന് വിശദമാക്കാമോ?

**വി.ബി.ജി. റാം ജി. പദ്ധതി**

2135 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വി.ബി.ജി. റാം ജി.(വികസിത് ഭാരത് – ഗ്യാരന്റി ഫോർ റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ തൊഴിലാളികൾക്ക് ഹാജർ രേഖപ്പെടുത്തുന്ന എൻ.എം.എം.എസ്.(നാഷണൽ മൊബൈൽ മോണിറ്ററിംഗ് സർവീസ്) ആപ്പിന്റെ സാങ്കേതിക തകരാറുകളും സെർവർ പ്രശ്നങ്ങളും കാരണം പദ്ധതി തൊഴിലാളികൾക്ക് വേതനം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഹാജർ രേഖപ്പെടുത്താൻ കൂടുതൽ ലളിതമായ ബദൽ മാർഗ്ഗങ്ങളോ ഓഫ്‌ലൈൻ എക്സംപ്ഷൻ സംവിധാനമോ നടപ്പിലാക്കാൻ സർക്കാർ ആലോചനയുണ്ടോ; വിശദമാക്കാമോ;

(ബി) ലൈഫ് ഭവന പദ്ധതിയുടെ ഭാവി എന്താണെന്ന് വ്യക്തമാക്കാമോ; പുതിയ ഗുണഭോക്താക്കളെ കണ്ടെത്താൻ അപേക്ഷ സ്വീകരിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ?

**ലൈഫ് മിഷൻ ഫ്ലാറ്റുകൾ**

2136 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. സന്ദീപ് വാര്യർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ കൂടാതെ കോഴിക്കോടിലേയും ലൈഫ് മിഷൻ ഭവന സമുച്ചയത്തിന്റെ നിർമ്മാണത്തെക്കുറിച്ച് പരാതി ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്ക് കീഴിലെ നിർമ്മാണങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തുമോ; വ്യക്തമാക്കാമോ;

(ബി) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയ ഫ്ലാറ്റുകളെയും വീടുകളെയും

സംബന്ധിച്ചും നിർമ്മാണം പുരോഗമിക്കുന്നവയെ സംബന്ധിച്ചും പരാതികളുണ്ടോ; വിശദമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഗുണഭോക്താക്കൾക്ക് കൈമാറിയ ചില പ്രധാന സമുച്ചയങ്ങളിലടക്കം ചോർച്ച, ഭിത്തികളിലെ വിള്ളലുകൾ, നിലവാരമില്ലാത്ത നിർമ്മാണ സാമഗ്രികളുടെ ഉപയോഗം, പ്ലംബിങ് - വൈദ്യുതീകരണ തകരാറുകൾ എന്നിവ സംബന്ധിച്ച് വ്യാപക പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിർമ്മാണത്തിൽ അപാകത കണ്ടെത്തുന്ന പക്ഷം കരാറുകാർക്കെതിരെ കർശന നടപടിയെടുക്കാനും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടാനും നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ?

## 2016-21, 2021-26 കാലയളവുകളിലെ ഭവനപദ്ധതികൾ

2137 **ശ്രീമതി വിദ്യാ ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 എന്നീ കാലയളവുകളിൽ ഭവന പദ്ധതികൾ പ്രകാരം ഭൂമിയും വീടും നൽകിയവരുടെ വിവരങ്ങൾ ജനറൽവിഭാഗം ,എസ്.സി. വിഭാഗം എന്നിങ്ങനെ പ്രത്യേകമായി ലഭ്യമാക്കാമോ; ആകെ എത്ര തുക ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വീടിന് മാത്രം ധനസഹായം നൽകിയതിന്റെ വിവരങ്ങളും ഭൂമി ലഭിച്ചിട്ടും വീട് വെക്കാതിരുന്നവർ എത്രയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ജനറൽവിഭാഗം എസ്.സി. വിഭാഗം എന്നിങ്ങനെ പ്രത്യേകം പ്രത്യേകമായി നൽകാമോ;

(സി) ഇക്കാലയളവിൽ ഭവനരഹിതർക്കായുള്ള ഫ്ലാറ്റുകൾ അനുവദിച്ച കുടുംബങ്ങളുടെ എണ്ണം എത്രയെന്നും ഏതൊക്കെ സ്ഥലങ്ങളിലാണ് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചതെന്നും വ്യക്തമാക്കാമോ?

## കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിപണി

2138 **ശ്രീ. സി. കെ. കാസിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സംരംഭകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സ്ഥിരമായ വിപണി ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ഇപ്പോൾ

നിലവിലുണ്ടോ;

(ബി) സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിൽ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് ഒരു സംസ്ഥാനതല കുടുംബശ്രീ മാർക്കറ്റ് പ്ലേസ് വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ നടപടി

2139 **ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനോടൊപ്പം പൊതുജനങ്ങളുടെ സുരക്ഷയും മൃഗക്ഷേമവും ഉറപ്പാക്കുന്നതിനായി നിലവിലുള്ള വന്ധ്യംകരണം, വാക്സിനേഷൻ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ഏകോപിപ്പിച്ച് സ്ഥിരം സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

## ഇ-മാലിന്യ സംസ്കരണം

2140 **ശ്രീ. വിഷ്ണു മോഹൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇ-മാലിന്യത്തിന്റെ അളവ് സംബന്ധിച്ച കണക്കുകൾ കൈവശമുണ്ടോ; വിശദമാക്കുമോ;

(ബി) കേരളത്തെ സീറോ ഇ-വേസ്റ്റ് സംസ്ഥാനമാക്കി മാറ്റുന്നതിനായി പ്രത്യേക പദ്ധതികളോ സ്റ്റാർട്ടപ്പുകളോ പരിഗണനയിലുണ്ടോ; എങ്കിൽ പദ്ധതികളുടെ വിശദാംശവും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കുമോ;

(സി) അംഗീകൃത ഇ-മാലിന്യ പുനഃചംക്രമണ/സംസ്കരണ കേന്ദ്രങ്ങൾ നിലവിലുണ്ടോ; സർക്കാർ സ്ഥാപനങ്ങളിൽ ഉപയോഗശൂന്യമായ ഇ-മാലിന്യം സംഭരിക്കുന്നതിനും ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും പ്രത്യേക മാർഗനിർദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**ക്ലീൻ കേരളയും മാലിന്യ നിർമ്മാർജ്ജനവും**

2141 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാഴ്വസ്തു ശേഖരണത്തിലും നിർമ്മാർജ്ജനത്തിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് മുന്നേറ്റമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ;

(ബി) ക്ലീൻ കേരള കമ്പനി 2026 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ സംഭരിച്ച പാഴ്വസ്തുക്കളുടെ അളവ് എത്ര ടൺ ആണെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ വർഷം ഇതേ കാലയളവിൽ സംഭരിച്ച പാഴ്വസ്തുക്കളുടെ അളവ് എത്ര മെട്രിക് ടൺ ആണെന്ന് വ്യക്തമാക്കാമോ;

(ഡി) പാഴ്വസ്തുക്കളുടെ ശേഖരണത്തിൽ ഈ വർഷം വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ കഴിഞ്ഞ വർഷം ഇതേകാലയളവിൽ ശേഖരിച്ചതിനെ അപേക്ഷിച്ച് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ?

**കഴക്കൂട്ടം മണ്ഡലത്തിലെ മാലിന്യ സംസ്കരണ പദ്ധതികൾ**

2142 **ശ്രീ. വി. മുരളീധരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിൽ 2016-2026 കാലയളവിൽ നടപ്പിലാക്കിയിട്ടുള്ള മാലിന്യ സംസ്കരണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഇപ്പോഴും നടക്കുന്നുണ്ടോയെന്ന വ്യക്തമാക്കാമോ;

(സി) കഴക്കൂട്ടം മാർക്കറ്റിനുള്ളിൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണത്തിനായി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ ഇത് പ്രവർത്തനക്ഷമമല്ലെങ്കിൽ അക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത മണ്ഡലത്തിലെ നിലവിലെ മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തനസജ്ജമാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**സമ്പൂർണ്ണ ശുചിത്വ പദ്ധതി**

2143 **ശ്രീ. കല്ലട മാഹിൻ**

**ശ്രീ. ടി. പി. അഷ്റഫലി**

**ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. എം. റഹ്മത്തുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ ശുചിത്വത്തിലേക്കു നയിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ശുദ്ധീകരിച്ച മലിനജലം സുരക്ഷിതമായി ഉപയോഗിക്കുന്നതിനുള്ള നയവും പ്ലാസ്റ്റിക് റീസൈക്ലിംഗ് നയവും രൂപീകരിച്ചിട്ടുണ്ടോ;

(സി) മാലിന്യ നിർമ്മാർജ്ജനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഗ്രാമസഭകളിൽ പൊതുജനങ്ങൾക്ക് ഓൺലൈനായി പങ്കെടുക്കാൻ സംവിധാനം**

2144 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമസഭകളിൽ ഓൺലൈനായി പൊതുജനങ്ങൾക്ക് പങ്കെടുക്കാൻ കഴിയുന്ന സംവിധാനം ഒരുക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ?

**ജി.സി.ഡി.എ. സ്റ്റേഡിയത്തിന്റെ നവീകരണം**

2145 **ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. മുഹമ്മദ് ഷിയാസ്**

**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർജന്റീന ഫുട്ബാൾ ടീമിന്റെ കേരളസന്ദർശനവുമായി ബന്ധപ്പെട്ട് കൊച്ചിയിലെ ജി.സി.ഡി.എ.യുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയം

നവീകരിക്കാൻ തീരുമാനിച്ചിരുന്നോ; ആരാണ് പ്രസ്തുത തീരുമാനം എടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സ്റ്റേഡിയം നവീകരിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണെന്നും അംഗീകാരം നൽകിയത് ആരാണെന്നും വ്യക്തമാക്കാമോ; എത്ര തുകയാണ് എസ്റ്റിമേറ്റ് ആയി കണക്കാക്കിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ സ്റ്റേഡിയത്തിന്റെ അവസ്ഥ എന്താണ് ;എത്രമാത്രം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും ആയതിന് നാളിതുവരെ ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ സ്പോൺസറെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ആരാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

<u>എറണാകുളം നഗരത്തിലെ എൽ.എസ്.ജി.ഡി. റോഡുകൾ</u>

2146 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിലെ ഏതൊക്കെ എൽ.എസ്.ജി.ഡി. റോഡുകളാണ് കുഴിയടച്ച മെയിന്റനൻസ് വർക്ക് നടത്തി സഞ്ചാരയോഗ്യമാക്കുവാനുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ ഏത് പദ്ധതിയിൽ ഉൾപ്പെടുത്തി സഞ്ചാരയോഗ്യമാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്ന ടാറിന്റെ അധിക വില</u>

2147 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യത്തെത്തുടർന്ന ടാറിന്റെ വില ക്രമാതീതമായി ഉയർന്നതുമൂലം പഞ്ചായത്തുകളുടെ പശ്ചാത്തലമേഖലയ്ക്കായിട്ടുള്ള പ്രവൃത്തികൾക്ക് തടസ്സം നേരിടുന്നതും പദ്ധതി ചെലവുകളിൽ വൻ ഇടിവ് വന്നിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന ടാറിന്റെ അധിക വില അനുവദിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾക്കായി വിനിയോഗിക്കുന്ന ടാറിന്റെ അധിക വില അനുവദിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ടാറിന്റെ അധിക തുക അനുവദിച്ച് നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>**പുനലൂർ മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ**</u>

2148 **ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ, സി.എം.എൽ.ആർ.ആർ.പി. എന്നീ പദ്ധതികൾ പ്രകാരം പ്രവൃത്തിച്ചുവരുന്ന നിലവിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ;

(ബി) പി.എം.ജി.എസ്.വൈ. പ്രകാരം പുനലൂർ മണ്ഡലത്തിലുൾപ്പെട്ട അസുരമംഗലം-കൊമ്പേറ്റി മല-ഗുരുമന്ദിരം (അഞ്ചൽ ബ്ലോക്ക് ) റോഡ് ഗതാഗതയോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാനുള്ളതെന്നും നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസങ്ങൾ ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

<u>**ആലത്തൂർ ബൈപാസ് നിർമ്മാണം**</u>

2149 **ശ്രീ. ടി. എം. ശശി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി മുഖേന നടന്നുവരുന്ന ആദ്യഘട്ട ആലത്തൂർ ബൈപാസ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>**തോന്നൂർക്കര – തോട്ടേക്കോട് റോഡ് നിർമ്മാണം**</u>

2150 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സുമായി ബന്ധപ്പെട്ട പ്രവൃത്തിയായ ചേലക്കര നിയോജകമണ്ഡലത്തിലെ തോന്നൂർക്കര-തോട്ടേക്കോട് റോഡ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നല്കിയത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർമ്മാണ ചുമതലയുള്ള ഈ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>**ചേലക്കര മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി.**</u>

2151 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി. (മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി) 2025 പ്രകാരം ചേലക്കര മണ്ഡലത്തിലെ എത്ര റോഡുകൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര റോഡുകളുടെ പ്രവൃത്തി ഇതിനകം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി ഏതെല്ലാം റോഡുകളുടെ പ്രവൃത്തിയാണ് പൂർത്തീകരിക്കാനുള്ളതെന്നും അവയുടെ പേരുവിവരം ഉൾപ്പെടെ പഞ്ചായത്ത് തലത്തിൽ വ്യക്തമാക്കുമോ;

(സി) ഇനിയും പൂർത്തീകരിക്കാനുള്ള റോഡുകളുടെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>**മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**</u>

2152 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (എം.എൽ.ആർ.ആർ.പി.) പ്രകാരം മലമ്പുഴ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാൻ ബാക്കിയുള്ളത് എന്ന് അറിയിക്കാമോ; പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## വിബി ജി റാം ജി പദ്ധതി

2153 **ശ്രീ. പി. പ്രസാദ്**

**ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. കെ. കെ. വത്സരാജ്**

**ശ്രീമതി ഗീതാ ഗോപി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിബി ജി റാം ജി നിയമത്തിലെ സെക്ഷൻ ആറ് പ്രകാരം, സംസ്ഥാനത്തെ കൃഷിരീതികളും കാലാവസ്ഥാ പ്രത്യേകതകളും കണക്കിലെടുത്ത് കാർഷിക പ്രാധാന്യമുള്ള അറുപത് ദിവസം, ഓരോ ഗ്രാമപ്പഞ്ചായത്ത് അടിസ്ഥാനത്തിലും പ്രാദേശികമായി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാർഷിക സീസണിൽ തൊഴിലുറപ്പ് നിർബന്ധമായും നിർത്തിവെക്കണമെന്ന കേന്ദ്രനിയമത്തിലെ വ്യവസ്ഥ കേരളത്തിന്റെ സാഹചര്യത്തിൽ തീർത്തും അപ്രസക്തമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിബി ജി റാം ജി നിയമപ്രകാരം കേരളത്തിലെ ഓരോ പ്രദേശത്തെയും കൃഷിജോലികളുള്ള ഇടവേള നിശ്ചയിക്കുന്നതിന് പഞ്ചായത്തുതല സമിതികൾ രൂപവത്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഓരോ ഗ്രാമപ്പഞ്ചായത്തിലെയും പ്രധാന വിളകൾ, നടീൽ-വിളവെടുപ്പ് കാലങ്ങൾ, കാർഷിക കാലാവസ്ഥാ മേഖല എന്നിവ പരിഗണിച്ച് സമിതി അറുപത് ദിവസത്തെ സീസൺ നിശ്ചയിച്ചിട്ടുണ്ടോ; ഗ്രാമപ്പഞ്ചായത്തുതലത്തിലെ സീസൺ വിവരങ്ങൾ ജില്ലാ ആസൂത്രണസമിതി വഴി സംസ്ഥാന തൊഴിലുറപ്പ് മിഷന് സമർപ്പിച്ചിട്ടുണ്ടോ;വിശദമാക്കാമോ?

**കെട്ടിടനിർമ്മാണത്തിലെ ചെറിയ വ്യതിയാനങ്ങൾ ക്രമവൽക്കരിക്കാൻ നടപടി**

2154 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ എടക്കര ഗ്രാമപഞ്ചായത്തിലെ അഞ്ഞൂറോളം കെട്ടിടങ്ങൾക്ക് നിർമ്മാണ പ്രവൃത്തിയിലെ ചെറിയ വ്യതിയാനങ്ങൾ മൂലം കെട്ടിട നമ്പർ നൽകാത്തതിനാൽ പ്രസ്തുത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തുടനീളം ഇപ്രകാരമുള്ള കെട്ടിടങ്ങൾക്ക് ലൈസൻസ് ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ പഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടവും സ്ഥാപന ഉടമകൾക്കുണ്ടാകുന്ന മറ്റു ബുദ്ധിമുട്ടുകളും പരിഹരിക്കുവാൻ കെട്ടിടനിർമ്മാണത്തിലെ ചെറിയ വ്യതിയാനങ്ങൾ ക്രമവൽക്കരിക്കുന്ന പ്രക്രിയ ലളിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

**കുട്ടനാട്ടിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ നടപടി**

2155 **ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടേയും തസ്തിക ഒഴിഞ്ഞ് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് തസ്തിക ഒഴിഞ്ഞുകിടക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**മുനിസിപ്പൽ കോമൺ സർവീസിലെ ക്ലാസ്സ് ഫോർ ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷൻ**

2156 **ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമയബന്ധിതമായി ഓരോ ജില്ലകളിൽ നിന്നും ഒഴിവുകൾ കണക്കാക്കി മുൻ മുനിസിപ്പൽ കോമൺ സർവീസിലെ ക്ലാസ്സ് ഫോർ ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷൻ നടത്താറുണ്ടോ; എല്ലാ ജില്ലകളിൽ നിന്നും ഇവർക്ക് അർഹതപ്പെട്ട ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാറുണ്ടോയെന്നും അതിനാവശ്യമായ നടപടി സമയബന്ധിതമായി സ്വീകരിക്കാറുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് അപാകതകളെല്ലാം പരിഹരിച്ച് കൃത്യമായ കാലയളവിൽ പുതുക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി പ്രൊമോഷനു മാറ്റിവയ്ക്കേണ്ട ഒഴിവുകൾ ഇവർക്ക് തന്നെ ലഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഓരോ ജില്ലാ ഓഫീസുകളിലേക്കും നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**തൃക്കാക്കര നഗരസഭാ സെക്രട്ടറി നിയമനം**

2157 **ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നഗരസഭയിൽ സെക്രട്ടറി തസ്തിക നാല് മാസത്തിലേറെയായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുന്നതിനാൽ നഗരസഭയുടെ ഭരണപരമായ പ്രവർത്തനങ്ങൾക്കും പൊതുജനങ്ങളുടെ അപേക്ഷകളിലും പരാതികളിലും തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തികയിൽ സെക്രട്ടറിയെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**ഗ്രാമപഞ്ചായത്തുകളിലെ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II നിയമനം**

2158 **ശ്രീ. ബി. ബി. ഗോപകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഗ്രാമപഞ്ചായത്തുകളിൽ 2022-ൽ നിയമിച്ച 505 താൽക്കാലിക ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കരാർ കാലാവധി 30-09-2026-ന് അവസാനിച്ച സാഹചര്യത്തിൽ അവരുടെ സേവന കാലാവധി വീണ്ടും നീട്ടിനൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണെന്നും അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും പുതിയ പട്ടിക ലഭ്യമാക്കി റൊട്ടേഷൻ ക്രമത്തിൽ നിയമനം നടത്തുന്നതിനുപകരം നിലവിലുള്ള ജീവനക്കാരെ വീണ്ടും നിലനിർത്താൻ പഞ്ചായത്ത് ഭരണസമിതികൾക്ക് അധികാരം നൽകുന്ന സ.ഉ.(സാധാ)നം. 1821/2026/ത.സ്വ.ഭ.വ., തീയതി 27-09-2026 പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചതിന്റെ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കാൻ തയ്യാറാകുമോ;

(സി) ഗ്രാമപഞ്ചായത്തുകളിൽ ആവശ്യമായ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി നിയമനം</u>

2159 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ 24 വാർഡുകളും 40,256 ജനസംഖ്യയും 54.03ച.കി.മീ. വിസ്തൃതിയുമുള്ള പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നീ ഭരണനിർവ്വഹണത്തിന് അത്യാവശ്യമായ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സുപ്രധാന തസ്തികകളിൽ ആളില്ലാതെ വരുന്നത് വികസന പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതികളും സ്തംഭനാവസ്ഥയിലാക്കും എന്നതു കണക്കിലെടുത്ത് പ്രസ്തുത ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**എൽ.എസ്.ജി.ഐ. സെക്രട്ടറി തസ്തികയിലെ നിയമനങ്ങൾ**

2160 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഐ.(ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) സെക്രട്ടറി തസ്തികയിൽ ഡയറക്ട് റിക്രൂട്ട്മെന്റ് കേഡറിൽ നിലവിൽ എത്ര പേരാണ് ജോലി ചെയ്യുന്നത്; അവരുടെ പേരും, പെൻ നമ്പറും വ്യക്തമാക്കാമോ;

(ബി) പി.എസ്.സി. വഴി ബൈട്രാൻസ്ഫർ നിയമനം ലഭിച്ചവരെ ഡയറക്ട് കേഡറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; കെ.എസ്&എസ്.എസ്.ആർ റൂൾ 2(2)&(13), 24 b എന്നിവ പ്രകാരം ബൈട്രാൻസ്ഫർ നിയമനം, ഡയറക്ട് നിയമനം എന്നിവ പ്രത്യേകമായി കണക്കാക്കണം എന്ന് ചട്ടമുള്ളപ്പോൾ തദ്ദേശ വകുപ്പിലെ എൽ.എസ്.ജി.ഐ. സെക്രട്ടറി തസ്തികയിൽ ബൈട്രാസ്ഫർകാരെ ഏത് സർക്കാർ ഉത്തരവ്/റൂളുകൾ പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർക്ക് അപ്രകാരം തീരുമാനം എടുക്കാനുള്ള അധികാരമുണ്ടോ;

(സി) പഞ്ചായത്ത് വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം ലഭിച്ചവരെ എൽ.എസ്.ജി.ഐ. സെക്രട്ടറി തസ്തികയുടെ ഡയറക്ട് കേഡറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് ഉത്തരവ് പ്രകാരമാണ്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ-എഞ്ചിനീയറിംഗ് ജീവനക്കാരുടെ കുറവ് പരിഹരിക്കൽ**

2161 **ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരോഗ്യ വിഭാഗം, എഞ്ചിനീയറിംഗ് വിഭാഗം എന്നീ സുപ്രധാന മേഖലകളിലെ ജീവനക്കാരുടെ അപര്യാപ്തത ദൈനംദിന പ്രവർത്തനങ്ങളെയും വികസന പദ്ധതികളുടെ നിർവ്വഹണത്തെയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പഞ്ചായത്തുകളിലെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിച്ച് കൂടുതൽ

ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എറണാകുളം ജില്ലയിലെ കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിൽ ഓവർസിയർമാരുടെ കുറവ് മൂലം വികസന പ്രവൃത്തികൾ തടസ്സപ്പെടുന്നതും പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (എ.ഇ.ഇ.) തസ്തിക ഒഴിഞ്ഞു കിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) തദ്ദേശ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ജനപ്രതിനിധികൾ (പഞ്ചായത്ത് അംഗങ്ങൾ ഉൾപ്പെടെയുള്ളവർ) ആവശ്യപ്പെടുമ്പോൾ നിലവിലുള്ള എഞ്ചിനീയർമാരും മറ്റ് ഉദ്യോഗസ്ഥരും അതിന് തയ്യാറാകാതെ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം പ്രവണതകൾ അവസാനിപ്പിച്ച് ജനപ്രതിനിധികളുടെ ആവശ്യപ്രകാരം വികസന പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

## <u>തലശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലെ നിയമനം</u>

2162 **ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിയമനം നടത്താതെ ഒഴിഞ്ഞു കിടക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർ സീയർ (ഗ്രേഡ് I, ഗ്രേഡ് II, ഗ്രേഡ് III) തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## <u>ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക</u>

2163 **ശ്രീ. സി. കെ. ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ 2022-ൽ താൽക്കാലികമായി സൃഷ്ടിച്ച ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II(പി.എച്ച്.ഐ ഗ്രേഡ് -II) തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് ജില്ലകളിൽനിന്ന് ലഭിച്ച പ്രൊപ്പോസലുകളുടെ ജില്ല തിരിച്ചുള്ള എണ്ണം, ബന്ധപ്പെട്ട ഫയൽ നമ്പറുകൾ, പ്രൊപ്പോസലുകൾ ലഭിച്ച തീയതികൾ, അവയിലെ നിലവിലെ നടപടിക്രമം, ഇതുവരെ കൈക്കൊണ്ട തീരുമാനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രൊപ്പോസലുകൾ ലഭിക്കാത്ത ജില്ലകളുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും പ്രസ്തുത തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) 505 ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികകൾ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 14.01.2026-ലെ എൽ.എസ്.ജി.ഡി/പി.ഡി./37550/2025/ഡി.ഇ.ഇ.4 പ്രകാരം നടപടികൾ തുടരുന്നതായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നടപടികൾ ഇതുവരെ പൂർത്തിയാക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി, വിവിധ വകുപ്പു തലങ്ങളിൽ സ്വീകരിച്ച നടപടികൾ, ഇനി പൂർത്തിയാക്കേണ്ട നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന സമയപരിധി വ്യക്തമാക്കുമോ;

(സി) പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേക്കുള്ള പി.എസ്.സി. കാറ്റഗറി നമ്പർ 611/2024 റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ 505 ഗ്രാമപഞ്ചായത്തുകളിലെ പ്രസ്തുത താൽക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്തി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിയമനത്തിനായി പരിഗണിക്കുന്ന ഒഴിവുകളുടെ എണ്ണം, പി.എസ്.സി.യുമായി നടത്തിയ കത്തിടപാടുകളുടെ വിശദാംശങ്ങൾ, ഇതുവരെ സ്വീകരിച്ച നടപടികൾ, നിയമനം നടത്തുന്നതിനുള്ള സമയക്രമം എന്നിവ ലഭ്യമാക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) 2022-ൽ നിയമിതരായ 505 താൽക്കാലിക ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കരാർ കാലാവധി 30.09.2026-ന് അവസാനിച്ച

സാഹചര്യത്തിൽ, പുതിയ ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് 30.07.2026-ലെ ഇ.പി.എ2/6/2026-എൽ.എസ്.ജി.ഡി കത്തിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; അങ്ങനെയിരിക്കെ, നിലവിലുള്ള താൽക്കാലിക ജീവനക്കാരെ വീണ്ടും നിലനിർത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി 27.09.2026-ലെ സ.ഉ.(സാധാ) നം.1821/2026 പുറപ്പെടുവിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സേവനകാലാവധി ദീർഘിപ്പിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം എത്രയാണ്; പ്രസ്തുത ഉത്തരവ് പുനഃപരിശോധിച്ച് സ്ഥിരം നിയമന നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പകർച്ചവ്യാധി പ്രതിരോധം, രോഗനിരീക്ഷണം, ശുചിത്വ പരിശോധന, പൊതുജനാരോഗ്യ സംരക്ഷണം തുടങ്ങിയ നിരന്തര സ്വഭാവമുള്ള പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ ആവശ്യമായ പി.എച്ച്.ഐ ഗ്രേഡ് -II തസ്തികകൾ ദീർഘകാലമായി താൽക്കാലികമായി നിലനിർത്തുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തികകൾ സ്ഥിരപ്പെടുത്തി പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനും ഭാവിയിൽ ഇത്തരം തസ്തികകളിൽ ആവർത്തിച്ചുള്ള താൽക്കാലിക നിയമനങ്ങൾ ഒഴിവാക്കുന്നതിനും സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും നടപ്പാക്കൽ സമയക്രമവും ലഭ്യമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

**<u>പേരാമ്പ്ര മണ്ഡലത്തിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ ജീവനക്കാരുടെ കുറവ്</u>**

2164 **ശ്രീമതി ഫാത്തിമ തഹിലിയ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും ആവശ്യത്തിന് ജീവനക്കാരില്ലാത്തത് പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിന് തടസ്സമാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്രയെന്നും,

അതിൽ സ്ഥിരം, താൽക്കാലികം, ഒഴിഞ്ഞുകിടക്കുന്നത് എന്ന ക്രമത്തിൽ തസ്തിക തിരിച്ച് വിശദമാക്കാമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ**

2165 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ആകെ എത്ര കെട്ടിടങ്ങൾ/റൂമുകളാണുള്ളത് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇവയിൽ വാടകയ്ക്ക് നൽകിയിട്ടുള്ളവയും ഒഴിഞ്ഞുകിടക്കുന്നവയും എത്രയാണെന്ന് അറിയിക്കാമോ;

(സി) തദ്ദേശ സ്ഥാപനങ്ങളുടെ കെട്ടിട വാടക കുടിശ്ശികയായി വലിയൊരു തുക പിരിഞ്ഞു കിട്ടാനുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലെ ആകെ കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) വാടക കൃത്യമായി ഈടാക്കുന്നതിനും വാടക വാർഷികമായി പരിഷ്കരിക്കുന്നതിനും (എൻഹാൻസ്മെന്റ് ഓഫ് റെന്റ്)എന്തൊക്കെ മാനദണ്ഡങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതിനായി ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) തദ്ദേശ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തവർ മറ്റു വ്യക്തികൾക്ക് മേൽവാടകയ്ക്ക് (സബ് ലീസ്)നൽകുകയോ, ഉയർന്ന തുകയ്ക്ക് കച്ചവടം മറിച്ച് വിൽക്കുകയോ ചെയ്ത് വൻ സാമ്പത്തിക ലാഭം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നിലവിലുള്ള നിയമവ്യവസ്ഥകൾ എന്തൊക്കെയാണ്;

(എഫ്) ഇത്തരത്തിലുള്ള അനധികൃത കൈമാറ്റങ്ങളും മേൽവാടക ഈടാക്കലുകളും കണ്ടെത്തുന്നതിനായി തദ്ദേശ സ്ഥാപനങ്ങളിൽ എന്തെങ്കിലും സ്പെഷ്യൽ ഓഡിറ്റോ പരിശോധനയോ നടത്തുന്നുണ്ടോ; കുറ്റക്കാർക്കെതിരെ (കെട്ടിടം കൈമാറിയ യഥാർത്ഥ വാടകക്കാരനെതിരെ) ലൈസൻസ് റദ്ദാക്കൽ, കെട്ടിടം കണ്ടുകെട്ടൽ തുടങ്ങിയ കർശന നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ ഇത്തരത്തിൽ എത്ര കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള

കണക്ക് ലഭ്യമാക്കാമോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**റൂറൽ എക്കണോമിക്സ് ലക്ച്ചറർ തസ്തികകളിലെ അനോമലി പരിഹരിക്കാൻ നടപടി**

2166 **ശ്രീ. രാജൻ. ജെ. പല്ലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള റൂറൽ എക്കണോമിക്സ് ലക്ച്ചറർ തസ്തികക്കും ലക്ച്ചറർ ഗ്രേഡ്- II റൂറൽ എക്കണോമിക്സ് തസ്തികക്കും വ്യത്യസ്ത ശമ്പള സ്കെയിലാണ് നിലവിലുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമാന യോഗ്യതയും ജോലിസ്വഭാവവുമുള്ള ഈ തസ്തികകളിലെ, വ്യത്യസ്ത ശമ്പള സ്കെയിൽ എന്ന അനോമലി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ലക്ച്ചറർ ഗ്രേഡ് II ജീവനക്കാർക്ക് എന്തെല്ലാം പ്രൊമോഷൻ സാധ്യതകളാണ് ഉള്ളതെന്നറിയിക്കുമോ; ഗ്രേഡ് - II ലക്ച്ചറർമാർക്ക് ഗ്രേഡ് -I പ്രൊമോഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

**വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ച്ചറർ ഗ്രേഡ് –II ജീവനക്കാരുടെ പ്രൊമോഷൻ**

2167 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൻകീഴിലെ വികസന പരിശീലന കേന്ദ്രങ്ങളിലെ ബിരുദാനന്തര ബിരുദം യോഗ്യതയുള്ള ലക്ച്ചറർ ഗ്രേഡ്- II തസ്തികകൾ സ്റ്റേറ്റ് സർവീസിൽ ഉൾപ്പെട്ടിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുൻകാല പ്രാബല്യത്തോടെ പ്രസ്തുത തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് സ്റ്റേറ്റ് സർവീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് ഗ്രേഡ് -I പ്രൊമോഷൻ അനുവദിച്ചിട്ടുണ്ടോ;

(സി) വിശേഷാൽ ചട്ടപ്രകാരം ലക്ചറർ ഗ്രേഡ്-II തസ്തികയിൽ 5 വർഷം പൂർത്തിയാക്കിയവർക്ക്, ആ തീയതി മുതൽ ഗ്രേഡ്-I പ്രൊമോഷൻ

അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

## കൊട്ടാരക്കരയിലെ കില ക്യാമ്പസ്

2168 **ശ്രീ. കെ. എൻ. ബാലഗോപാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര കില ക്യാമ്പസിൽ റവന്യൂ രേഖകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് എത്ര വിസ്തൃതിയിൽ ഭൂമി ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയുടെ സർവ്വേ നമ്പർ ഉൾപ്പടെയുള്ള വിശദാംശം നൽകുമോ;

(സി) കില ക്യാമ്പസിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം സർവേ നമ്പരുകളിലാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

## ലൈഫ് മിഷൻ പദ്ധതി

2169 **ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ പ്രഖ്യാപിച്ച ഫ്ലാറ്റ് സമുച്ചയങ്ങളെകുറിച്ച് ഉയർന്നുവരുന്ന വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറിയവ സംബന്ധിച്ചും നിർമ്മാണം പുരോഗമിക്കുന്നവയെ സംബന്ധിച്ചും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) എങ്കിൽ പ്രസ്തുത വിഷയത്തിൽ ഒരു സമഗ്ര അന്വേഷണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

## ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ തസ്തിക

2170 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പ് സംയോജനത്തിന് ശേഷം ഡിസ്ട്രിക്ട് എംപവർമെന്റ് ഓഫീസർ തസ്തികയിലേക്കുള്ള ഒഴിവിൽ മുൻ ഗ്രാമ വികസന വകുപ്പിലെ ജീവനക്കാർക്ക് പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനം

നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ എത്ര പേർക്ക് അങ്ങനെ പ്രൊമോഷൻ/ബൈട്രാൻസ്ഫർ നൽകിയിട്ടുണ്ട്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ പദ്ധതികൾ

2171 **ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ.(പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും, പൂർത്തീകരിച്ചതുമായ റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ള റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി

2172 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; അവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം, പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ബി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അവ പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 18, ഞായർ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം

വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].